# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ഫെബ്രുവരി - 2019 ലക്കം 02**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം

സർക്കുലർ ........................................................ 05
സർക്കുലർ ........................................................ 08
സർക്കുലർ ........................................................ 13
സർക്കുലർ ........................................................ 16
ഇരുപത്തിയേഴാം ആഗോള രോഗീദിനം ..................... 22
രൂപതാകച്ചേരി വാർത്തകൾ ........................................ 27
വൈദിക സമ്മേളനം - റിപ്പോർട്ട് ................................ 29
വൈദികരുടെ മാസധ്യാനം ........................................ 33
മതബോധനരംഗം ........................................................ 34
ചെറുപുഷ്പമിഷൻലീഗ് ................................................ 37
*Department of Youth Ministry* ................................ 45
കെ.സി.വൈ.എം. ........................................................ 53
കുടുംബപ്രേഷിതത്വം .................................................. 60
സീയോൻ വാർത്തകൾ ................................................ 65
ജീസസ്‌യൂത്ത് ........................................................ 67
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 71
സാമൂഹ്യ സേവനരംഗം (WSSS) .................................... 74
ബയോവിൻ അഗ്രോ റിസർച്ച് .................................... 79
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ 85
റേഡിയോ മാറ്റൊലി .................................................. 86
*Mary Matha Arts & Science College* ........................ 92
*CEADOM* വിദ്യാഭ്യാസമേഖല ........................................ 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 96
ബിഷപ്സ് പ്രോഗ്രാം .................................................. 97

# സർക്കുലർ

***Circular Letter No. 01/2019***
***Prot. No. 21522/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

കൂട്ടായ്മയുടെ ആനന്ദത്തിലും സജീവതയിലും നിലനിൽക്കുകയും വളരുകയും ചെയ്യുന്ന ലോകത്തിലെ ഏക സമൂഹമാണ് തിരുസഭ. ഭിന്നിപ്പിക്കാനും തളർത്താനുമുള്ള സംഘടിത പരിശ്രമങ്ങൾക്ക് ബഹുമുഖരൂപം കൈവരുകയും പിന്തുണയേറുകയും ചെയ്യുമ്പോഴും തിരുസഭ കൂടുതൽ ശക്തമാവുകയാണ്. മതമർദ്ദനങ്ങളുടേയും, പാഷണ്ഡതകളുടേയും ഭൂതകാല ചരിത്രത്തെ പ്രാർത്ഥനയുടേയും, പരിത്യാഗത്തിന്റേയും, പ്രാശ്ചിത്തത്തിന്റേയും ആത്മീയതകൊണ്ട് അടയാളപ്പെടുത്താനും നമുക്കായിട്ടുണ്ട്. പരിശുദ്ധ ത്രിത്വത്തിന്റെ പാവനമായ ഐക്യത്തിന്റെ നിറവിൽ വേരുറപ്പിച്ച നമ്മുടെ സഭ സ്വന്തമാക്കിയിട്ടുള്ള ഏറ്റവുംവലിയ നന്മ അതിന്റെ ആഭ്യന്തര ഐക്യമാണ്. അത് നഷ്ടപ്പെടുമ്പോൾ ഭവനത്തിന്റെ വീഴ്ച ആരംഭിക്കും.

പ്രേഷിത ജീവിതത്തെക്കുറിച്ചുള്ള സദ്വിചാരംകൊണ്ടും, ആത്മീയാനുഷ്ഠാനങ്ങൾക്കൊണ്ടും, സംഘടനാ പ്രവർത്തനങ്ങൾകൊണ്ടുമെല്ലാം ഈ ആഭ്യന്തര ഐക്യത്തിന് കൂടുതൽ കരുത്തേകാനാണ് നമ്മുടെ പരിശ്രമം. സ്നേഹത്തിലൂന്നിയതും വിശ്വാസത്തിൽ ദൃഢമായതുമായ, ഈ വിചാരം കൂടിച്ചേരലുകളിലേയ്ക്കും ആത്മീയ നന്മയുടെ പങ്കുവയ്ക്കലിലേയ്ക്കും നമ്മെ നയിക്കുകയും ചെയ്യും. ഇത്തരമൊരു കൂടിച്ചേരലിനെകുറിച്ചാണ് ഇത്തവണ എനിക്കു നിങ്ങളോട് പറയാനുള്ളത്.

2019 ഫെബ്രുവരി 17 ഞായറാഴ്ച മുള്ളൻകൊല്ലി ഫൊറോനയിലെ പുൽപ്പള്ളി തിരുഹൃദയപള്ളി കേന്ദ്രീകരിച്ച് പ്രേഷിതപ്രഭ എന്ന പേരിൽ പ്രേഷിതസംഗമവും, സ്നേഹസന്ദേശ റാലിയും സംഘടിപ്പിക്കുകയാണ്. അന്നേ ദിവസം ഉച്ചതിരിഞ്ഞ് 2.30 ന് പുൽപ്പള്ളി സെന്റ്

മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നാണ് (പഴശ്ശിരാജാ കോളേജിന് എതിർവശം) സന്ദേശറാലി ആരംഭിക്കുന്നത്. റാലി ടൗൺപള്ളി പരിസരത്ത് സമാപിക്കും. തുടർന്ന് ഒരു പൊതുസമ്മേളനവും ഉണ്ടാകും. നമ്മുടെ രൂപതയിലെ മിഷൻലീഗ് സംഘടനയാണ് പ്രേഷിതപ്രഭയുടെ മുഖ്യസംഘാടകരെങ്കിലും നമ്മുടെ രൂപതയിലെ എല്ലാ ദൈവജനത്തേയും ഉൾപ്പെടുത്തിയാണ് ഈ സംഗമം വിഭാവനം ചെയ്യുന്നത്. ഹൃദയത്തിൽ വെളിച്ചമുള്ളവരുടെ സംഗമം എന്നതാണ് പ്രേഷിതപ്രഭയുടെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. ജ്ഞാനസ്നാനം സ്വീകരിച്ചവരെ ആദിമസഭയിൽ വിളിച്ചിരുന്നത് വെളിച്ചം ലഭിച്ചിരുന്നവർ എന്നായിരുന്നു. ക്രിസ്തുവിന്റെ വെളിച്ചമുള്ളവർക്ക് പ്രായഭേദമോ, സ്ഥാനഭേദമോ, സംഘടനാഭേദമോ ഇല്ലല്ലോ? മിഷൻലീഗ് പ്രവർത്തകരോടൊപ്പം മാതൃവേദി, കെ.സി.വൈ.എം, വിൻസെന്റ് ഡി പോൾ സൊസൈറ്റി, പിതൃവേദി, കത്തോലിക്കാ കോൺഗ്രസ്സ് എന്നിങ്ങനെയുള്ള അത്മായസംഘടനാ പ്രവർത്തകരും മതാദ്ധ്യാപകരും, കൈക്കാരന്മാരും, പാരീഷ്കൗൺസിൽ അംഗങ്ങളും, കുടുംബകൂട്ടായ്മ പ്രതിനിധികളുമെല്ലാം ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. സംഗമത്തോടനുബന്ധിച്ചുള്ള റാലി നമ്മുടെ ശക്തിപ്രകടനമല്ല. ആരേയും വെല്ലുവിളിക്കാനോ, പ്രകോപിപ്പിക്കാനോ ഉള്ളതല്ല, മറിച്ച് ഞാൻ നേരത്തേ സൂചിപ്പിച്ച ആഭ്യന്തര ഐക്യം തിരിച്ചറിയാനും നമ്മുടെ പ്രേഷിതാഭിമുഖ്യം പരസ്പരം പങ്കുവെച്ച് ഐക്യം പ്രകടിപ്പിക്കാനുമുള്ള അവസരമാണിത്.

പൊതുജനങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കാത്തവിധം പരമാവധി ശ്രദ്ധകൊടുത്ത് നാം അത് സംഘടിപ്പിക്കണം. ബൃഹത്തായ ഇത്തരം സംഗമവും, സ്നേഹസന്ദേശ റാലിയും സംഘടിപ്പിച്ചിട്ട് പത്തുവർഷത്തിനടുത്ത് കാലമാകാൻ പോകുന്നു. ഭിന്നതകളുടെ സന്ദേശം പ്രചരിപ്പിക്കുന്ന ലോകത്തിന് സ്നേഹംകൊണ്ടും, കൂട്ടായ്മകൊണ്ടും നാം നൽകുന്ന മറുപടിയാണ് പ്രേഷിതപ്രഭ. നമ്മുടെ ഇടവകയിലെ ഓരോ കുടുംബകൂട്ടായ്മകളിൽ നിന്നും, സംഘടനാ വേദികളിൽ നിന്നുമുള്ള പരമാവധി അംഗങ്ങളെ സംഗമത്തിൽ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും, ഇടവകയിലെ അത്മായ നേതൃത്വവും, സിസ്റ്റേഴ്സും, മതാദ്ധ്യാപകരും സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രേഷിത പ്രഭയുടെ വിജയത്തിനായി ഫെബ്രുവരി 9 രണ്ടാം

ശനിയാഴ്ച പ്രാർത്ഥനാ ദിനമായി ആചരിക്കുന്നുണ്ട്. അന്നേ ദിവസം നമ്മുടെ കൂട്ടായ്മകൾ പ്രാർത്ഥനയിൽ ഒന്നുചേരട്ടെ. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ജനുവരി 20 ന് നൽകപ്പെട്ടത്.



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 10-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാവർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യ ദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവംതന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗ്ഗമാണ് മാതാപിതാക്കൾ(287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരു

ക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിതമാതൃക കുട്ടികളുടെ സമഗ്രനന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം" (സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ

സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ കുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിത സമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസ രൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും

കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ-പൗരോഹിത്യ ങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാ സ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാല സഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരു ബാലസഖ്യത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സു വരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നു നില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാല സഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചു കൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട്

പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയകുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2019 ഫെബ്രുവരി മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 02/2019***
***Prot. No. 21521/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

2018 നമ്മോട് വിടപറഞ്ഞ് 2019 ലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പുതുവർഷം നന്മ നിറഞ്ഞതും ദൈവാനുഗ്രഹപ്രദവുമാകട്ടെയെന്ന് ആശംസിക്കുന്നു. 2018 നമ്മെ സംബന്ധിച്ചിടത്തോളം പ്രതീക്ഷിക്കാത്തതും നിനച്ചിരിക്കാത്തതുമായത് സംഭവിച്ച വർഷമായിരുന്നു.

പ്രകൃതി പതിവിലും വിപരീതമായി നമ്മോട് പ്രതികരിച്ചു. നമ്മുടെ നാട്ടിൽ നൂറ്റാണ്ടിൽ കാണാത്ത പ്രളയം സംഭവിച്ചു. എന്നിരുന്നാലും നമ്മുടെ കൂട്ടായ്മയും ഒത്തൊരുമയും സഹകരണവും ഈ വിപത്തിൽ നിന്നും കരകയറാൻ നമ്മെ സഹായിച്ചു. നമ്മെ സഹായിച്ചവരെയും നമുക്ക് വേണ്ടി പ്രവർത്തിച്ചവരെയും പ്രാർത്ഥിച്ചവരെയും നമുക്ക് നന്ദിയോടെ ഓർക്കാം. അതിലുപരി നല്ലവനായ ദൈവത്തിന് നന്ദിപറയാം.

പുതുവർഷം നല്ല തീരുമാനങ്ങളും കൂട്ടായ പ്രവർത്തനങ്ങളും ഉണ്ടാകേണ്ട വർഷമാണല്ലോ. 2023 മെയ് 1 നമ്മുടെ രൂപത സ്ഥാപിതമായിട്ട് 50 വർഷം തികയുകയാണ്. 50-ാം വർഷം നാം ആഘോഷിക്കുമ്പോൾ അത് കേവലം ഒരു ആഘോഷമായി മാറാതെ, നമ്മുടെ രൂപതയിലെ എല്ലാവർക്കും വീട്, എല്ലാവർക്കും ആരോഗ്യസുരക്ഷ, എല്ലാവർക്കും തൊഴിൽ എന്നതാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ആരംഭിച്ച പദ്ധതിയാണല്ലോ ജീവസ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി.

കഴിഞ്ഞ വർഷം 1581 കുടുംബങ്ങളാണ് ഈ പദ്ധതിയിൽ ചേർന്നത്. 2018 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് 282 കുടുംബങ്ങളാണ് ഇൻഷൂറൻസ് ക്ലയിമിന് വേണ്ടി അപേക്ഷിച്ചത്. അതിൽ 210 ക്ലയിമുകൾ പാസാകുകയും 17,98,667 രൂപ അതത് വ്യക്തികൾക്ക് ലഭിക്കുകയും ചെയ്തു. ബാക്കി 63 എണ്ണം പ്രൊസ്സസിംങ് നടന്നുകൊണ്ടിരിക്കുന്നു.

ഈ കുടുംബ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് Star Health Insurance കമ്പനിയുമായി സഹകരിച്ച് രൂപതയുടെ സാമൂഹ്യസേവന

വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെയാണ്. ഈ വർഷം ഈ പദ്ധതി തുടർന്ന് കൊണ്ടുപോകാൻ 4000 കുടുംബങ്ങളെങ്കിലും ഈ പദ്ധതിയിൽ ചേരേണ്ടതുണ്ട്. അതിനായി നമ്മുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. 3000 രൂപയ്ക്ക് ആറു പേരടങ്ങുന്ന കുടുംബത്തിന് 1 ലക്ഷം രൂപ വരെ ചികിത്സാ ഫണ്ട് നൽകുന്നതാണ്. ഈ പദ്ധതിയിൽ 5 മാസം മുതൽ 70 വയസ്സുവരെ പ്രായം ഉള്ളവർക്ക് അംഗത്വം ലഭിക്കും. എല്ലാ കുടുംബങ്ങൾക്കും ഇൻഷൂറൻസ് പരിരക്ഷയാണ് ഇതിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. കാരണം രോഗം, മരണം തുടങ്ങിയ അപ്രതീക്ഷിത സാഹചര്യങ്ങൾ കുടുംബങ്ങളെ പലപ്പോഴും ദാരിദ്ര്യത്തിലേക്ക് തള്ളിവിടാറുണ്ട്. ഇന്ന് വിദഗ്ദ ചികിത്സ സാധാരണ ആളുകൾക്ക് അപ്രാപ്യമായി കൊണ്ടിരിക്കുകയാണ്. ഒരു ചെറിയ അസുഖത്തിന് പോലും ചികിത്സിക്കാൻ ആശുപത്രികളിൽ എത്തുമ്പോൾ ഭീമമായ തുക വേണ്ടിവരുന്നു. മനുഷ്യജീവിതത്തിലേക്ക് യാതൊരു മുന്നറിയിപ്പും ഇല്ലാതെ കള്ളനെപ്പോലെ കടന്ന് വരുന്ന ഒരു യാഥാർത്ഥ്യമാണല്ലോ രോഗം. അങ്ങനെയുള്ള അരക്ഷിതമായ ഒരു സാഹചര്യം ഉള്ളപ്പോൾ  ജീവസ് ആരോഗ്യ സുരക്ഷാപദ്ധതി വളരെയേറെ സഹായകരമാകും.

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള KLM ഉം സംയുക്തമായാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. 2019 മാർച്ച് 31 ന് മുൻപായി നമ്മൾ ഈ പദ്ധതിയിൽ കുടുംബങ്ങളെ ചേർക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം പദ്ധതിയിൽ ചേർന്നവർ പുതുക്കുകയും വേണം. കൂടുതൽ വിവരങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് ലഭ്യമാണ്.

നമ്മുടെ ഇടവകകളിൽ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത എല്ലാ കുടുംബങ്ങളിലേക്കും ഈ പദ്ധതി എത്തിച്ചേരണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സന്യസ്തരും സംഘടനാ ഭാരവാഹികളും കുടുംബകൂട്ടായ്മ പ്രതിനിധികളും ഇതിന് നേതൃത്വം നൽകേണ്ടതാണ്. കുടുംബകൂട്ടായ്മയിലെ ജീവകാരുണ്യ ഉപസമിതി ഇതിന് കൂടുതൽ താത്പര്യം കാണിക്കണം. സാമ്പത്തിക പ്രയാസമുള്ളവരെ വ്യക്തികളോ കുടുംബങ്ങളോ സന്യാസസമൂഹങ്ങളോ സഹായിക്കണം.

ഈ അവസരത്തിൽ കഴിഞ്ഞ വർഷം ഈ പദ്ധതിയുടെ വിജയത്തിനായി സഹകരിച്ച സ്നേഹമുള്ള വികാരിയച്ചൻമാരെയും സന്യസ്തരെയും സംഘടനാ ഭാരവാഹികളെയും മറ്റെല്ലാവരെയും നന്ദിയോടെ

ഓർക്കുന്നു. രൂപതയിലെ എല്ലാ വൈദികരുടെയും സന്യസ്തരുടെയും സംഘടനാ ഭാരവാഹികളുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും അനുഗ്രഹപ്രദമായ ഒരു വർഷം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ജനുവരി 20 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 17-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

Ref: 3169/K-5/KCBC/OL/DS

## മദ്യവിരുദ്ധ ഞായർ

**2019 മാർച്ച് 10**

### മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നൽകുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാസഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗ പ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റി വച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണ്ണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാസഭ ലക്ഷ്യം വയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തി

ന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരിവിരുദ്ധ സമൂഹരൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തിക തകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ

സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവ ചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരിക മായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയി ക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവ യാൽ നിങ്ങളുടെ മനസ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പോലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമാ യെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്ത നാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തി നെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവ തലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യ ബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരള സമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്ക പ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പി ലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിത ത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു.

മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യനിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരി പദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ

പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരള സമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ്-റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളംപോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ
**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ
**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2019 മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

**ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം**

Ref: 3171/K-5/KCBC/OL/DS

# ഇരുപത്തിയേഴാം ആഗോള രോഗീദിനം – 2019

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

***"ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ"***
***(മത്താ 10:8)***

പ്രിയ സഹോദരീ സഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ – തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ – നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹക

രണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാര വിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടികൾ" എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവിടന്ന് നമ്മെ സഹാ

യിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധ രുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ -ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏക മാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാ

ലമാകുംവിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖല ഇതാണ് – രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ – വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും – ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാതലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണകേന്ദ്ര ങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരി ഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമാ യുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധി യാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാ രതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പര സ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോ ദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായി ക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018

പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാൾദിനം

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലി കളിലും നമുക്കോർക്കാം.

**തിരുബാലസഖ്യം ഫെബ്രുവരി 10**

ഫെബ്രുവരി 10 ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രകാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾ ക്കായി അയച്ചുകൊടുക്കുവാൻ എത്രയുംവേഗം രൂപതാകേന്ദ്രത്തിലെ ത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവവൈദികർക്കായുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2019 ഫെബ്രുവരി 25 തിങ്കളാഴ്ച വൈകുന്നേരം 7 മണി മുതൽ 28 വ്യാഴാഴ്ച 1 മണി വരെ യായിരിക്കും. പങ്കെടുക്കേണ്ട ബഹു. വൈദികരുടെ പേരുകൾ 2019 ജനുവരി മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. കോഴ്സിൽ പങ്കെ ടുക്കുന്നതിൽ നിന്നും ആർക്കും ഒഴിവ് കഴിവ് അനുവദിക്കുന്നതല്ല. അതി നാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലെയോ, സ്ഥാപനങ്ങ ളിലെയോ, സംഘടനകളിലെയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

**അഭിനന്ദനങ്ങൾ**

യൂറോപ്പിലെ സീറോമലബാർ വിശ്വാസികളുടെ ഇടയിൽ അജപാലന ശുശ്രൂഷ ചെയ്യാൻ അയർലണ്ടിലേക്ക് പോയിരിക്കുന്ന ബഹു. റോയി വട്ടക്കാട്ട് അച്ചന് പുതിയ ശുശ്രൂഷാ മേഖലയിൽ രൂപത മുഴുവന്റെയും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

**Address and Phone Number**

Rev. Fr. Roy Vattakkattu, 19 St. Antony's Road
Rialto, Dublin 8, Eircode: D08 E8P3, Ireland
Mobile: 00 353 (89) 459 0705

**അഭിനന്ദനങ്ങൾ**

കർമ്മലീത്താ സന്യാസിനീ സഭയുടെ മാനന്തവാടി സേക്രട്ട് ഹാർട്ട് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ.സി. ജാസ്മിൻ സി.എം.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, ഫ്രാൻസിസ്കൻ ക്ലാരസഭയുടെ സെന്റ് മേരീസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ.സി. ജ്യോതി മരിയ എഫ്.സി.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, തിരുഹൃദയസഭയുടെ മാനന്തവാടി നിർമ്മലാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ.സി. ഗ്രേസി മാത്യു എസ്.എച്ച്.നും പ്രൊവിൻഷ്യൽ ടീമിനും, ദിവ്യകാരുണ്യ ആരാധനാസഭയുടെ മാനന്തവാടി മേരിമാതാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട റവ.സി. ആൻമേരി എസ്.എ.ബി.എസ്. നും പ്രൊവിൻഷ്യൽ ടീമിനും മാനന്തവാടി രൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം (Priests' Conference) 2018 ഡിസംബർ 12 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ബഹു. വർഗ്ഗീസ് തട്ടുപറമ്പിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. അബ്രാഹം നെല്ലിക്കൽ അച്ചൻ എല്ലാ വർക്കും സ്വാഗതം ആശംസിച്ചു. യേശു സാന്നിധ്യത്തിൽ നമ്മുടെ ജീവി തങ്ങളെ മുന്നോട്ടുകൊണ്ടുപോകണമെന്നും യേശു സാന്നിധ്യത്തിൽ എല്ലാം ദൈവീകമായിത്തീരുമെന്നും ഉദ്ബോധിപ്പിച്ചുകൊണ്ട് അദ്ദേഹം യോഗത്തിന്റെ അജണ്ട വിശദീകരിച്ചു.

തുടർന്നുള്ള മീറ്റിംഗിൽ രൂപതയുടെ പൊതുവായ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് രൂപതാ പ്രൊക്യുറേറ്റർ റവ. ഫാ. ജോൺ കോക്കണ്ടത്തിൽ വിശദീകരിച്ചു. രൂപതയുടെ സാമ്പത്തീക സ്രോത സുകളായ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും എസ്റ്റേറ്റുകളിൽ നിന്നും ലഭിക്കുന്ന വരുമാനത്തെക്കുറിച്ചും മറ്റ് അഭ്യൂദയകാംഷികളിൽ നിന്നും ലഭിക്കുന്ന സഹായങ്ങളെക്കുറിച്ചും അച്ചൻ വിശദീകരിച്ചു. വൈദിക പരിശീലനത്തിനും വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ ദൈനംദി ന ആവശ്യങ്ങൾക്കും വേണ്ട തുകയുടെ വരവു-ചെലവു കണക്കുകളും രൂപതയുടെ വിവിധ സ്ഥാപനങ്ങളുടെ നിർമ്മാണത്തിലേക്കായി ബാ ങ്കിൽ നിന്നും എടുത്ത വായ്പകളും അച്ചൻ അവതരിപ്പിച്ചു. തുടർന്ന് പ്രളയ ദുരിതാശ്വാസത്തിനായി രൂപത രൂപീകരിച്ചിരിക്കുന്ന കർമ്മ പദ്ധതി യെക്കുറിച്ച് വിശദീകരണവും ഇതുവരെ രൂപത വഴിയും വിവിധ സ്ഥാപ നങ്ങളും ഇടവകകളും വഴിയും ചെയ്ത പുനരുദ്ധാരണ പ്രവർത്തന ങ്ങളെക്കുറിച്ച് ചർച്ച നടന്നു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്കായി മറ്റ് രൂപതകളും സ്ഥാപനങ്ങളും രൂപതാവൈദികരും സന്ന്യസ്ത സഭകളും മറ്റ് വ്യക്തികളും നൽകിയ സഹായങ്ങളെക്കുറിച്ച് ബഹു. പ്രൊക്യുറേറ്ററച്ചൻ വിശദീകരിച്ചു. പ്രളയത്തിൽ വീടുകൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്ക് സഹായമെത്തിക്കുവാൻ ഇടവകകൾ തോറും സർവ്വേ നടത്തുകയും അർഹരായവരെ കണ്ടെത്തുകയും ചെയ്തു. അതിലേക്കായി പണത്തിന്റെ ലഭ്യതയനുസരിച്ചും നഷ്ടത്തി ന്റെ തീവ്രതയനുസരിച്ചും സഹായം നൽകുന്നതാണെന്ന് അച്ചൻ യോഗ ത്തെ അറിയിച്ചു.

കൽപ്പറ്റയിലെ ഡി പോൾ പബ്ലിക് സ്കൂൾ നേരിടുന്ന സ്ഥല പരിമിതിക്ക് പരിഹാരം കാണുന്നതിനായി കൽപ്പറ്റ അടുത്തുള്ള 3.80 ഏക്കർ സ്ഥലം വില കൊടുത്ത് വാങ്ങുന്നതിനെക്കുറിച്ച് പ്രൊക്യൂറേറ്ററച്ചൻ യോഗത്തിന്റെ അഭിപ്രായം ആരാഞ്ഞു. പുതിയ കെട്ടിടം പണിയുന്നതിനും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ഥലപരിമിതി തടസ്സമായി നിൽക്കുകയാണ്. അതിനാൽ സാഹചര്യം പഠിച്ച് വിലയിരുത്തിയതിനുശേഷം പുതിയ സ്ഥലം വാങ്ങുന്നത് നല്ല ആശയമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

രൂപതയിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന പുതിയ Online Accounting സംവിധാനത്തെക്കുറിച്ച് ബഹു. പ്രൊക്യുറേറ്ററച്ചൻ വിശദീകരിക്കുകയും തുടർന്ന് അഭിവന്ദ്യ പിതാവ് അതിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുകയും ചെയ്തു. അടുത്ത സാമ്പത്തിക വർഷം മുതൽ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സംവിധാനത്തിലൂടെ കണക്കുകൾ ചെയ്യണമെന്ന് പിതാവ് യോഗത്തെ ഓർമ്മിപ്പിച്ചു. താഴെയങ്ങാടിയിലുള്ള സ്ഥലം Data Bank ൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിന്റെ കാര്യങ്ങൾ പുരോഗമിക്കുകയാണെന്നും വിശദീകരിച്ചു. കൽപറ്റയിലെ De Paul Arcade ന്റെ കേസും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും യോഗം ചർച്ചചെയ്തു.

രൂപതയിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഫൊറോന തലത്തിലുള്ള ഒരു Monitoring Committee രൂപികരിക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു. എന്നാൽ രൂപതാതലത്തിൽ Finance Council, Building Committee എന്നിവയെ ഉൾപ്പെടുത്തിയുള്ള രൂപതാതല സംവിധാനമാണ് ആവശ്യമെന്ന് യോഗത്തിലെ ഭൂരിപക്ഷം അംഗങ്ങളും അഭിപ്രായപ്പെട്ടു. ഈ വിധത്തിലുള്ള സംവിധാനത്തിൽ വേതനവ്യവസ്ഥയിലുള്ള സ്ഥിരം ഒരു ഓഡിറ്ററേയും പരിചയ സമ്പന്നനായ എഞ്ചിനീയറേയും ഉൾപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. രൂപതയിലെ എല്ലാ ഇടവകകളുടെയും ഉടമസ്ഥതയിലുള്ള ഭൂമിയുടെ രേഖകൾ കാലാകാലങ്ങളിൽ പരിശോധിച്ച് കൃത്യതവരുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

രൂപതാ-ഇടവക ഭരണസംവിധാനത്തിൽ പ്രശ്നപരിഹാരങ്ങൾക്കായി എവിടെയാണ് ആദ്യമായി പരാതികളും അപേക്ഷകളും സമർപ്പിക്കേണ്ടത് എന്നതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. അപേക്ഷകൾ പ്രാരംഭമായി നൽകേണ്ടതും അവസാനിക്കേണ്ടതും എവിടെയാണെന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടതുണ്ട്. പൊതുവായ സംവിധാനം എല്ലാവരും പാലിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

കുടുംബക്കൂട്ടായ്മയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വിലയിരുത്തൽ ബഹു. പോൾ വാഴപ്പള്ളി അച്ചൻ നടത്തി. ബഹു. വികാരിയച്ചന്മാരുടെ

നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും നല്ല രീതിയിൽ കുടുംബക്കൂട്ടായ്മകൾ നടക്കുന്നുവെന്ന് വിലയിരുത്തപ്പെട്ടു. മൂന്നു വർഷത്തേക്ക് നിലവിലുള്ള നിയമാവലിയിലും സംവിധാനത്തിലും കുടുംബക്കൂട്ടായ്മകൾ തുടരട്ടെയെന്ന് തീരുമാനമായി. നമ്മുടെ രൂപത യിലെ വൈദിക-സന്യസ്ത ജീവിതാന്തസിലേക്ക് കൂടുതൽ കുട്ടികളെ പ്രോത്സാഹിപ്പിച്ച് ദൈവവിളി വളർത്തിയെടുക്കേണ്ടതിനെക്കുറിച്ച് ബഹു. തോമസ് തുരുത്തേൽ അച്ചൻ സംസാരിച്ചു. ദൈവവിളിയെ സംബന്ധി ക്കുന്ന ആനുകാലിക പ്രശ്നങ്ങളും പ്രതിസന്ധികളും അച്ചൻ വിശദ മാക്കി. ദൈവവിളി പ്രോത്സാഹനത്തിനായി വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്നും അച്ചൻ അഭ്യർത്ഥിച്ചു.

Syro-Malabar Internet Mission ന്റെ നേതൃത്വത്തിലുള്ള Parish App നെക്കുറിച്ച് അഭിവന്ദ്യ പിതാവ് വിശദീകരിച്ചു. എല്ലാ ഇടവകകൾക്കും സ്വയമായി ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലാണ് ഈ സംവി ധാനം ക്രമപ്പെടുത്തിയിരിക്കുന്നത്. എല്ലാ ഇടവകകളിലെയും കുടുംബ നാഥന്റെ പേരും വീട്ടുപേരും മൊബൈൽ നമ്പറും യൂണിറ്റ് തിരിച്ച് നൽ കേണ്ടതാണ്. ഇതിനെ സംബന്ധിച്ച സംശയനിവാരണത്തിനായി ബഹു. പ്രകാശ് വെട്ടിക്കൽ അച്ചനെ സമീപിക്കണമെന്നും അറിയിച്ചു.

രൂപതയിലെ വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കേണ്ടതിന്റെയും ആനു കാലിക പ്രതിസന്ധികളെപ്പറ്റി വൈദികർ ബോധവാന്മാരാകേണ്ട തിന്റെയും ആവശ്യകതയെക്കുറിച്ച് ബഹു. ബാബു മാപ്ലശ്ശേരി അച്ചൻ സംസാരിച്ചു. ഇതിനെക്കുറിച്ച് നടന്ന വിശദമായ ചർച്ചയിൽ ഇത് രൂപതാ സംവിധാനത്തിന് സമാന്തരമായ ഒരു സംവിധാനമായിത്തീരരുതെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. രൂപതാനേതൃത്വത്തോട് ചേർന്ന്നിന്നു കൊണ്ട് ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ മാസധ്യാനങ്ങൾ, ക്ലാസ്സുകൾ, ചർച്ചകൾ, തുടർ പരിശീലനങ്ങൾ എന്നിവ വഴി വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കണമെന്നും മാസധ്യാനത്തിന് കൂടുതൽ സമയം കണ്ടെത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻ രൂപത മുൻകൈ എടുക്കുന്നത് നല്ലതായിരിക്കുമെന്ന് യോഗത്തിൽ അഭിപ്രായ മുണ്ടായി. സ്നേഹനിധിയുടെ വിതരണം കൂടുതൽ കാര്യക്ഷമമാക്കണ മെന്നും ക്രമീകരണങ്ങൾ ഇപ്പോൾ നിലവിലുള്ള രീതിയിൽ തുടരണ മെന്നും യോഗം അഭിപ്രായപ്പെട്ടു. പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾ ക്കായി വിവിധ രൂപതകളും സന്ന്യാസസഭകളും ഏജൻസികളും നൽകിയ സംഭാവനകളെക്കുറിച്ച് രൂപതാ സാമൂഹിക സേവനവിഭാഗ ത്തിന്റെ ഡയറക്ടർ ബഹു. പോൾ കൂട്ടാലയച്ചൻ വിശദീകരിച്ചു. തുടർന്ന് കല്ല്യാൺ രൂപതയുടെ സഹായത്തിന്റെ ചെക്ക് കല്ല്യാൺ രൂപതാ

സാമൂഹിക സേവനവിഭാഗത്തിന്റെ ഡയറക്ടർ ബഹു. ജോബി അയിത്ത മറ്റത്തിൽ അച്ചൻ അഭിവന്ദ്യ പിതാവിന് കൈമാറി.

ലോഗോസ് ക്വിസ് മത്സരത്തിൽ ഇടവകാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾക്കുള്ള ട്രോഫികൾ അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കൈയ്യൂന്നി, മക്കിയാട്, എടപ്പെട്ടി എന്നീ ഇടവകകളിലെ അംഗങ്ങളെയും അവർക്ക് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരേയും കൊച്ചച്ചന്മാരേയും പിതാവ് അഭിനന്ദിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് സമാപന സന്ദേശം നല്കി. ഉപരി പഠനം പൂർത്തിയാക്കി രൂപതയിലേക്ക് തിരിച്ചെത്തിയിരിക്കുന്ന ബഹു. ചാക്കോ പുല്ലൻകുന്നേൽ അച്ചനെ അഭിവന്ദ്യ പിതാവ് സ്വാഗതം ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്തു. പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് സ്തുത്യർഹമായ നേതൃത്വം നൽകിയ എല്ലാ വൈദികരേയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. അവശ്യസാധനങ്ങൾ ലഭ്യമാക്കുകയും കായികമായി സഹായം ചെയ്യുകയും ചെയ്തവരെ പ്രത്യേകമായി അനുസ്മരിച്ചു. Safe Environment Programme നുവേണ്ടി രൂപതാതല ഡയറക്ടറേയും ഒരു കമ്മിറ്റിയേയും രൂപികരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അഭിവന്ദ്യ പിതാവ് സംസാരിച്ചു. ജനുവരി 14 മുതൽ 20 വരെ വൈദികരുടെ തുടർപരിശീലനത്തിനുവേണ്ടിയുള്ള ആദ്യത്തെ 20 പേരുടെ കൂട്ടായ്മ Fr. Shanti PIME ന്റെ നേതൃത്വത്തിൽ നടക്കുമെന്ന് പിതാവ് അറിയിച്ചു. തുടർ പരിശീലനങ്ങൾ വിദഗ്ദരുടെ ലഭ്യതയനുസരിച്ച് നടക്കുമെന്നും നമ്മുടെ രൂപതയിലെ സീനിയർ വൈദികരിൽപ്പെട്ട കുറച്ചുപേർ ആത്മീയപിതാക്കന്മാരെന്ന നിലയിൽ വൈദിക കൂട്ടായ്മകളിൽ സംബന്ധിക്കണമെന്നും ഓർമ്മിപ്പിച്ചു. സാമൂഹ്യ മാധ്യമങ്ങളിലെ ഇടപെടലുകളിൽ വിവേകത്തോടെയുള്ള സമീപനം വേണമെന്നും പിതാവ് എല്ലാവരേയും ഓർമ്മിപ്പിച്ചു. വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനായി നടത്തപ്പെടുന്ന മീറ്റിംഗുകളിൽ എല്ലാവരുടേയും സാന്നിധ്യമുണ്ടാകണമെന്നും രൂപതാ നേതൃത്വത്തിൽ തുടർ പരിശീലനങ്ങൾ ആരംഭിക്കുമെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. കാര്യങ്ങളെ കൃത്യമായി വിലയിരുത്തി ഐക്യത്തിലും സ്നേഹത്തിലും സാഹോദര്യമനോഭാവത്തിലും പ്രവർത്തിച്ചുകൊണ്ട് മാനന്തവാടി രൂപതയിലെ ദൈവജനത്തെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിന് എല്ലാവരും ഉത്സാഹപൂർവ്വം പ്രവർത്തിക്കണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. വൈദിക സമ്മേളനത്തിൽ ആദ്യന്തം സജീവമായി പങ്കെടുത്ത എല്ലാ വൈദികർക്കും അഭിവന്ദ്യ പിതാവ് നന്ദി പറയുകയും രൂപതാഗാനത്തോടെ സമ്മേളനം അവസാനിക്കുകയും ചെയ്തു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

# വൈദികരുടെ മാസധ്യാനം

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ ജനുവരി മാസത്തെ മാസധ്യാനം പേരിയ ഇടവകയിൽ വച്ച് നടന്നു. വികാരി ജനറാൾ ബഹു. അബ്രാഹം നെല്ലിക്കൽ അച്ചൻ സന്ദേശം നൽകി. ക്രിസ്തു നമ്മുടെ മാതൃകയാണ്. നല്ല മാതൃകകൾ നമ്മെ നന്മയിലേക്ക് നയിക്കും. ഓരോരുത്തരും മാതൃകകളാകാൻ വിളിക്കപ്പെട്ടവരാണ് എന്ന് വചനത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. കെ.സി.വൈ.എം. മേഖലാ ഡയറക്ടറായി ബഹു. മാത്യു മലയിലച്ചനെ തെരഞ്ഞെടുത്തു. ബഹു. സിബി ചെറുതോട്ടിലച്ചന്റെ സേവനങ്ങൾക്ക് നന്ദി പറഞ്ഞു. +1, +2 വേദപാഠ പരീക്ഷ ഫെബ്രുവരി 3-ാം തീയതി നടത്തപ്പെടുമെന്ന് മേഖലാ ഡയറക്ടർ അറിയിച്ചു.

**ഫാ. ജോഫ്രി കളരിക്കൽ**
സെക്രട്ടറി

## നീലഗിരി റീജിയൺ

നീലഗിരി റീജീയണിലെ വൈദികർ പുതുവർഷത്തിലെ മാസധ്യാനത്തിനായി കുന്നലാടി CMI ആശ്രമത്തിൽ ജനുവരി 08 ന് ഒന്നു ചേർന്നു. 14 വൈദികർ പങ്കെടുത്ത മാസധ്യാനത്തിൽ ആശ്രമ സുപ്പീരിയർ റവ. ഫാ. ജോർജ്ജ് ഏഴാനിക്കാട്ട് സ്വാഗതം ആശംസിക്കുകയും റവ. ഫാ. ജേക്കബ് മുരിക്കുന്നേൽ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് റീജിയണൽ ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗിൽ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർ സംസാരിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ബഹു. മാർട്ടിൻ പുതുശേരിയച്ചൻ നന്ദി പറയുകയും ചെയ്തു. രൂപതാ മാതൃവേദി പ്രവർത്തനങ്ങളിൽ മികച്ച ശാഖയായി തിരഞ്ഞെടുക്കപ്പെട്ട കയ്യൂന്നി ഇടവകയെ അഭിനന്ദിച്ചു. അടുത്ത മാസധ്യാനം ഊട്ടി പള്ളിയിൽ ഫെബ്രുവരി 4, 5 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.

**ഫാ. മാത്യു വട്ടുകുളത്തിൽ**
സെക്രട്ടറി

## HDC പരീക്ഷകൾ ഫെബ്രുവരി 2-ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തു പരീക്ഷ ഫെബ്രുവരി 2-ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നതാണ്. വാചാപരീക്ഷ ഫെബ്രുവരി 16, 17 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. മണിമൂളിയിലെ വാചാപരീക്ഷ ഫെബ്രുവരി 24-ാം തീയതിയാണ്.

## HCC (Plus One, Plus Two) പരീക്ഷകൾ

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 3-ാം തീയതി 11.00 മണി മുതൽ 1.30 മണിവരെ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടറുടെ നേതൃത്വത്തിൽ മേഖലാ സെക്രട്ടറിയും മേഖലാ ടീം അംഗങ്ങളും പരീക്ഷാ സെന്ററിലെ വികാരിയച്ചനും, ഹെഡ്മാസ്റ്ററും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

### പരീക്ഷാ സെന്ററുകൾ

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - ചുങ്കക്കുന്ന്
3. ദ്വാരക ഫൊറോന - ദ്വാരക
4. കല്ലോടി ഫൊറോന - കല്ലോടി, മക്കിയാട്
5. കൽപ്പറ്റ ഫൊറോന - കൽപ്പറ്റ
6. മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന - നിലമ്പൂർ
11. നീലഗിരി റീജിയൺ - അരുൾനിലയം, കയ്യൂന്നി, ഊട്ടി

12. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി
13. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാസെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾഓഫ്ടൈം ആണ്. 11 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.30 മണി വരെയാണ് പരീക്ഷാ സമയം.
4. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. പരീക്ഷയ്ക്ക് ശേഷം മേഖലാഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിതിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.

   ഓരോ ഇടവകയിൽ നിന്നും സൂപ്പർവൈസറെ ഏൽപ്പിക്കുന്ന അസൈൻമെന്റുകൾ ഉത്തരക്കടലാസുകളോടൊപ്പം പായ്ക്ക് ചെയ്യേണ്ടതാണ്.
6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
7. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**പ്ലസ് വൺ, പ്ലസ് ടു അസൈൻമെന്റുകൾ**

പ്ലസ് വൺ, പ്ലസ് ടു അസൈൻമെന്റുകൾ ക്ലാസ് ടീച്ചേഴ്സ് വിലയിരുത്തി അതിന്റെ മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഇന്റേണൽ അസസ്മെന്റ് ഫോറത്തിൽ ചേർക്കേണ്ടതാണ്. ഓരോ ഇടവകയിൽനിന്നും രണ്ട് അസൈൻമെന്റുകൾ യൂണിവേഴ്സിറ്റിയിൽ കൊടുക്കേണ്ടതുണ്ട്. ഓരോ ഇടവകയിൽനിന്നും യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിരിക്കുന്ന അസൈൻമെന്റുകൾ

ഏതാണെന്ന് രൂപതാ ഓഫീസുമായി ബന്ധപ്പെട്ട് അറിയുകയും പരീക്ഷ നടക്കുന്ന ദിവസം തന്നെ അവ പരീക്ഷാ സെന്ററിലെ സൂപ്പർവൈസറെ ഏൽപ്പിക്കേണ്ടതുമാണ്..

**ഇന്റേണൽ അസസ്മെന്റ്**

XI, XII ക്ലാസ്സുകളിലെ ഇന്റേണൽ അസസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി പരീക്ഷ നടക്കുന്ന ദിവസം തന്നെ മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കണം.

**Say പരീക്ഷ**

XI, XII ക്ലാസുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് Say Exam എഴുതാനുള്ള അവസരം ഉണ്ടാകും. വാർഷിക പരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും Say Exam എഴുതാനുള്ള യോഗ്യത ഉണ്ടാവുക. ആദ്യ പരീക്ഷ എഴുതാത്തവരെ Say Exam എഴുതാൻ അനുവദിക്കുന്നതല്ല. ഏപ്രിൽ 6-ാം തീയതിയാണ് Say പരീക്ഷ നടത്തുക. സമയം 10-12. നീലഗിരി, മണിമൂളി റീജിയണിൽ ഉള്ള വിദ്യാർത്ഥികൾക്ക് മണിമൂളി യുപി സ്കൂളിലും മറ്റുള്ളവർക്ക് ദ്വാരക യുപി സ്കൂളിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. മാർച്ച് 18-ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷ വികാരിയച്ചന്റെ ഒപ്പോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 18 ന് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ ജനുവരി 31-ാം തീയതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

**HCC Private Registration ക്യാമ്പും പരീക്ഷയും**

2019 മെയ് 9-12-ാം തിയ്യതിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിന്റെ അവസാന ദിവസമാണ് പരീക്ഷ. Private Registration നടത്തിയിരിക്കുന്ന കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കുക.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പമിഷൻലീഗ് എന്ന നമ്മുടെ പ്രേഷിതകൂട്ടായ്മ മാനന്തവാടി രൂപതയിൽ 46 വർഷങ്ങളുടെ അഭിമാനചരിത്രം സ്വന്ത മാക്കി മുന്നേറുകയാണ്. *സ്നേഹം, ത്യാഗം, സേവനം, സഹനം* – എന്നും എക്കാലവും പ്രസക്തമായ മുദ്രാവാക്യം ആവേശത്തോടെ ഏറ്റുവിളി ക്കുന്ന ആയിരങ്ങളുടെ ആത്മാർത്ഥതയാണ് നമ്മുടെ അഭിമാനമായി മാറുന്നത്. പ്രേഷിതപ്രവർത്തനവും, വ്യക്തിത്വ വികസനവും ലക്ഷ്യ മാക്കി കാലഘട്ടത്തിനനുസൃതമായ പ്രവർത്തനപദ്ധതികൾ ആവിഷ്ക്ക രിച്ചു നടപ്പിലാക്കുവാൻ നമ്മളോരോരുത്തരും പ്രകടിപ്പിക്കുന്ന തീഷ്ണതയാണ് സംഘടനയുടെ ആവേശമായിമാറുന്നത്. ഈ ആവേശ ത്തിന്റേയും, തീഷ്ണതയുടേയും പശ്ചാത്തലത്തിലാണ് നമ്മുടെ സംഘടനയുടെ 46–ാം വാർഷികാഘോഷമായ 'പ്രേഷിതപ്രഭ'യുടെ അര ങ്ങുണരുന്നത്. ഹൃദയത്തിൽ ക്രിസ്തുവിന്റെ വെളിച്ചമുള്ളവരുടെ സംഗമം എന്നതാണ് പ്രേഷിതപ്രഭയുടെ ആപ്തവാക്യമായ് നാം സ്വീകരിച്ചിരിക്കുന്നത്.

2019 ഫെബ്രുവരി 17 ഞായറാഴ്ച പുൽപ്പള്ളി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (പഴശ്ശിരാജാകോളേജിന് എതിർവശം) പരി സരത്തു നിന്ന് ഉച്ചക്കുശേഷം 2.30 ന് ആരംഭിച്ച് പുൽപ്പള്ളി തിരുഹൃദയ പള്ളിയങ്കണത്തിൽ സമാപിക്കുന്ന സ്നേഹസന്ദേശ റാലിയാണ് 'പ്രേഷിത പ്രഭ'യുടെ മുഖ്യ ആകർഷണം. റാലിയുടെ സമാപനത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റേയും നമ്മുടെ രൂപത യിലെ വിവിധ സംഘടനാ നേതൃത്വത്തിന്റെയും സഹകാരികളുടെയും സാന്നിദ്ധ്യത്തിൽ പൊതു സമ്മേളനവും നടക്കുന്നതാണ്. ഈ സംഗമം വിജയിക്കാൻ ശാഖയിലെയും, മേഖലയിലെയും, രൂപതയിലെയും നേതൃത്വം ഒരു മനസ്സോടെ, ഉണർവ്വോടെ പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ ഇടവകയിൽ നിന്നും പരമാവധി പ്രേഷിതരെ പങ്കെടുപ്പിക്കുക യെന്നതാണ് അതിൽ സുപ്രധാനമായ കാര്യം. നമ്മുടെ സംഘടനാം ഗങ്ങളെ മാത്രമല്ല ഇടവകയിലെ യുവജനങ്ങളെയും, മാതാപിതാക്ക

ന്മാരെയും, കൈക്കാരന്മാരെയും, മതാദ്ധ്യാപകരെയും, കുടുംബ കൂട്ടായ്മാ അംഗങ്ങളെയും, ഇതരസംഘടനാ പ്രവർത്തകരെയും 'പ്രേഷിത പ്രഭ'യെന്ന വലിയ സംഗമത്തിന്റെ ഭാഗമാക്കാൻ പ്രിയപ്പെട്ട വികാരിയച്ചന്മാരുടേയും സിസ്റ്റേഴ്സിന്റേയും ഭാരവാഹികളുടേയും ഇട പെടൽ തീർച്ചയായും ഉണ്ടാവണേ. ആ ലക്ഷ്യത്തിനായ് ഉണർന്നു പ്രവർത്തിക്കണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

നിങ്ങൾ നൽകുന്ന പ്രചോദനവും, പ്രോത്സാഹനവും, നിർദ്ദേശവും 'പ്രേഷിത പ്രഭ'യിലെ പങ്കാളിത്തം വർദ്ധിക്കുന്നതിൽ നിർണ്ണായകമാവും എന്നുള്ളതിൽ സംശയമില്ല. റാലിയിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി ഒരുക്കങ്ങൾ നടത്തണേ. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു. 'പ്രേഷിത പ്രഭ' കൂട്ടായ്മയുടെ ചൈതന്യത്താൽ വിജയകരമാവട്ടെ എന്ന പ്രാർത്ഥനയോടെ,

സ്നേഹത്തോടെ,

**ഷിജു അച്ചൻ**

**ഫെബ്രുവരി മാസത്തിലെ പ്രവർത്തനങ്ങൾ:**

**രൂപതാതല തിരുബാലസഖ്യ മത്സരം –2019 ഫെബ്രുവരി 9 ശനി**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 9 ന് ദ്വാരക AUP സ്കൂളിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സരാർത്ഥികൾ 9 മണിക്ക് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 43 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാലസഖ്യ അംഗങ്ങൾ.

**പ്രേഷിതപ്രഭ - രൂപതാവാർഷികവും സ്നേഹ സന്ദേശറാലിയും പുൽപ്പള്ളിയിൽ:**

CML രൂപതാ വാർഷികവും പ്രേഷിതറാലിയും 2019 ഫെബ്രുവരി 17 ഞായറാഴ്ച മുള്ളൻകൊല്ലി മേഖലയിലെ പുൽപ്പള്ളി ശാഖയിൽ. സ്നേഹസന്ദേശ റാലി പുൽപ്പള്ളി പഴശ്ശിരാജാ കോളേജിന് എതിർവശം സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച് ടൗൺ പള്ളിയിൽ അവസാനിക്കുന്ന രീതിയിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്. റാലിയുടെ സമാപനത്തിൽ പൊതുസമ്മേളനം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ കത്തിലൂടെ എല്ലാവരേയും അറിയിക്കുന്നതാണ്.

**പ്രാർത്ഥനാ മലരുകൾ** - 71 കരുണയുടെ ജപമാല.

**വിജ്ഞാന ദീപിക ടെലികിസ്** - 27-01-19 ഞായറാഴ്ച- 3 മണി മുതൽ 4 മണിവരെ.

**പ്രവർത്തന റിപ്പോർട്ടുകൾ:**

**ബൈബിൾ ഞായർ ആഘോഷം:-**ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ കയ്യൂന്നി ഫാത്തിമമാതാ ദേവാലയത്തിൽ വെച്ച് ബൈബിൾ ഞായർ ആഘോഷം നടത്തി. രൂപതാ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ സെമിനാർ നയിച്ചു. ബൈബിൾ പാരായണം, ബൈബിൾ റാലി, ബൈബിൾ ഞായർ ആഘോഷം എന്നീ പരിപാടികളിൽ രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ പങ്കെടുക്കുകയും, വി.ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ, ശാഖാ ഭാരവാഹികൾ എന്നിവർക്ക് രൂപതാകുടുംബത്തിന്റെ നന്ദി അറിയിക്കട്ടെ.

**വാർഷികാഘോഷ സ്വാഗതസംഘ രൂപീകരണം:-** 06/01/2019 ഞായറാഴ്ച പുൽപ്പള്ളി ടൗൺ പളളിയിൽ വെച്ച് രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ വാർഷികാഘോഷ സ്വാഗതസംഘ യോഗം ചേർന്നു. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, മുളളൻകൊല്ലി ഫൊറോനാ വികാരി റവ. ഫാ.ചാണ്ടി പുനക്കാട്ട്, മുളളൻകൊല്ലി മേഖല ഡയറക്ടർ റവ.ഫാ.ജോയി തുരുത്തേൽ, പുൽപ്പള്ളി ഇടവക വികാരി റവ.ഫാ.ജോസ് മുണ്ടക്കൽ രൂപത എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ, വിവിധ മേഖലകളിൽ നിന്നുമുള്ള ജോയിന്റ് ഡയറക്ടേഴ്സ്, പ്രസിഡണ്ട്- സെക്രട്ടറിമാർ, മുളളൻകൊല്ലി മേഖലയിലെ ശാഖകളിൽ നിന്നുമുള്ള ജോയിന്റ് ഡയറക്ടേഴ്സ്, ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ മീറ്റിംഗിൽ സന്നിഹിതരായിരുന്നു. യോഗത്തിൽ പങ്കുചേർന്ന എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും

**NEW YEAR LIFE - രക്തദാന ക്യാമ്പ്:-** 'രക്തദാനം മഹാദാനം' എന്ന ആശയത്തെ മുൻനിർത്തി മാനന്തവാടി രൂപതാ ചെറുപുഷ്പമിഷൻലീഗിന്റേയും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ 'NEW YEAR LIFE' രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. മാനന്തവാടി രൂപത ചാൻസിലർ റവ.ഫാ.സജി നെടുങ്കല്ലേൽ ഉദ്ഘാടനം ചെയ്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന ക്യാമ്പിൽ മിഷൻലീഗ് അംഗങ്ങളോടൊപ്പം നിരവധി വൈദികരും, സിസ്റ്റേഴ്സും, അത്മായരും രക്തദാനത്തിൽ പങ്കാളികളായി.

**മിഷൻ പ്രയർ ബാങ്ക്:** കല്യാൺ രൂപതക്കുവേണ്ടി മുള്ളൻകൊല്ലി മേഖലയിലെ ശാഖാംഗങ്ങൾ 2018 ഡിസംബർ മാസത്തിൽ സമർപ്പിച്ച സുകൃതങ്ങൾ: വി.കുർബാന–15839, വി.കുർബാന സ്വീകരണം–15277, വി.കുർബാന സന്ദർശനം–15545, ജപമാല–24443, സുകൃതജപം–580607, ബൈബിൾ വായന–24114, ആശയടക്കം–14032, പരോപകാര പ്രവൃത്തി–25784. മുള്ളൻകൊല്ലി മേഖലയിലെ എല്ലാ ശാഖാപ്രവർത്തകർക്കും, മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ..

**'SMART –2020'–** കഴിഞ്ഞ വർഷം നടത്തിയ സ്മാർട്ട് ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ തുടർ പരിശീലനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. 47– ഓളം അംഗങ്ങൾ പങ്കെടുത്ത ക്യാമ്പ് പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു. ശ്രീ . അരുൺ പേഴേക്കാട്ടിൽ, ശ്രീ. സിനീഷ് ആപ്പുഴയിൽ, ശ്രീ. തോമസ് കല്ലറയ്ക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപത ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ശ്രീ.ബിനീഷ് തുമ്പമ്പിയാംകുഴി, നിനു മാങ്കൂട്ടം, ലിന്റു വടക്കേക്കുറ്റ്, അഖില ആരംപുളിക്കൽ എന്നിവർ നേതൃത്വം നൽകി.

**മികച്ച മിഷൻമാസ പ്രവർത്തനം**

2018–2019 പ്രവർത്തനവർഷത്തിലെ മിഷൻമാസ പ്രവർത്തനങ്ങൾ 157 ശാഖകളിലും വളരെ ക്രിയാത്മകമായി നടത്തപ്പെട്ടു. അതിൽ നിന്നും മികച്ച ശാഖകളായി 1. പൂളപ്പാടം, 2. തോമാട്ടുചാൽ, 3. ശിശുമല 4. മീനങ്ങാടി, 5. ബത്തേരി, 6. കയ്യൂന്നി, 7. മൺവയൽ, 8. പാറത്തോട്ടം, 9.കല്ലോടി, 10.അമ്പലവയൽ എന്നീ ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത ശാഖാഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും

**കൈയ്യെഴുത്ത് മാസിക:–** 2018–2019 പ്രവർത്തനവർഷത്തിലെ രൂപത കൈയ്യെഴുത്ത് മാസിക രചനാമത്സരങ്ങളിൽ വിവിധ ശാഖകൾ പങ്കെടുത്തു. അതിൽ നിന്നും ബത്തേരി, പുതുശ്ശേരി, കയ്യൂന്നി ശാഖകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. നടവയൽ, പയ്യമ്പള്ളി, കല്ലോടി, മഞ്ഞൂറ, ചിത്രഗിരി, കൽപ്ര, ഒലിവുമല എന്നീ ശാഖകൾ തുടർന്നുള്ള സ്ഥാനങ്ങൾ സ്വന്തമാക്കി. നേതൃത്വം കൊടുത്ത ശാഖാഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും

**കുഞ്ഞുമിഷനറി ഡയറി:-** മികച്ച കുഞ്ഞുമിഷനറി ഡയറി എഴുതി കുമാരി മേരി മൂലത്തൊട്ടിയിൽ (പുൽപ്പള്ളി) കുമാരി ആൻട്രീസ കോട്ടേപ്പറമ്പിൽ (പൂളപ്പാടം) കുമാരി അലീന മനയ്ക്കൽ (മുട്ടിയേൽ) എന്നിവർ സമ്മാനാർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ദിവ്യം പ്രശ്നോത്തരി** (ഭേരി സി.എം.എൽ. മാനന്തവാടി രൂപത മുഖ പത്രം)

ഈ വർഷത്തെ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത കുട്ടികൾക്കായി സംഘടിപ്പിച്ച പ്രശ്നോത്തരി മത്സരത്തിൽ 1. അൽഫോൻസ് കക്കാട്ടിക്കാലായിൽ (കൊട്ടിയൂർ) 2. ഡെൽനാ ജോർജ്ജ് തയ്യിൽ (അരിഞ്ചേർമല) 3. എബ്രിഡ് സാന്റോ തടത്തേൽ (തൃശ്ശിലേരി) എന്നിവർ സമ്മാനാർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ക്രിസ്മസ്സ് സ്റ്റാർ ചലഞ്ച്:-** ക്രിസ്മസ്സിന് ഒരുക്കമായി 25 ദിനങ്ങളിൽ വ്യത്യസ്തമായ ചലഞ്ചുകൾ സംഘടിപ്പിച്ചിരുന്നുവല്ലോ? അതിൽ മികച്ച സ്റ്റാർചലഞ്ച് ആയി തിരഞ്ഞെടുക്കപ്പെട്ടവർ 1. ദിയ ബിജു കൊടിയം കുന്നേൽ (അമ്പലവയൽ) 2. ജോസഫൈൻ ഉമ്പിക്കൽ (താളിപ്പാടം) 3.അഥീന മാത്യു അഴിയാത്ത് (തോമാട്ടുചാൽ) എന്നിവരാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ..

**മേഖലാ വാർത്തകൾ:**

**കൽപ്പറ്റ:-** 'ഉണ്ണിക്കൊരു സമ്മാനം' അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനം സ്നേഹസദൻ സന്ദർശിച്ചു. മേഖലയിലെ എല്ലാ ശാഖകൾക്കും ക്രിസ്മസ്സ് കാർഡ് അയച്ചു.

**തരിയോട്:-** എക്സിക്യൂട്ടീവ് അംഗങ്ങൾ 25 നോമ്പെടുത്ത് വി. കുർബാനയിൽ സംബന്ധിച്ചു. കരോൾഗാന മത്സരം നടത്തി.

**ശാഖാ വാർത്തകൾ:**

*വഞ്ഞോട്:-* വാർഡ് തലത്തിൽ ക്രിസ്മസ്സ് ആഘോഷം നടത്തി. കുട്ടികൾ വിവിധതരം കലാപരിപാടികൾ അവതരിപ്പിച്ചു.

*മുണ്ടേരി:-* മതാദ്ധ്യാപക ദിനം വളരെ വിപുലമായി ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി.

*പന്തിപൊയിൽ:-* വികാരി മനോജ് കാക്കോനാൽ അച്ചനും സി.എം.എൽ. അംഗങ്ങളും ഇടവകയിലെ മുഴുവൻ സീനിയർ അംഗങ്ങളും എല്ലാ കുടുംബങ്ങളിലും പോയി ക്രിസ്മസ്സ് സന്ദേശം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

*മംഗളം:-* 30 സി.എം.എൽ അംഗങ്ങൾ എല്ലാ ദിവസവും വി.കുർബാനയിൽ പങ്കെടുത്ത് ഉണ്ണീശോയെ സ്വീകരിക്കുവാൻ ഒരുങ്ങി.

*കൊട്ടിയൂർ*:- ക്രിസ്തുമസ്സ് കാർഡ് നിർമ്മാണവും കരോൾഗാന മത്സരവും നടത്തി.
*വെള്ളൂന്നി*:- ഇടവകയിലെ കിടപ്പിലായ രോഗിയെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ക്രിസ്മസ്സ് മംഗളങ്ങൾ നേർന്ന് കേക്ക് മുറിക്കുകയും കൊച്ചു സമ്മാനം നൽകി ക്രിസ്മസ്സ് ആശംസകൾ നേർന്നു.
*വൈത്തിരി*:- ഡയറക്ടർ റവ.ഫാ.ജോൺ പുളിന്താനത്തിന്റെ നേതൃത്വത്തിൽ സി.എം.എൽ അംഗങ്ങൾ കൽപ്പറ്റ സ്നേഹസദൻ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
*അമ്പായത്തോട്*:- ക്രിസ്മസ്സിന് ഒരുക്കമായി സുകൃതപ്പെട്ടി, സുകൃത ഡയറി, എന്നിവ തയ്യാറാക്കി . 25 ദിവസവും വി.ബലിയിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനം നൽകി.
*എടപ്പെട്ടി*:- വചനകൂടാരം നിർമ്മിച്ചു, ക്രിസ്മസ്സ് കാർഡ് നിർമ്മാണ മത്സരം, സ്നേഹസദൻ സന്ദർശനം എന്നിവ നടത്തി.
*തൃശ്ശിലേരി*:- ക്രിസ്റ്റീൻ ധ്യാനം, യൂണിറ്റുകളിൽ വി.കുർബാനയും വാർഷികവും, രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 17 ടീം ഉൾപ്പെട്ട കരോൾനൈറ്റ് എന്നിവ നടത്തി.
പാറത്തോട്ടം:- ഗ്രൂപ്പ് അടിസ്ഥാനത്തിൽ കരോൾഗാനം, ക്രിസ്മസ്സ് പപ്പാ എന്നിവയുടെ മത്സരം നടത്തി. പെയിൻ ആന്റ് പാലിയേറ്റീവിന്റെ ഭാഗമായി ക്രിസ്മസ്സ് ട്രീ, ലക്കിസ്റ്റാർ തെരഞ്ഞെടുപ്പ് എന്നിവ നടത്തി.
*ബത്തേരി*:- പുൽക്കൂട് മത്സരം നടത്തി 1,2,3 സ്ഥാനകാർക്ക് ക്യാഷ് അവാർഡ് നൽകി. ക്രിസ്മസ്സ് ദിനത്തിൽ ജോസഫ്-മേരി ദമ്പതികളെ ആദരിച്ച് സമ്മാനങ്ങൾ നൽകി.
*നെടുമ്പാല*:- 25 ദിവസവും പള്ളിയിൽ വന്നവർക്കും ഏറ്റവും നല്ല ക്രിസ്മസ്സ് ചലഞ്ച് ഡയറിക്കും സമ്മാനം നൽകി. ക്രിസ്മസ്സിനൊരുക്കമായി പള്ളിപരിസരം അലങ്കാരം, ക്രിസ്മസ്സ് ട്രീ എന്നിവ നടത്തി.
*ഇടിവണ്ണ*:- ഗ്രീറ്റിംഗ് കാർഡ് നിർമ്മാണത്തിൽ തെരഞ്ഞെടുത്ത കാർഡുകൾ അഭിവന്ദ്യപിതാക്കന്മാർക്കും (മാർ ജേക്കബ് തൂങ്കുഴി, മാർ ജോസ് പൊരുന്നേടം) സി.എം.എൽ രൂപതാ ഡയറക്ടർ, മേഖലാ ഡയറക്ടർ എന്നിവർക്കും അയയ്ച്ചു.
*അപ്പപ്പാറ*:- ഇടവകയിലെ എല്ലാ കുടുംബങ്ങളിലും ആശംസാകാർഡുകൾ കൈമാറി. ദിവ്യകാരുണ്യ ആരാധന, ആശുപത്രി സന്ദർശനം, ക്രിസ്മസ്സ് ട്രീ എന്നിവ നടത്തി.
*കാട്ടിക്കുളം*:-ഹൗസ് അടിസ്ഥാനത്തിൽ കരോൾഗാന മത്സരം, ക്രിസ്മസ്സ്

ട്രീ നിർമ്മാണം എന്നിവ നടത്തി. വചന വായന നടത്തി ബൈബിൾ ഞായർ ആഘോഷിച്ചു.

*മഞ്ഞൂറ*:- കുഞ്ഞുമിഷനറിമാരുടെ ഡയറി ശേഖരണം, ജന്മദിനകൂട്ടം, സൺഡേസ്റ്റാർ, ക്രിസ്മസ്സ് ട്രീ, കരോൾഗാന മത്സരം എന്നിവ നടത്തി.

*കല്ലുവയൽ*:- ശാഖയിലെ സീനിയേഴ്സിന് സെമിനാർ, നോമ്പുകാലത്ത് എല്ലാദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാന വിതരണം എന്നിവ നടത്തി.

*പുൽപ്പള്ളി*:- ക്രിസ്മസ്സ് കാർഡ് നിർമ്മാണം, 'ഉണ്ണീശോയ്ക്ക് ഒരു കത്ത്' മത്സരം എന്നിവ നടത്തി.

*കുഞ്ഞോം*:- പുൽക്കൂട്, ക്രിസ്മസ്സ് ട്രീ നിർമ്മാണം എന്നിവ നടത്തി. മേഖലാതല തിരുബാലസഖ്യ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

*ആടിക്കൊല്ലി*:- കരോൾഗാനം, ക്രിസ്മസ്സ് കാർഡ് നിർമ്മാണം, വചന ക്വിസ്സ് എന്നിവയുടെ  മത്സരങ്ങൾ നടത്തി.

*കയ്യൂന്നി*:-രൂപതയുടെ നേതൃത്വത്തിൽ ബൈബിൾ ഞായർ ആഘോഷം നടത്തി. രൂപത ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ സെമിനാർ നയിച്ചു. കോളനി സന്ദർശനം-ഭക്ഷണവിതരണം, സീനിയേഴ്സിന്റെ നേതൃത്വത്തിൽ നക്ഷത്രരാവ് - പിറവിതിരുനാൾ സന്ദേശയാത്ര എന്നിവ നടത്തി.

*മുതിരേരി*:- അർദ്ധദിന സെമിനാർ പുൽക്കൂടും ഉണ്ണിയേശുവും എന്ന വിഷയത്തെകുറിച്ച് നടത്തി. 1500 രൂപ രോഗി സഹായമായി നൽകി.

*പടമല*:- വാർഡുകളിൽ ക്രിസ്മസ്സ്സന്ദേശം, കാർഡ്നിർമ്മാണം, കരോൾഗാന മത്സരം, വൃദ്ധമാതാപിതാക്കളുടെ സംഗമം, കുട്ടികളുടെ കലാപരിപാടികൾ എന്നിവ നടത്തി.

*ചിത്രഗിരി*:- ക്രിസ്മസ്സ് കാർഡ്, പുൽക്കൂട്, ട്രീ, കരോൾഗാനം എന്നീ മത്സരങ്ങൾ നടത്തി.

*വാഴവറ്റ*:- ബൈബിൾ വാരാചരണവും, ബൈബിൾ പ്രതിഷ്ഠയും, പ്രായമായ മാതാപിതാക്കളോടൊപ്പം ക്രിസ്മസ്സ് ആഘോഷം എന്നിവ നടത്തി.

*ചാരിറ്റി*:- 7-ാം ക്ലാസ്സിലെ കുട്ടികൾ ആൻസി ടീച്ചറിന്റെ നേതൃത്വത്തിൽ 2000 രൂപ പിരിച്ച് സാധുകുടുംബത്തിന് ക്രിസ്മസ്സ് ആഘോഷിക്കാൻ ഭക്ഷണം, വസ്ത്രം എന്നിവ വിതരണം ചെയ്തു.

*കുറുമണി*:- കുടുംബകൂട്ടായ്മകളിലെ ക്രിസ്മസ്സ് ആഘോഷത്തിൽ അക്രൈസ്തവരെ ഉൾപ്പെടുത്തി വിവിധ കലാപരിപാടികൾ നടത്തി സമ്മാനങ്ങൾ നൽകി.

*നരിവാലമുണ്ട*:- ക്രിസ്മസ്സ് സന്ദേശം രോഗികളിലും പ്രായമായവരിലും എത്തിക്കുന്നതിന്റെ ഭാഗമായി 17 ഭവനങ്ങൾ സന്ദർശിച്ച് കേക്ക് വിതരണം ചെയ്തു. സ്നേഹസന്ദേശങ്ങൾ പങ്കുവച്ചു.

*മുണ്ടേരി*:- മാതാപിതാക്കൾക്കും കുട്ടികൾക്കും അർദ്ധദിന സെമിനാർ, യൂണിറ്റടിസ്ഥാനത്തിൽ കരോൾഗാനമത്സരം, രോഗിസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. രോഗീസഹായമായി 1000 രൂപ നൽകി.

*മൺവയൽ*: - കരോൾഗാനമത്സരം, ക്രിസ്മസ്സ് ട്രീ നിർമ്മാണം, ഭക്ത സാധനങ്ങളുടെ സ്റ്റാൾ എന്നിവ നടത്തി.

*പുതുശ്ശേരിക്കടവ്* :-സുകൃതങ്ങൾ ചെയ്ത് പുൽക്കൂട് നിർമ്മിച്ചു. വിജയികൾക്ക് സമ്മാനം നൽകി.

*യവനാർകുളം*:- ക്രിസ്മസ്സ് ട്രീ തയ്യാറാക്കി. 25 ദിവസം വി.ബലിയിൽ പങ്കെടുത്തവർക്ക് സമ്മാനം നൽകി.

*കുറുമ്പാല*:- വചനവായനവാരം, മാതാവിന്റെ ചിത്രം എക്സിബിഷൻ എന്നിവ നടത്തി. ക്യാൻസർ രോഗിക്ക് സഹായം നൽകി.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പായാംകുഴിയിൽ**

സെക്രട്ടറി, സി.എം.എൽ.

# Department of Youth Ministry

**യുവജന ശുശ്രൂഷയിലെ പുത്തൻശൈലികൾ**

ലോകത്തിൽ സ്ഥലകാലത്തിനധീനമായി മാറ്റങ്ങൾക്ക് വിധേയപ്പെടുന്നവരും മാറ്റങ്ങൾ സൃഷ്ടിക്കുന്നവരും യുവജനങ്ങൾ തന്നെയാണ്. യുവജനങ്ങളെ കാണേണ്ടതും മാറ്റങ്ങളിലാണ്. യുവജനങ്ങൾ ഓരോ നിമിഷവും പുത്തൻ സംസ്കാരത്തിന്റെ ചേരുവകൾ സൃഷ്ടിക്കുന്നു. ധ്രുതഗതിയിലുള്ള മാറ്റങ്ങളുടെ സംസ്കാരം യുവജനശുശ്രൂഷയെ കൂടുതൽ വെല്ലുവിളികൾ ഏറ്റെടുക്കാൻ ക്ഷണിക്കുന്നു. എന്നാൽ ഈ മാറ്റങ്ങൾ ഉൾക്കൊള്ളാനും അതിനുതകുന്ന യുവജന ശുശ്രൂഷാനയങ്ങൾ രൂപപ്പെടുത്താനും നാം തയ്യാറാകുന്നില്ല. ആരെങ്കിലും തയ്യാറായാൽ അത് അംഗീകരിക്കാനും സ്വീകരിക്കാനും കഴിയാതെ പോകുന്നു. കേരളത്തിലും മാനന്തവാടി രൂപതയിലും യുവജനശുശ്രൂഷയെ സംഘടനാ സംവിധാനങ്ങളിൽ പരിമിതപ്പെടുത്തിയാണ് കണ്ടിരുന്നത്. കേരളത്തിൽ 40 വർഷങ്ങൾക്ക് മുമ്പും മാനന്തവാടി രൂപതയിൽ 25 വർഷങ്ങൾക്കുമുമ്പും രൂപംകൊടുത്തതും പിന്നീട് വലിയ മാറ്റങ്ങൾ വരുത്താതെ നവീകരിച്ചതുമായ നിയമാവലി അടിസ്ഥാനപ്പെടുത്തിയുള്ള യുവജന ശുശ്രൂഷകളാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. എന്നാൽ അതിവേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സംഘടനാ സംവിധാനത്തിലൂടെ മാത്രം യുവജന ശുശ്രൂഷ എന്ന ആശയം കാലഹരണപ്പെടുകയും പുത്തൻരീതികളുടേയും മാർഗ്ഗങ്ങളുടേയും ആവശ്യം ഒരു നിർബന്ധമാവുകയും ചെയ്തു.

ആധുനിക ലോകത്തിൽ, യുവജന ശുശ്രൂഷ, എല്ലാ യുവജനങ്ങളിലേക്കും വ്യത്യസ്തമായ രീതിയിൽ സാഹചര്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 2014 ൽ- മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി എന്ന സംവിധാനം രൂപീകരിച്ചത്. യുവജനങ്ങളോടൊപ്പം യുവജനങ്ങൾക്കുവേണ്ടി ദൈവസ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് വളരാൻ യുവജനങ്ങളെ

ശക്തിപ്പെടുത്തുന്ന ശുശ്രൂഷകൾ സഭയിലൂടെ നൽകുന്ന സംവിധാനമാണ് യൂത്ത് മിനിസ്ട്രി. ഇത് ഒരു ടീം മിനിസ്ട്രിയാണ്. മാനന്തവാടി രൂപതയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ പ്രവർത്തന ശൈലി ജെ.എം.ജെ ശൈലിയാണ്. ഈശോയെപ്പോലെ സ്നേഹിച്ചും മാതാവിനെപ്പോലെ പ്രാർത്ഥിച്ചും യൗസേപ്പിതാവിനെ പ്പോലെ കഠിനാദ്ധ്വാനം ചെയ്തും ജീവിക്കാൻ പഠിപ്പിക്കുന്ന ജീവിത ശൈലിയാണിത്. ഈ ലക്ഷ്യം സാധ്യമാക്കാനുള്ള യൂത്ത് മിനിസ്ട്രിയുടെ ഏതാനും ചില കർമ്മപരിപാടികൾ ചുവടെ ചേർക്കുന്നു.

**കരിയർ കാർ**

നമ്മുടെ യുവജനങ്ങൾ നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്ന് തൊഴിലില്ലായ്മയാണ്. പഠിച്ചുകൊണ്ടിരിക്കുമ്പോൾ നൈപുണ്യ മനുസരിച്ചുള്ള ഉന്നത വിദ്യാഭ്യാസ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള സഹായം നല്കുന്നതിൽ വിദ്യാഭ്യാസവകുപ്പും പാഠ്യക്രമവും പരാജയപ്പെടുന്നുണ്ട്. അത് പരിഹരിക്കാനുള്ള കൂട്ടായ ശ്രമങ്ങൾ സഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും അതുമൂലം അവിവാഹിതരായ ചെറുപ്പക്കാരുടെ എണ്ണം കൂടുകയും ചെയ്യും. മാനന്തവാടി രൂപതയിൽ 30 വയസ്സു മുതൽ 35 വയസ്സുവരെയുള്ള യുവാക്കന്മാരുടെ ഇടയിൽ നടത്തിയ സർവ്വേയിൽ നിന്നും വ്യക്തമാകുന്നത് 10-ൽ 5 പേർ അവിവാഹിതരാണ്. പെൺകുട്ടികൾ 10-ൽ ഒരാളും. പ്രധാനകാരണം തൊഴിലില്ലായ്മയാണ്. ദൈവം ഒരോ മനുഷ്യർക്കും നല്കിയിട്ടുള്ള തൊഴിൽപരമായ ലക്ഷ്യത്തിൽ യുവജനങ്ങൾ എത്തിച്ചേരുന്നതിൽ പരാജയപ്പെടുകയും അസംതൃപ്തിയോടെ ജീവിക്കേണ്ടതായി വരികയും ചെയ്യുന്നു.യുവജനങ്ങളുടെ ദൈവവിളി അവരുടെ തൊഴിലുമായി ബന്ധപ്പെട്ട് കിടക്കുന്നു. ദൈവഹിതാനുസരണമായ തൊഴിൽ കണ്ടെത്തുന്നതിലും അതിൽ പ്രാവീണ്യം നേടി ദൈവത്തിനും സമൂഹത്തിനും വേണ്ടി ജീവിക്കുന്നതിലുമാണ് ക്രൈസ്തവ യുവതയുടെ ജീവിത സാഫല്യം പൂർണ്ണമാകുന്നത്. ഈ പ്രക്രിയയിൽ അവരെ സഹായിക്കുവാനുള്ള കടമ സഭയ്ക്കുണ്ട്. തൊഴിൽപരമായ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെയും ഉന്നത വിദ്യാഭ്യാസ സാധ്യതകളെ പരിചയപ്പെടുത്തിയും ഒരു വ്യക്തിയുടെ പ്രത്യേക അഭിരുചിയും നിപുണതയും കണ്ടെത്തി ദൈവഹിത പ്രകാരമുള്ള തൊഴിൽ കണ്ടെത്താൻ പഠിതാക്കളെ പ്രചോദിപ്പിക്കുന്ന പരിപാടിയാണ് കരിയർകാർ. തൊഴിലിനെ ധൈഷണീക മാനദണ്ഡത്തിൽ അടിസ്ഥാന

പ്പെടുത്തി യാഥാർത്ഥ്യ ബോധത്തോടെ സമീപിക്കാനുള്ള പരിശീലനമാണിത്.

**ലൈഫ് ട്രെയിനിംഗ്**

യുവജന ശുശ്രൂഷയുടെ സമഗ്രപരിശീലന പരിപാടിയാണ് ലൈഫ് ട്രെയിനിംഗ്. വിവിധങ്ങളായ പരീക്ഷകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ആറാം ക്ലാസിലെ ഇരുപത് വിദ്യാർത്ഥികൾക്ക് ഉദ്യോഗം ലഭിക്കുന്നതുവരെയുള്ള പരിശിലനം. വിദ്യാർത്ഥികൾ മാത്രമല്ല, കുടുംബം മുഴുവനും ഈ പരിശീലന പരിപാടിയിൽ ഭാഗഭാക്കുകളാണ്. വിദ്യാർത്ഥികളുടെ വിവിധങ്ങളായ കഴിവുകൾ വളർത്തിയും അക്കാദമിക പരിശീലനവും ആത്മീയ പരിശീലനവും സമന്വയിപ്പിച്ച് സ്നേഹിച്ചും പ്രാർത്ഥിച്ചും കഠിനാദ്ധ്വാനം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. പ്രഭാതത്തിൽ 5.00 ന് എഴുന്നേറ്റ് വ്യായാമം ചെയ്ത് ഒരു മണിക്കൂർ പ്രാർത്ഥന - പ്രത്യേകമായി അഞ്ച് രീതിയിലുള്ള പ്രാർത്ഥന (പശ്ചാത്താപം (കരുണകൊന്ത), പരിഹാരം (കുരിശിന്റെവഴി) ദൈവവചനശ്രവണം, (വചന വായന), പ്രാർത്ഥന, (ജപമാല), സമർപ്പണം, (ആരാധന-വി.ബലി) നടത്തി ദിവസത്തിന്റെ ടൈംടേബിൾ ക്രമപ്പെടുത്തി പഠനം ആരംഭിക്കുന്നു. ഓരോ ദിവസവും സ്വന്തമാക്കേണ്ട ലക്ഷ്യങ്ങളെപ്പറ്റി പദ്ധതി തയ്യാറാക്കുന്നു. (സാമൂഹിക ലക്ഷ്യം, ആത്മീയ ലക്ഷ്യം, ജീവിത ലക്ഷ്യം, ഉദ്യോഗപരമായ ലക്ഷ്യം ബൗദ്ധീകമായ ലക്ഷ്യം, ക്രൈസ്തവ ലക്ഷ്യം) വീട്ടിൽ നിന്ന് ദൂരെ പോകുമ്പോൾ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങുക, സഹോദരങ്ങൾ ഉപദ്രവിക്കുമ്പോൾ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പറയുക ഇങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഈ പരിശീലനം സംഭവിക്കുന്നത്. അവധിക്കാലത്ത് 25 ദിവസത്തെ താമസിച്ചുള്ള തുടർ പരിശീലനവും എല്ലാമാസവും പരിശീലന കേന്ദ്രത്തിൽ താമസിച്ചുള്ള ഒരു ദിവസത്തെ പരിശീലനവുമാണ് ലൈഫ് ട്രെയിനിംഗിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്.

**യൂത്ത് ട്രാവലർ**

യുവജനങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിലേക്ക് അവരെ അന്വേഷിച്ചിറങ്ങി അവരെ കണ്ടെത്തി ആത്മീയമായി പ്രചോദിപ്പിച്ച് ക്രിസ്തുവിനെ കണ്ടെത്തുവാനും അനുഭവിക്കുവാനും ശക്തിപ്പെടുത്തുന്ന യുവജന ശുശ്രൂഷയാണ് യൂത്ത് ട്രാവലർ. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഒരു സഹയാത്രികനെപ്പോലെ അവരോടൊപ്പം സഞ്ചരിക്കുന്നു. അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. പഠനകേന്ദ്രങ്ങൾ, ജോലിസ്ഥലങ്ങൾ വിനോദ കേന്ദ്രങ്ങൾ,

യുവജനങ്ങൾ താമസിക്കുന്ന ഹോസ്റ്റലുകൾ, മാളുകൾ എന്നിങ്ങനെ യുവജനങ്ങൾ എവിടെയുണ്ടോ അവിടെ അവരെ അന്വേഷിച്ച് ചെല്ലുന്ന, അരികുകളിലേക്ക് യാത്ര ചെയ്യുന്ന ശൈലി. വയനാട്ടിലെ ഒട്ടുമിക്ക കോളേജുകളിലും ഈ പരിപാടികളിലൂടെ യുവജനങ്ങളിലേക്ക് ഇറങ്ങിചെല്ലുവാൻ യൂത്ത് മിനിസ്ട്രിക്ക് സാധിച്ചിട്ടുണ്ട്. കത്തോലിക്കർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 19 വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു യുവജനങ്ങളെ അന്വേഷിച്ച് ഒരു സംഘം ഉത്തരവാദിത്വപ്പെട്ടവർ കോളേജിൽ ചെല്ലുന്നതും കുമ്പസാരത്തിനും, വി.കുർബാനയ്ക്കും, ആത്മീയ സഹായങ്ങൾക്കും യുവജനങ്ങൾക്ക് അവസരമൊരുക്കിയതും. അക്രൈസ്തവർ നടത്തുന്ന സ്ഥാപന ങ്ങളിലും ക്രൈസ്തവരായ യുവജനങ്ങളെ കണ്ടെത്തുവാനും കൂദാശകൾ നല്കുവാനും യൂത്ത് ട്രാവലറിലൂടെ യൂത്ത് മിനിസ്ട്രിക്ക് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ യുവജന ശുശ്രൂഷ ലഭ്യമാക്കണമെങ്കിൽ ആരെങ്കിലും അതിന് നേതൃത്വം എടുക്കണം. അത് നടക്കാതെ വരുമ്പോൾ യുവജനങ്ങൾ ലഭ്യമായ ഇടങ്ങളിലേക്ക് പ്രത്യേകിച്ച് കലാലയങ്ങളിലേക്ക് അതിന്റെ അധികാരികളുടെ അനുവാദത്തോടെ യുവജനശുശ്രൂഷയുടെ പുത്തൻ ഇടങ്ങൾ തേടി പുറപ്പെടുന്നു.

**സ്പിരിച്വൽ ആനിമേഷൻ**

അവസരോചിതമായി സ്ഥലങ്ങളും ദിവസങ്ങളും തെരഞ്ഞെടുത്ത് വിവിധങ്ങളായ നൂതനപദ്ധതികൾക്ക് രൂപംകൊടുത്ത് യുവജനങ്ങളെ ആദ്ധ്യാത്മികമായി ഉണർത്തുക, വിശ്വാസത്തിൽ പക്വത പ്രാപിക്കാൻ പ്രചോദിപ്പിക്കുക, സുവിശേഷത്തിന്റെ സന്തോഷം യുവജനങ്ങളുമായി പങ്കുവയ്ക്കുക, കൂദാശകളിൽ ആഴപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ചിരിക്കുന്ന കർമ്മ പരിപാടിയാണ് ഇത്. ഇടവകകളിൽ യുവജനങ്ങൾക്ക് സെമിനാർ, ജാഗരണ പ്രാർത്ഥന -കോളേജുകളിൽ ധ്യാനം, യൂത്ത് കൺവെൻഷനുകൾ- യൂത്ത് മിനിസ്ട്രി ഓഫീസിൽ, ഇടവകകളിൽ. വിവിധ സന്യാസ സമൂഹങ്ങളിൽ - നൈറ്റ് വിജിൽ, പ്രത്യേക ദിനങ്ങളോടനുബന്ധിച്ചുള്ള കുമ്പസാര ഒരുക്കങ്ങൾ തുടങ്ങിയവ ഇതിൽ ഏതാനും ചില പ്രവർത്തനങ്ങളാണ്.

**ലൈഫ് അക്കാദമി**

ജീവിതത്തിൽ ലക്ഷ്യബോധമില്ലായ്മയും തൊഴിൽ സാധ്യതകളെപ്പറ്റിയുള്ള അജ്ഞതയും ക്രൈസ്തവ യുവജനങ്ങളെ സമൂഹത്തിലെ ദുർബല വിഭാഗമാക്കി മാറ്റിയിരിക്കുന്നു. കത്തോലിക്കാ സമൂഹത്തിന്റെ സ്ഥാപന കേന്ദ്രീകൃത സാമൂഹ്യ സേവനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സാമൂഹ്യ പ്രതിബദ്ധത സൃഷ്ടിച്ചെടുക്കാൻ

കത്താലിക്കാ യുവജനങ്ങൾക്ക് സാധിക്കാതെ വരുന്നുണ്ട്. സർക്കാർ ഉദ്യോഗത്തിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ജീവിത സംസ്കാരത്തിന് രൂപം കൊടുക്കാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കണം. അതിനായി അവരെ തയ്യാറാക്കുന്ന പരിശീലന വേദിയാണ് ലൈഫ് അക്കാദമി. സർക്കാർ ഉദ്യോഗങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ നൽകുക, പി.എസ്.സി. പരിശീലനം ലഭ്യമാക്കുക, പി.എസ്.സി. പരീക്ഷയ്ക്കായും സർക്കാർ ഉദ്യോഗത്തിനായും യുവജനങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. കേളകം, ദ്വാരക തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ പി.എസ്.സി. ക്ലാസുകളിൽ നിന്ന് നിരവധി യുവജനങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**സ്പിരിച്വൽ ഗൈഡൻസ്**

യുവജനങ്ങളെ ശ്രവിക്കാനും സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കാനും യുവജനങ്ങളെ സഹായിക്കുന്ന സംവിധാനമാണ് സ്പിരിച്വൽ ഗൈഡൻസ്. യൂത്ത് മിനിസ്ട്രി ഓഫീസിലും സ്വാഗതം ചെയ്യുന്ന ഇടവകകളിലും കലാലയങ്ങളിലും തൊഴിലിടങ്ങളിലും ഈ സൗകര്യം ലഭ്യമാക്കുന്നതാണ്.

**തീർത്ഥാടനങ്ങൾ**

ഉല്ലാസത്തോടൊപ്പം ആത്മീയതയും സഭാപരമായ അറിവും പ്രദാനം ചെയ്യുന്ന യാത്രകളാണ് തീർത്ഥാടനങ്ങൾ. യുവജനങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ നല്ല ബോധ്യങ്ങളും അനുഭവങ്ങളും ലഭിക്കുന്ന അവസരങ്ങളാണ് ഇത്.

**ജീസസ് പ്രൊഫഷണൽസ് (ജെ.പി.)**

വിവിധ തൊഴിൽ ചെയ്യുന്ന യുവജനങ്ങളെയും വിവിധ തൊഴിൽ പരിശീലനം നേടുന്ന യുവജനങ്ങളേയും ഉൾപ്പെടുത്തി ഉദ്യോഗത്തിനനുസരിച്ച് ചെറു കമ്മ്യൂണിറ്റികൾ രൂപീകരിച്ച് തൊഴിൽപരമായ സഹായം പരസ്പരം നൽകി വിശ്വാസത്തിൽ യുവജനങ്ങളെ ദൃഢപ്പെടുത്താനുള്ള ഒരു സംരംഭം. തെരഞ്ഞെടുക്കപ്പെടുന്ന യുവജനങ്ങൾ ഓരോ പ്രൊഫഷന്റേയും കോഡിനേറ്റേഴ്സ് ആയി പ്രവർത്തിക്കയും ജെ.പി. കമ്മ്യൂണിറ്റിയുടെ സമ്മേളനങ്ങൾ കോഡിനേറ്റേഴ്സ് മുഖാന്തിരം വിളിച്ചുകൂട്ടി ജെ. എം.ജെ ശൈലിയിൽ ജീവിക്കാൻ ഈ പരിപാടിയിലൂടെ യുവജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

**പ്രവർത്തനശൈലി**

യൂത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ കുട്ടികളെയും യുവജനങ്ങളെയും കേന്ദ്രീകരിക്കുന്നതാണെങ്കിലും അവരുമായി ബന്ധപ്പെട്ട കുടുംബം മുഴുവനും യുവജന ശുശ്രൂഷയുടെ പരിധിയിൽ ഉൾപ്പെടുന്നതുകൊണ്ട് യുവജന ശുശ്രൂഷ ഒരു സമഗ്ര ശുശ്രൂഷയാണ്. പ്രധാനമായും കുട്ടികൾക്കും യുവജനങ്ങൾക്കും ആവശ്യമായ പരിശീലനങ്ങളാണ് നൽകുന്നത്. പഠനം, ആത്മീയം, തൊഴിൽ, കഴിവുകൾ തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്. ഈ മേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഹ്രസ്വമായ പരിശീലനങ്ങളും സുദീർഘമായ പരിശീലനങ്ങളുമുണ്ട്. കുട്ടികളുടെയും യുവജനങ്ങളുടെയും ആവശ്യാനുസരണമാണ് വിവിധ പരിശീലന ങ്ങൾക്ക് രൂപം നല്കുന്നത്. ഇടവക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, രൂപതാ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളാണ് വിവിധങ്ങളായ പരിശീലന ഇടങ്ങൾ.

യുവജനങ്ങൾക്ക് രൂപതാതലത്തിൽ നേതൃത്വം നൽകുന്നത് യൂത്ത് മിനിസ്ട്രി ടീം ആണ്. വൈദികരും സന്യസ്തരും യുവജനങ്ങളും അടങ്ങുന്ന സേവനസന്നദ്ധരായ ഒരു സമർപ്പിത സമൂഹമാണ് യൂത്ത് മിനിസ്ട്രി ടീം. യാതൊരു പ്രതിഫലവും വാങ്ങാതെ യുവജനങ്ങൾക്കു വേണ്ടി മാത്രം ശുശ്രൂഷ ചെയ്യാൻ ഇഷ്ടപ്പെടുന്ന സമർപ്പിതരും യുവജനങ്ങളുമാണ് യൂത്ത് മിനിസ്ട്രി ടീമിനെ മുന്നോട്ടു നയിക്കുന്നത്. ഓരോ വർഷവും വോളണ്ടിയേഴ്സായി വരുന്ന യുവജനങ്ങളും നിശ്ചിത വർഷത്തേക്ക് സന്യാസ സമൂഹത്തിന്റെ അനുവാദത്തോടെ സേവനം ചെയ്യാൻ തീരുമാനമെടുക്കുന്ന സിസ്റ്റേഴ്സും താല്പര്യപൂർവ്വം കടന്നുവരുന്ന വൈദീകരും യൂത്ത് മിനിസ്ട്രി ടീമിന്റെ അവിഭാജ്യഘടകമായി തീരുന്നു.

യൂത്ത് മിനിസ്ട്രി ഇതര അജപാലന സംഘടനകളുടെയും സംവിധാനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന സംവിധാനമാണ്. ഇത് കെ.സി.വൈ.എം. പോലെ ഒരു സംഘടനയല്ല. ഇതിന് യൂണിറ്റോ അംഗത്വ വിതരണമോ തെരഞ്ഞെടുപ്പോ ഇല്ല. മറിച്ച് ഇതൊരു സംവിധാനമാണ്. കാലത്തിനനുസരിച്ച് യുവജനങ്ങൾ ക്കാവശ്യമായ വിശ്വാസപരിശീലനം നൽകുന്നതിന് രൂപീകൃതമായ സംവിധാനം. ഡയറക്ടറും സെക്രട്ടറിയും ഉൾപ്പെട്ട സേവനസദ്ധരായ വൈദികരും സമർപ്പിതരും അടങ്ങുന്ന യൂത്ത് മിനിസ്ട്രി ടീമിൽ വിവിധ സംഘടനാ ഡയറക്ടേഴ്സും വൈദികരും സമർപ്പിതരും യുവജനങ്ങൾ അംഗങ്ങളായ ഉപദേശക സമിതിയും വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തികളും ഉൾപ്പെടുന്നു.

കെ.സി.വൈ.എം. പ്രസ്ഥാനത്തിന് അംഗത്വമുണ്ട്, തെരഞ്ഞെടുപ്പുണ്ട്. അത് ഒരു സംഘടനാ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. കെ.സി.വൈ.എം. നിയമാവലി പ്രകാരം യുവജനങ്ങളാണ് യുവജനശുശ്രൂഷയുടെ നെടുനായകത്വം വഹിക്കുന്നവരും യുവജനശുശ്രൂഷയുടെ ഉപഭോക്താക്കളും. കെ.സി.വൈ.എം. സംഘടനയുടെ യുവനേതൃത്വം ഉണർന്നു പ്രവർത്തിച്ചാൽ മാത്രമേ യുവജനശുശ്രൂഷ ആ പ്രസ്ഥാനത്തിലൂടെ നല്കപ്പെടാൻ കഴിയൂ. യുവജനങ്ങളുടെ പഠനം, ജോലി, സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത ജീവിതം, ആധുനിക കാലഘട്ടത്തിലെ നൂതന പ്രവണതകൾ, നിസംഗത എന്നീ കാരണങ്ങൾകൊണ്ട് കെ.സി.വൈ.എം. സംഘടനാനേതൃത്വത്തിന് ഇടവകാ-മേഖലാ തലങ്ങളിൽ കാര്യക്ഷമമായ യുവജനശുശ്രൂഷ നിർവ്വഹിക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ഈയൊരു സാഹചര്യത്തിലാണ് യുവജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കാൻ യൂത്ത് മിനിസ്ട്രി ടീം സ്ഥാപിതമായത്. ഈ സംവിധാനത്തിലൂടെ യുവജന അജപാലനം കാര്യക്ഷമമാക്കുകയും കെ.സി.വൈ.എം. പ്രസ്ഥാനം ശക്തിപ്പെടുത്തുകയും ഇടവകകളിൽ പുത്തൻ ഉണർവ്വിന് വഴിയൊരുക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**ലൈഫ് ട്രെയിനിംഗ്**

ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ചിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മൂന്ന് ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം 27-12-2018 വ്യാഴാഴ്ച്ച രാവിലെ പത്ത് മണിക്ക് നടവയൽ ലാസലെറ്റ് ധ്യാനസെന്ററിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോഗ്രാമിന്റെ ആദ്യദിനത്തിൽ സി.എമിലിയ സി.എം.സി വി.കുർബാനക്ക് ഒരുക്കമായുള്ള ഗാനപരിശീലനം നല്കി. ഉച്ചകഴിഞ്ഞ് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്ക് അവരുടെ കുറവുകളെ എങ്ങനെ കണ്ടെത്താമെന്നും, എങ്ങനെ കൂടുതൽ നന്മനിറഞ്ഞ വ്യക്തിത്വമുള്ളവരായി ജീവിക്കാമെന്നും ക്ലാസുകളിലൂടെയും പരസ്പര ഷെയറിംഗിലൂടെയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തി. വൈകുന്നേരം ഏഴ് മണിക്ക് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. ഭക്ഷണത്തിന് ശേഷം ഒരുമണിക്കൂർ സമയം ദിവ്യകാരുണ്യ സന്നിധിയിൽ ദൈവം നല്കിയ നന്മകൾക്ക് നന്ദി അർപ്പിച്ച് പ്രാർത്ഥിച്ചു. 28-12-2018 വെള്ളിയാഴ്ച്ച വിശുദ്ധ കുർബാനക്ക് ശേഷം ലാസലെറ്റ് ഭവൻ ഡയറക്ടർ ഫാ. ജെൻസൻ പരി. അമ്മയോട്

ചേർന്നു നിന്നാൽ അമ്മ നല്കുന്ന അനുഗ്രഹങ്ങളുടെ ആഴത്തെ ആസ്പദമാക്കി കുട്ടികൾക്ക് ക്ലാസ് നല്കി. തുടർന്ന് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി ലൈഫ് ഗോൾ സെറ്റ് ചെയ്യുവാനുള്ള ക്ലാസും, സി. ആൻസി തോമസ് സി.എം.സി ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾ ജീവിതത്തിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും ക്ലാസ് നല്കി. ഉച്ചകഴിഞ്ഞ് കുമ്പസാരത്തിന് ശേഷം വാളേരി പള്ളി വികാരി ഫാ. ജെയ്സ് പൂതക്കുഴി ദാനിയേൽ പ്രവാചകന്റെ ജീവിതവുമായി ബന്ധപ്പെടുത്തി രണ്ടര മണിക്കൂർ ക്ലാസും ആരാധനയും നടത്തി കുട്ടികളെ ആത്മീയ ഉണർവ്വുള്ളവരാക്കി. ബഹു. ജെയ്സ് അച്ചനേയും പ്രാർത്ഥനയിൽ സഹായിച്ച ബ്രദർ ജോർജിനേയും നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥനക്ക് ശേഷം വിദ്യാർത്ഥികൾക്കായി ക്രിസ്തുമസ്സ് ആഘോഷം നടത്തി.

29-12-2018 ശനിയാഴ്ച്ച രാവിലെ പത്ത് മണി മുതൽ വൈകുന്നേരം മൂന്ന് മണിവരെ ജിതിൻ സാർ പൊതു വിജ്ഞാന വിഷയത്തിൽ ക്ലാസ് നല്കി. ഭദ്രാവതി ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത് വിദ്യാർത്ഥികളെ സന്ദർശിക്കുകയും ഈ ആധുനിക യുഗത്തിൽ സഭയിലും സമുദായത്തിലും കുട്ടികൾ എങ്ങനെയുള്ള വരായിരിക്കണമെന്നും, നേതൃത്വശൈലി എങ്ങനെ ആയിരിക്കണ മെന്നും വിദ്യാർത്ഥികളെ ഉദ്ബോധിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥി ജോയേൽ പീക്കുന്നേൽ പിതാവിന് നന്ദി അർപ്പിച്ചു. ഈ മൂന്ന് ദിനങ്ങളിൽ ലിറ്റർജി, താമസം, ഭക്ഷണം എന്നിവയിൽ ക്രമീകരണം ഒരുക്കിയത് ഞങ്ങളെ സഹായിച്ച ഡയറക്ടർ ഫാ. ജെൻസനേയും, ഫാ. ജെയ്മോനേയും, ബ്രദർ ജോയേലിനേയും നന്ദിയോടെ ഓർക്കുന്നു.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**റിഫൈൻ 2019 – നേതൃത്വ പരിശീലന ക്യാമ്പ് (ഫെബ്രുവരി 8,9,10)**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ജൂബിലിവർഷത്തിൽ മേഖലാ ഭാരവാഹികളുടെ പരിശീലനാർത്ഥം രൂപതാ സമിതിയുടെ നേതൃത്വത്തിൽ റിഫൈൻ 2019 (Refine 2019) എന്ന പേരിൽ കുഞ്ഞോം ബോയ്സ് ഹോമിൽ വച്ച് നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. മേഖലയിലെ എല്ലാ ഭാരവാഹികളും, ഇവരെ കൂടാതെ ഓരോ മേഖലയിൽ നിന്നും 2 പേരും ക്യാമ്പിൽ പങ്കെടുക്കണം. ക്യാമ്പ് ഫീസ് 300 രൂപയാണ്. 8 ന് വെള്ളിയാഴ്ച്ച 5 മണിക്ക് രജിസ്ട്രേഷനോടു കൂടെ ആരംഭിച്ച് ഞായറാഴ്ച്ച ഉച്ചഭക്ഷണത്തോടെ ക്യാമ്പ് സമാപിക്കുന്നു. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കണേ.

**ആനിമ**

ഫെബ്രുവരി 9 ന് ശനിയാഴ്ച്ച രാവിലെ 11 മണിക്ക് മേഖലാ ആനിമേറ്റേഴ്സിന്റെ സംഗമം കുഞ്ഞോം ബോയ്സ് ഹോമിൽ വച്ച് നടക്കുന്നു. എല്ലാ മേഖലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**അംഗത്വ നവീകരണം**

2019 വർഷത്തെ അംഗത്വ നവീകരണം ഫെബ്രുവരി 28 ന് അവസാനിക്കുന്നു. അവസാന തീയതിക്കുള്ളിൽ രൂപത ഓഫീസിൽ എല്ലാ യൂണിറ്റുകളുടെയും അംഗത്വ ലിസ്റ്റ് നിശ്ചിത ഫീസടക്കം ഏൽപ്പിക്കുന്ന മേഖലകൾക്ക് ക്യാഷ് അവാർഡ് നൽകുന്നതാണ്. അംഗത്വം പുതുക്കുന്നതിന് 10 രൂപയും പുതിയ അംഗത്വം ചേർക്കുന്നതിന് 15 രൂപയുമാണ് ഫീസ്. അംഗത്വ ഫോം ഓഫീസിൽ ലഭ്യമാണ്. പുരുഷൻമാരുടെയും വനിതകളുടെയും പേരു വിവരം വെവ്വേറെ എഴുതി ഓഫീസിൽ ഏൽപ്പിക്കണം. ഓഫീസിൽ സമർപ്പിക്കുന്ന ലിസ്റ്റിൽ പഴയ അംഗത്വ നമ്പർ എഴുതിയിട്ടില്ലെങ്കിൽ അവ പുതിയ ലിസ്റ്റിലേയ്ക്ക് പരിഗണിക്കുന്നതാണ്.

**ത്യാഗം 2019**

മാർച്ച് 8, 9 തീയതികളിൽ ത്യാഗം കുരിശിന്റെ വഴിയും ഗവൺമെന്റ് ഹോസ്പിറ്റൽ ക്ലീനിംഗും നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**നന്ദിയോടെ**

യുവജനവർഷത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ നയിച്ച ഭാരവാഹികളെ നന്ദിയോടെ ഓർക്കുന്നു. പ്രളയം തകർത്തുകളഞ്ഞ കേരളത്തെ ഭൗതീകമായി പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളിൽ ആത്മാർത്ഥമായും കൃത്യതയോടും കൂടെ ഇടപ്പെടുകയും പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കുകയും, സമകാലിക പ്രശ്നങ്ങളിൽ വ്യക്തമായ നിലപാടുകളെടുക്കുകയും, യഥാസമയം പ്രതികരിക്കുകയും ചെയ്ത് പ്രസ്ഥാനത്തിന്റെ യശസ്സുയർത്തിയ പ്രസിഡന്റ് ശ്രീ.ജിഷിൻ മുണ്ടക്കാ ത്തടത്തിലിനും, സർഗ്ഗാത്മക ആശയങ്ങൾക്കൊണ്ട് പ്രസ്ഥാനത്തെ പോഷിപ്പിച്ച വൈസ് പ്രസിഡന്റ് കുമാരി റോസ് മേരി തേറുക്കാട്ടിലിനും, സൗമ്യമായ ഇടപ്പെടലുകളോടെ പ്രസ്ഥാനത്തോടൊപ്പമായിരുന്ന ജന റൽ സെക്രട്ടറി സുബിൻ കൊഴുപ്പത്തടത്തിലിനും, പ്രസ്ഥാനത്തിന്റെ സംഘം ചേരലുകളെ സർഗ്ഗാത്മകമായി ഒരുമിപ്പിക്കുക എന്ന അനിവാ ര്യത കൃത്യമായി നിർവ്വഹിച്ച സെക്രട്ടറിമാരായ കുമാരി അലീന ജോയ് പാണ്ടിയാംപ്പറമ്പിലിനും, ശ്രീ. ജിജോ തോമസ് താന്നിവേലിക്കും, ഭാവശക്തിയും, ഭൗതീക ശക്തിയും ഒരുപോലെ പോഷിപ്പിച്ച ട്രഷറർ അഖിൽ പള്ളത്തിനും, പരിമിതികളെ മറികടന്ന് പ്രസ്ഥാനത്തിനു വേണ്ടി നിലകൊണ്ട കോഡിനേറ്റർ ആൽഫിൻ അമ്പാറയ്ക്കും കെ.സി .വൈ.എം. പ്രസ്ഥാനത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു. യുവ ജന വർഷ പരിപാടികളെല്ലാം വിജയിപ്പിക്കുവാൻ കൂടെ നിന്ന രൂപതാ സിൻഡിക്കേറ്റംഗങ്ങൾക്കും മേഖല ഭാരവാഹികൾക്കും നന്ദി.

**വാർഷിക സെനറ്റും രൂപതാ ഇലക്ഷനും**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റ് ഡിസംബർ 21 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വൈകു ന്നേരം 5.30 ന് രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ പതാക ഉയർത്തി. ആനിമേറ്റർ സി. സ്മിത വചനപ്രതിഷ്ഠ നടത്തി. മിഷൻലീഗ് ഡയറക്ടർ ബഹുമാനപ്പെട്ട ഷിജു ഐക്കരക്കാനായിൽ അച്ചൻ സെനറ്റ് ഉദ്ഘാടനം ചെയ്തു. ജൂബിലി വർഷത്തിലേയ്ക്ക് പ്രവേ ശിക്കുന്ന കെ.സി.വൈ.എം. പ്രസ്ഥാനം ഏറ്റെടുത്തിരിക്കുന്ന വിശ്വാസയുവത്വം - സമൂഹ സമുദ്ധാരണത്തിന് എന്ന ആപ്തവാക്യം കാലിക പ്രസക്തിയുള്ളതാണെന്നും ജൂബിലി വർഷം സഭ യുവതയ്ക്കു

നൽകുന്ന വൻ അവസരമാണെന്നും ഒപ്പം തന്നെ ഇതൊരു ഉത്തരവാദിത്വമാണെന്നും അദ്ദേഹം പറഞ്ഞു. ജനറൽ സെക്രട്ടറി ശ്രീ. സുബിൻ സ്വാഗതം ആശംസിച്ചു. ശ്രീ. ജിഷിൻ അദ്ധ്യക്ഷപദം അലങ്കരിച്ചു. സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ സന്നിഹിതരായിരുന്നു. തുടർന്ന് നിലമ്പൂർ, ദ്വാരക, കല്ലോടി, നടവയൽ, ചുങ്കക്കുന്ന്, തരിയോട്, മാനന്തവാടി, മണിമൂളി, പയ്യംപ്പള്ളി, കൽപ്പറ്റ, മുള്ളൻക്കൊല്ലി എന്നീ മേഖലകൾ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ശേഷം ജനറൽ സെക്രട്ടറി ശ്രീ.സുബിൻ കൊഴുപ്പത്തടത്തിൽ രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിൻ മേലുള്ള ചർച്ചയ്ക്ക് ശേഷം സെനറ്റ് റിപ്പോർട്ട് പാസാക്കി. ട്രഷറർ അഖിൽ പള്ളത്തിന്റെ അഭാവത്തിൽ സെക്രട്ടറി ജിജോ താന്നിവേലിൽ വാർഷിക കണക്ക് അവതരിപ്പിച്ചു. ചെറിയ തിരുത്തലോടെ കണക്ക് പാസാക്കി. തുടർന്ന് നടന്ന സംഘടനാ ചർച്ചയിൽ കെ.സി.വൈ.എം. യൂണിറ്റ് എല്ലാ ഇടവകകളിലും പുനസ്ഥാപിക്കുകയും, കെ.സി.വൈ.എമ്മിനെക്കുറിച്ചുള്ള പഠന ക്ലാസ്സുകൾ എല്ലാ യൂണിറ്റുകളിലും ജൂബിലി വർഷത്തിൽ നടത്തപ്പെടണമെന്നും ശക്തമായ ആവശ്യം ഉയർന്നു. കൂടാതെ സഭയോട് ചേർന്നു നിന്ന് രാഷ്ട്രീയ നേതാക്കൾ കെ.സി.വൈ.എമ്മിലൂടെ വളർന്നുവരണമെന്ന് സെനറ്റ് ആവശ്യപ്പെട്ടു. തുടർന്ന് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്കു ശേഷം ഇലക്ഷനുവേണ്ടിയുള്ള നോമിനേഷൻ ക്ഷണിച്ചു. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ തിരഞ്ഞെടുപ്പു സമ്മേളനത്തിൽ റിട്ടേണിംഗ് ഓഫീസറായിരുന്നു. ലഭിച്ച നോമിനേഷനുകൾക്കനുസൃതം താഴെ പറയുന്നവരെ 2019 വർഷത്തെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. എബിൻ മുട്ടപ്പള്ളി |
| വൈസ്സ് പ്രസിഡന്റ് | - കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ |
| ജനറൽസെക്രട്ടറി | - ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ |
| സെക്രട്ടറി | - കുമാരി ചിപ്പി കളമ്പുക്കാട്ട് |
| | ശ്രീ. റ്റോബി കൂട്ടുങ്കൽ |
| ട്രഷറർ | - ശ്രീ. ജിയോ മച്ചുകുഴിയിൽ |
| കോഡിനേറ്റർ | - റ്റിബിൻ വർഗ്ഗീസ്സ് പാറക്കൽ |

തിരഞ്ഞെടുക്കപ്പെട്ട പുതിയ നേതൃത്വത്തിന് അഭിനന്ദനങ്ങൾ

**കെ.സി.വൈ.എം. രജത ജൂബിലി ഉദ്ഘാടനം**

പ്രസ്ഥാനം രൂപതയിൽ സ്ഥാപിതമായതിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേയ്ക്ക് കടന്നതിന്റെ ജൂബിലി പരിപാടികളുടെ ഉദ്ഘാടനം ഡിസംബർ 22 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 9 മണിക്ക്

പ്രസ്ഥാനത്തിന്റെ സഹരക്ഷാധികാരിയായ ബഹുമാനപ്പെട്ട വികാരി ജനറൽ അബ്രാഹം നെല്ലിക്കലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ ഡയറക്ടർ റോബിൻ പടിഞ്ഞാറയിലച്ചനും, ലാൽ ജേക്കബ് പൈനുങ്കൽ അച്ചനും സഹകാർമ്മികരായ വിശുദ്ധ കുർബാനയോടെ ജൂബിലി പരിപാടികൾക്ക് ആരംഭമായി. 10.30 ന് രൂപതയുടെ പതാകയും 13 മേഖലകളെ പ്രതിനീധീകരിച്ച് 13 പതാകകളും രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിലും 13 മേഖലാ പ്രസിഡന്റുമാരും ഒന്നിച്ചുയർത്തി ജൂബിലി ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൂബിലി ഗാനത്തിന്റെ സ്വിച്ച് ഓൺ കർമ്മം മുൻഡയറക്ടർ ബഹുമാനപ്പെട്ട ലാൽ ജേക്കബ് പൈനുങ്കൽ അച്ചൻ നിർവ്വഹിച്ചു. ശ്രീ. ജോസ് പള്ളത്ത് സാറും, സെക്രട്ടറി അലീന ജോയ് പാണ്ടിയാംപ്പറമ്പിലും ശബ്ദവും, മാനന്തവാടി മേഖലാ പ്രസിഡന്റ് ജോബിൻ അറയ്ക്കൽ എഡിറ്റിംങ്ങും നിർവ്വഹിച്ച ഡോക്യുമെന്ററി പ്രകാശനം ചെയ്തു. രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ് നേതൃത്വം നൽകിയ വചനപ്രതിഷ്ഠയ്ക്കു ശേഷം ജനറൽ സെക്രട്ടറി സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതമാശംസിച്ചു. ഡയറക്ടർ ഫാ. റോബിൻ ആമുഖ പ്രഭാഷണം നടത്തി. പ്രസിഡണ്ട് ശ്രീ. ജിഷിൻ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. പ്രസ്ഥാനത്തിന്റെ രക്ഷാധികാരി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വിശിഷ്ടാതിഥിയായിരുന്നു. മുൻ പ്രസിഡന്റുമാരുടെ പ്രതിനിധിയായി ശ്രീ. ജോൺസൺ തൊഴുത്തിങ്കലും, ഡയറക്ടേഴ്സിന്റെ പ്രതിനിധിയായി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുത്തേൻ അച്ചനും, ആനിമേറ്റർമാരുടെ പ്രതിനിധിയായി ബഹുമാനപ്പെട്ട സി. ലിൻസ എഫ്സിസിയും വനിതാ പ്രതിനിധി കുമാരി റോസ് മേരി തേറുക്കാട്ടിലും പ്രസംഗിച്ചു. തുടർന്ന് മികച്ച യൂണിറ്റ്, ഉപന്യാസ മത്സരം, സെൽഫി കോമ്പറ്റീഷൻ എന്നിവയുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. സെക്രട്ടറി അലീന സമ്മേളനത്തിന് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനു ശേഷം നാടൻപ്പാട്ട് കലാമേളയോടെ ഉദ്ഘാടന പരിപാടികൾ അവസാനിച്ചു. പരിപാടികൾ മനോഹരമാക്കുവാൻ സഹകരിച്ച സെക്രട്ടറിയേറ്റ് – സിൻഡിക്കേറ്റ് അംഗങ്ങൾക്കും, മുൻ ഭാരവാഹികൾക്കും നന്ദി.

**അഭിവന്ദ്യ ജോസ് പിതാവിനോടൊപ്പം**

പുതിയതായി സ്ഥാനമേറ്റെടുത്ത സെക്രട്ടറിയേറ്റ് – സിൻഡിക്കേറ്റംഗങ്ങൾ രൂപതാ പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളിയുടെ നേതൃത്വത്തിൽ 12 അംഗ സംഘം ജനുവരി 2 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ബിഷപ്പ് ഹൗസിൽ വച്ച് പിതാവുമായി സംവദിച്ചു. വിശ്വാസ യുവത്വം സമൂഹ

സമുദ്ധാരണത്തിന് എന്ന ആപ്തവാക്യം സ്വീകരിച്ചിരിക്കുന്ന പ്രവർത്തന വർഷത്തിന് പിതാവിന്റെ അനുഗ്രഹാശിസുകൾ നേർന്നു. കൂടാതെ യൂണിറ്റുകളിൽ കെ.സി.വൈ.എം. ശക്തമാക്കുന്നതിനെക്കുറിച്ചും, ഫണ്ട് കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

**മേഖലാ വാർത്തകൾ**

**കല്ലോടി**

മേഖല പ്രസിഡണ്ട് ശ്രീ. ജിജോ പുതിയിടത്തിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 2-ാം തീയതി നടന്ന യോഗത്തിൽ മേഖലയുടെ മെയ് മാസം വരെയുള്ള മാർഗ്ഗരേഖ തയ്യാറാക്കി. രൂപതാ സിൻഡിക്കേറ്റ് അംഗമായ അലീന മണൽവിളയുടെ രാജി സ്വീകരിച്ച് പകരം ആശ കലയക്കുന്നേലിനെ തൽസ്ഥാനത്തേയ്ക്ക് നിയമിച്ചു.

ജനുവരി 12 ന് രാവിലെ 9.30 ന് കല്ലോടിയിൽ നിന്ന് ആരംഭിച്ച് നിരവിൽപുഴയിൽ സമാപിച്ച ജൂബിലി വിളംബര റാലി ജാഥാ ക്യാപ്റ്റൻ പ്രസിഡണ്ട് ശ്രീ. ജിജോ പുതിയിടത്ത് നയിച്ചു. രൂപതാ ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ഷിൽന കുരീക്കാട്ടിൽ സ്വാഗതവും, ഡയറക്ടർ ഫാ.ജെയ്സ് പൂതക്കുഴി ആമുഖ പ്രഭാഷണവും, തരിയോട് മേഖലാ പ്രസിഡന്റ് അഭിനന്ദ് കൊച്ചുമലയിൽ ആശംസാപ്രസംഗവും പറഞ്ഞു. സമാപന സമ്മേളനം നിരവിൽപുഴ ദേവാലയത്തിൽ വച്ച് രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സി. സ്മിത എസ്.എ.ബി.എസ്, സി.എം.എൽ. കല്ലോടി മേഖല പ്രസിഡന്റ് റോയ് പേയ്ക്കൽ, നിരവിൽപുഴ യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് മൂന്നാനാൽ, പ്രസിഡണ്ട് ശ്രീ. അജിൻ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

**തരിയോട് മേഖല**

യുവജനവർഷ സമാപനവും കെ.സി.വൈ.എം. ജൂബിലി വർഷാരംഭവും തരിയോട് ഫൊറോന ദേവാലയത്തിൽ വച്ച് മേഖലാ ഡയറക്ടർ റവ. ഫാ. ജെയിംസ് കുന്നത്തേട്ട് നിർവ്വഹിച്ചു. 2019 വർഷത്തെ രൂപതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട തരിയോട് ഇടവകാംഗമായ ശ്രീ.എബിൻ മുട്ടപ്പള്ളിക്ക് സ്വീകരണം നൽകി. മേഖലാ പ്രസിഡന്റ് ശ്രീ. അഭിനന്ദ് കൊച്ചുമല, ആനിമേറ്റർ സി. ജീന എസ്.എച്ച്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**വാളേരി**

യൂണിറ്റ് ജൂബിലി ആഘോഷം 30-12-18 ന് രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ജിജോ പുതിയിടത്ത് ആനിമേറ്റർ സി. റോസ്‌ലിൻ തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിന് ശേഷം 2019 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കല്ലോടി**

പരിസ്ഥിതി സൗഹൃദ പുൽക്കൂട് നിർമ്മിച്ച് കെ.സി.വൈ.എം. യുവാക്കൾ ശ്രദ്ധാകേന്ദ്രങ്ങളായി. എക്സിക്യൂട്ടിവ് കൂടി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കല്ലുവയൽ**

കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ യൂണിറ്റുകൾക്ക് വേണ്ടി കരോൾഗാന മത്സരം സംഘടിപ്പിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു. തൃശിലേരിയിൽ വച്ച് നടന്ന കരോൾഗാന മത്സരത്തിൽ യൂണിറ്റംഗങ്ങൾ പങ്കെടുത്തു.

**പാറത്തോട്ടം**

ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് മാറ്റു കൂട്ടുവാൻ യുവജനങ്ങളുടെ നേതൃത്വത്തിൽ ബാന്റ് മേളം നടത്തി. സിമിത്തേരി വെഞ്ചിരിപ്പിനായി യുവജനങ്ങൾ സഹകരിച്ചു. കെ.സി.വൈ.എം. പ്രസിഡന്റ് സിജോ കുറ്റിക്കാട്ടിലിന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

**കാട്ടിക്കുളം**

ബഹുമാനപ്പെട്ട ഡയറക്ടറും പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് തിരി തെളിച്ചതോടെ രജത ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. കരുണാഭവനിലെ അന്തേവാസികളോടൊപ്പം ക്രിസ്തുമസ്സ് ആഘോഷങ്ങൾ നടത്തി. യൂണിറ്റടിസ്ഥാനത്തിൽ നടത്തിയ കരോൾഗാന മത്സരങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി.

**ചുങ്കക്കുന്ന്**

യുവജനവർഷ സമാപനത്തോടനുബന്ധിച്ച് ഡിസംബർ 7 ന് വൈകുന്നേരം 5 മുതൽ ജാഗരണ പ്രാർത്ഥന തലശ്ശേരി ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടി നടത്തി. 8 ന് യുവജനവർഷ സമാപനം നടത്തി. 15 ന് തെങ്ങുവഴിയിലുള്ള കൃപാസദൻ, മരിയസദൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് വേണ്ട ശുശ്രൂഷകൾ ചെയ്തു. കേക്ക് മുറിച്ച് ക്രിസ്തുമസ്സ് ആഘോഷിച്ചു.

പള്ളിയങ്കണത്തിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. ക്രിസ്തുമസ്സ് രാവിൽ ഫ്ളാഷ് മോബ്, കരോൾഗാനങ്ങൾ എന്നിവ സംഘടിപ്പിച്ചു. 25 ന് മാടത്തിൻകാവ് പണിയകോളനിയിൽ വിവിധ പരിപാടികളോടെ, വിഭവ സമൃദ്ധമായ ഭക്ഷണത്തോടൊപ്പം കെ.സി.വൈ.എം. അംഗങ്ങൾ ക്രിസ്തുമസ്സ് ആഘോഷിച്ചു. കരോൾ ഗാന മത്സരത്തിൽ മേഖലയിൽ രണ്ടാം സ്ഥാനവും പുൽക്കൂട് നിർമ്മാണത്തിന് ഒന്നാം സ്ഥാനവും കരസ്ഥമാക്കി. 26 ന് വൈകുന്നേരം നടന്ന മലയോര ശബ്ദം സംഘടിപ്പിച്ച കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.

**പുതിയിടം യൂണിറ്റ്**

യുവജനവർഷ സമാപനത്തോടനുബന്ധിച്ച് ശ്രീ. ബോബി ചെമ്പനോടയുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. എമ്മാവൂസ്സ് വില്ലയിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി. ഫണ്ട് ശേഖരണാർത്ഥം സമ്മാന കൂപ്പൺ വിതരണം ചെയ്തു. രോഗിയും ഇടവകാംഗവുമായ കെ.സി.വൈ.എം. അംഗത്തെ സന്ദർശിച്ച് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു.

**പാലേമാട്**

ചോക്കാട് എസ്ഡി സിസ്റ്റേഴ്സിന്റെ അഗതിമന്ദിരം സന്ദർശിച്ച് ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി കേക്ക് മുറിച്ച് അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. യുവജനവർഷത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ നിർമ്മിച്ച പ്രതിധ്വനി-2018 കൈയ്യെഴുത്ത് മാസിക യുവജനവർഷ സമാപനത്തിൽ പ്രകാശനം ചെയ്തു. ക്യാൻസർ രോഗിയായ ഭവ്യയെ സന്ദർശിച്ച് ചികിൽസാ സഹായം നൽകി.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി, കെ.സി.വൈ.എം.

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 6 മുതൽ 9 വരെ നടന്ന MPC യിൽ 79 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി. 2018 ൽ മണിമൂളിയിലും ദ്വാരകയിലുമായി നടത്തിയ 19 വിവാഹ ഒരുക്ക സെമിനാറുകളിൽ 1832 യുവതീ യുവാക്കൾ പങ്കടുത്തു. ഇവരുടെ മാതാപിതാക്കൾക്കായി 2018 ൽ രൂപതയിലാരംഭിച്ച ക്ലാസുകളിൽ മാതാപിതാക്കൾ സജീവമായി പങ്കെടുത്തു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഫെബ്രുവരി 10-13 | : | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 10-13 | : | പാസ്റ്ററൽ സെന്റർ ദ്വാരക |

**മരിയൻ സിംഗിൾസ്**

ജനുവരി 15 ന് രൂപതാ മീറ്റിംഗ് കൂടി. 18 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 25 ന്.

**മാതൃവേദി**

**രൂപതാ വാർത്തകൾ**

ജനുവരി 12 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മുൻ ഭരണ സമിതിയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പങ്കെടുത്തു. രൂപതാ വാർഷികം നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തി. അടുത്ത 3 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികൾ തദവസരത്തിൽ ഉത്തരവാദിത്വമേറ്റെടുത്തു. മുൻരൂപതാ ഭാരവാഹികൾക്ക് നന്ദിയർപ്പിച്ചു. പുതിയ രൂപതാ ഭാരവാഹികൾക്ക് എല്ലാവിധ മംഗളങ്ങളും നേരുന്നു. ജനുവരി 21, 22 തീയതികളിൽ ചങ്ങനാശേരിയിൽ വച്ചു നടത്തിയ സീറോ മലബാർ മാതൃവേദിയുടെ ജനറൽബോഡിയിൽ മാനന്തവാടി രൂപതയിൽ നിന്നും രൂപതാ ആനിമേറ്റർ സി. കൃപയുടെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികളും സെനറ്റംഗങ്ങളും പങ്കെടുത്തു.

**മേഖലാ വാർത്തകൾ**

**കല്ലോടി**

മേഖലാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലിന്റെ നേതൃത്വത്തിൽ മേഖലാ വാർഷികം ദീപ്തിഗിരിയിൽവച്ചു നടത്തി. മേഖലയിലെ ബെസ്റ്റ് ശാഖ, കയ്യെഴുത്ത് മാസിക, നല്ല അടുക്കളത്തോട്ടം എന്നീ മത്സരങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കിയ ശാഖകൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. ലോഗോസിന് സമ്മാനാർഹയായ ജോൻസി രാമപുരത്തിന് ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

**തരിയോട്**

ഇതാ നിന്റെ മകൻ എന്ന കയ്യെഴുത്ത് മാസികയിൽ മേഖലയിൽ സമ്മാനാർഹരായ ശാഖകളെ ആദരിച്ചു. രൂപതാവാർഷികത്തിൽ 65 പേർ പങ്കെടുത്തു. രൂപതയിലെ ബെസ്റ്റ് മേഖലയിൽ തരിയോട് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**പയ്യംമ്പള്ളി**

പുതിയതായി തെരഞ്ഞെടുത്ത എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ശ്രീമതി ഗ്രേസി ടീച്ചറിന്റെ നേതൃത്വത്തിൽ നേതൃത്വപരിശീലന ക്ലാസ് നൽകി. മേഖലാ വാർഷികം നടത്തി. കരോൾഗാനമത്സരം, പച്ചക്കറി തൈ പ്രദർശനം എന്നിവ നടത്തി സമ്മാനാർഹരായവരെ ആദരിച്ചു.

**ശാഖാ വാർത്തകൾ**

**കയ്യൂന്നി**

ഈ വർഷത്തെ മാതൃവേദിയുടെ മികച്ച പ്രവർത്തനങ്ങൾക്ക് മേഖലയിലും രൂപതയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ക്രൈസ്തവ കുടുംബങ്ങളും വി. ഗ്രന്ഥവും എന്ന വിഷയത്തെകുറിച്ച് ആനിമേറ്റർ സി. ആനി ജോൺ ക്ലാസ്സ് എടുത്തു. മാതൃവേദിയുടെ വാർഷികം യൂണിറ്റു തലത്തിലും മാതൃവേദി ആന്തമത്സരം ഇടവകതലത്തിലും നടത്തി. ഏറ്റവും നല്ല ജൈവ കർഷക കുടുംബങ്ങളെ കണ്ടെത്തി സമ്മാനങ്ങൾ നൽകി. കരോൾഗാനമത്സരം നടത്തി ക്യാഷ് അവാർഡ് നേടി. അമ്മമാരുടെ നേതൃത്വത്തിൽ ലോഗോസിന് രൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിന് ഒന്നാം സ്ഥാനം സ്വന്തമാക്കി. ക്രിസ്തുമസ് ദിനത്തിലെ പ്രഭാതഭക്ഷണം കോളനി നിവാസികളോടൊപ്പം പങ്കുവെച്ചു. അമ്മമാർ ഒന്നുചേർന്ന് 3, 6, 29 തീയതികളിൽ ചെയിൻ റോസറി നടത്തി പ്രാർത്ഥിച്ചു.

**കൽപ്ര**

മാതൃവേദിയിലേക്ക് 200 അമ്മമാരുടെ പേരുകൾ രജിസ്റ്റർ ചെയ്തു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. ചെയിൻ റോസറി നടത്തി. പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് തിരുഹൃദയജപ മാല ചൊല്ലി പ്രാർത്ഥിച്ചു. ആദ്യകുർബാന കുട്ടികളെ ഒരുക്കുന്നതിന് അമ്മമാർ നേതൃത്വം നൽകി. ദേവാലയതിരുകർമ്മങ്ങൾക്ക് അമ്മമാർ ആവശ്യമായ പൂക്കൾ ഓരോദിനവും എത്തിക്കുന്നു.

**വാഴവറ്റ**

ഒരുവർഷത്തേക്ക് പ്രാർത്ഥിക്കുവാനായി യൂണിറ്റുതലത്തിൽ ഫാമിലി ഫ്രണ്ടിനെ തെരഞ്ഞെടുത്തു. ക്രിസ്തുമസ് കാർഡ് മത്സരം, കരോൾഗാന മത്സരം എന്നിവ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. അഖണ്ഡ ബൈബിൾപാരായണം നടത്തി. ഭവനസന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ജീവൻജ്യോതി, ജ്യോതിനിവാസ് എന്നി വിടങ്ങളിൽ ക്രിസ്തുമസ് ആഘോഷിച്ചു. മാർഗ്ഗരേഖ തയ്യാറാക്കി.

**ബത്തേരി**

അമലോത്ഭവതിരുനാൾ ആഘോഷിച്ചു. വാർദ്ധക്യത്തിലായിരി ക്കുന്ന മാതൃവേദിയംഗം മറിയം കരിമാങ്കുളത്തെ സന്ദർശിച്ചു പ്രാർത്ഥിച്ചു. ചെയിൻ റോസറി നടത്തി. ഒരു നിർദ്ധനകുടുംബത്തിന് 5000 രൂപ നൽകി സഹായിച്ചു. കരോൾഗാന മത്സരത്തിലും പുൽക്കൂട് മത്സരത്തിലും പങ്കെടുത്തു. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആച രിച്ചു. മേഖലാവാർഷികം നടത്തി. എല്ലാ ഞായറാഴ്ചയും മാതൃവേദി തട്ടുകട സജീവമായി നടത്തിവരുന്നു.

**കാവുംമന്ദം**

മാതൃവേദിയുടെ പ്രവർത്തനങ്ങൾക്കായി ടിൻ കളക്ഷൻ നടത്തി. 61000 രൂപ സമാഹരിച്ചു. വാർദ്ധക്യത്തിലെത്തിയവരെ ദേവാലയത്തിൽ കൊണ്ടുവന്ന് ക്രിസ്തുമസ് ആഘോഷം നടത്തി. അമ്മമാരുടെ നേതൃത്വ ത്തിൽ കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു.

**കുന്നൂർ**

വൃദ്ധസദനം സന്ദർശിച്ച് 2000 രൂപയും ഭക്ഷണസാധനങ്ങളും നൽകി. കലാപരിപാടികൾ അവതരിപ്പിച്ചു. ക്രിസ്മസിന് അമ്മമാർ പാതിരാകുർബാനയ്ക്കുശേഷം കാപ്പിയും കേക്കും വിതരണംചെയ്തു.

**പൂളപ്പാടം**

അമ്മമാർ അഖണ്ഡജപമാല ചൊല്ലി ക്രിസ്മസിനെ വരവേറ്റു. മാതൃവേദി അംഗങ്ങൾക്കായി കേക്ക് നിർമ്മാണ പരിശീലനം നടത്തി.

**പാറത്തോട്ടം**

ഈ വർഷം മൃതിയടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. പൊതുപണിയിൽ അമ്മമാർ സജീവമായി പങ്കെടുത്തു.

**അമ്പായത്തോട്**

വൃദ്ധമാതാക്കൾ ഉള്ള 10 ഭവനങ്ങൾ കണ്ടെത്തി അവരോടൊപ്പം ജപമാലചൊല്ലി കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷിച്ചു. രോഗീ സന്ദർശനം നടത്തി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു.

**കാട്ടിക്കുളം**

പരിശുദ്ധ അമ്മ നമുക്ക് മാതൃക എന്ന വിഷയത്തെക്കുറിച്ച് ജോസ് പുന്നക്കുഴി സാർ ക്ലാസ്സെടുത്തു. 75 അമ്മമാർ പങ്കെടുത്തു. കരോൾഗാന മത്സരത്തിലും ഔഷധ സസ്യങ്ങളുടെ മത്സരത്തിലും അമ്മമാർ പങ്കെടുത്ത് സമ്മാനാർഹരായി.

**പാൽച്ചുരം**

ക്രിസ്മസ്ഫ്രണ്ട്, നോമ്പാചരണം, രൂപതാവാർഷികം, ഇടവക മദ്ധ്യസ്ഥന്റെ തിരുനാളാഘോഷം എന്നിവയിൽ അമ്മമാർ സജീവമായി പങ്കെടുത്തു.

**കോട്ടത്തറ**

ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്ത് പ്രാർത്ഥിച്ചു. അമലോത്ഭവ തിരുനാൾ ആചരിച്ചു. അമ്മമാർ യുവജനങ്ങൾക്കുവേണ്ടി ഒരു വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. ഭവനത്തിന്റെ പണിപൂർത്തിയാക്കാൻ സാധിക്കാത്ത ഒരു നിർദ്ധനകുടുംബത്തിന് 12 ചാക്ക് സിമന്റ് വാങ്ങികൊടുത്തു. 80 പേർ സമ്പൂർണ്ണ ബൈബിൾ വായിച്ച് പൂർത്തിയാക്കി. ഭവനസന്ദർശനം, ഏലീശ്വാസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**പാലേമാട്**

കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു. രൂപതാവാർഷികത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു.

**പാതിരിപ്പാടം**

അഗതിമന്ദിരം സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. കയ്യെഴുത്ത് മാസികയിൽ രൂപതയിൽ മൂന്നാം സ്ഥാനത്തിന് അർഹമായി. അമ്മമാർ കേക്ക് നിർമ്മിച്ച് വിതരണം ചെയ്തു.

**പനമരം**

ബഹു. തോമസ് തെക്കേപ്പുറം അച്ചൻ അമ്മമാർക്ക് ക്ലാസ് എടുത്തു. രോഗീസന്ദർശനം നടത്തി. ചികിത്സയ്ക്കായി 5000 രൂപ

നൽകി. ലോഗോസ് പരീഷയെഴുതി ഉന്നതമാർക്ക് വാങ്ങിയ അമ്മമാരെ ആദരിച്ച് സമ്മാനങ്ങൾ നൽകി. അമ്മമാരുടെ നേതൃത്വത്തിൽ ബൈബിൾ പാരായണം നടത്തി. ക്രിസ്മസിന് ഒരു നിർദ്ധനകുടുംബത്തെ സന്ദർശിച്ച് 1000 രൂപ നൽകി.

**പുതിയിടംകുന്ന്**

ആശുപത്രി ശുശ്രൂഷയ്ക്കായി പിടിയരി, പണം ഇവ സമാഹരിച്ച് ഭക്ഷണം പാകം ചെയ്ത് രോഗികൾക്ക് കൊടുത്തു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പൊതിച്ചോർ ശേഖരിച്ച് കോളനികളിലും രോഗികളായവർക്കും നൽകി, കേക്ക് മുറിച്ച് സന്ദേശങ്ങൾ നൽകി ക്രിസ്മസ് ആഘോഷിച്ചു. ഭാരവാഹികളുടെ നേതൃത്വത്തിൽ മികച്ച ജൈവകർഷകരെ കണ്ടെത്തി സമ്മാനങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

പേരാവൂർ-തെറ്റുവഴി മരിയഭവൻ സന്ദർശിച്ച് ക്ലീനിംഗ്, ഭക്ഷണം തയ്യാറാക്കൽ, വസ്ത്രം അലക്ക് എന്നിവയ്ക്ക് അമ്മമാർ നേതൃത്വം നൽകി. 6 കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റുകൾ വിതരണം ചെയ്തു. സംഘടനാഭാരവാഹികൾ കോളനി നിവാസികളോടൊപ്പം ക്രിസ്മസ് ആഘോഷിച്ചു. ശ്രീമതി ഹരിപ്രിയയുടെ നേതൃത്വത്തിൽ അമ്മമാർക്ക് കേക്ക് നിർമ്മാണ പരിശീലനം നല്കി. ഇടവകയിൽ മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**വലിയകൊല്ലി**

രോഗീസന്ദർശനം നടത്തി. സത്യദീപം മാസിക വിതരണം ചെയ്തു. രൂപതാ വാർഷികത്തിന് സംഘഗാനവും കരോൾഗാനവും അവതരിപ്പിച്ചു. ക്രിസ്മസ് കരോളിന് അമ്മമാർ ഭാഗഭാക്കുകളായി. വർഷാവസാന ആരാധനയിൽ അമ്മമാർ സജീവമായി പങ്കെടുത്തു.

**മൺവയൽ**

അമലോത്ഭവ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ സമുചിതമായി ആഘോഷിച്ചു. ബഹു. ബിജു തുരുത്തേൽ അച്ചന്റെ നേതൃത്വത്തിൽ പരി. അമ്മയെക്കുറിച്ച് ക്ലാസ്സ് കൊടുത്തു. 100 അമ്മമാർ പങ്കെടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (4-1-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് 12 മണിക്ക് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. 2 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. ഒരുമാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. ആദ്യ ശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗ രണ പ്രാർത്ഥന ആരംഭിച്ചു. 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (5-1-19)**

രാവിലെ 6 മണി മുതൽ ബ്രദർ ജോസ് മാളോല ആമുഖശുശ്രൂ ഷകൾക്ക് നേതൃത്വം നൽകി. പരിശുദ്ധ അമ്മയുടെ തിരുസന്നിധിയിൽ സഹന ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. സ്തുതി ആരാധനയ്ക്ക്ശേഷം ബ്രദർ ജോസഫ് വട്ടക്കു ന്നേൽ വചനപ്രഘോഷണം നടത്തി. മാനന്തവാടി രൂപതയിലെ നവ വൈദികർ വി. ബലിയർപ്പിച്ചു വചനസന്ദേശം നൽകി. കുമ്പസാരത്തി നും, സ്പിരിച്വൽ ഷെയറിംഗിനും ധാരാളംപേർ പങ്കെടുത്തു. ലഘു ഭക്ഷണത്തിനുശേഷം ബഹു. ഫാ. സോണി വാഴകാട്ട് ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**സ്പിരിച്വൽ ഷെയറിംഗ് : രണ്ടാംശനി (12-1-19)**

വെള്ളിയാഴ്ച വൈകിട്ട് സ്പിരിച്വൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. രാത്രി 10 മണിയോടെ ശുശ്രൂ ഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 ന് പൊതുസ്പിരിച്വൽ ഷെയറിംഗ് ആരംഭിച്ചു. 70 ഓളം പേർ പങ്കെടുത്തു. 10 ശുശ്രൂഷകർ നേതൃത്വം നൽകി. ഇടദിവ സങ്ങളിലെ ശുശ്രൂഷകൾക്കായി ധാരാളം പേർ വരുന്നു. 3.30 ന് ശുശ്രൂ ഷകൾ സമാപിച്ചു.

**ജാഗരണം 3-ാം വെള്ളി (18-1-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യത്തിനുമുമ്പിൽ ജപമാലയും കരുണ

കൊന്തയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ബ്രദർ ജോസ് മാളോല നേതൃത്വം നൽകി. രാവിലെ 5 മണിക്ക് വി.ബലിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ധ്യാനം (പരിശുദ്ധാത്മാഭിഷേകധ്യാനം 18–21)**

4 ദിവസത്തെ പരിശുദ്ധാത്മാഭിഷേക ധ്യാനത്തിന് സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സോണി വാഴകാട്ട്, ഫാ. ബാബു മൂത്തേടം, ഫാ. അഗസ്റ്റിൻ താന്നിയിൽ, ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, സി. മെറീന എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

**നാലാംശനി – രോഗസൗഖ്യ ശുശ്രൂഷകൾ (26–1–19)**

രാവിലെ 9.30 ന് സൗഖ്യ ശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ആരാധന, കുരിശിന്റെ വഴി, സ്തുതിആരാധന, വി. കുർബാന എന്നിവയ്ക്കുശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് ബഹു. ഡയറക്ടർ ഫാ. സോണി വാഴകാട്ട് നേതൃത്വം നൽകി.

**2019 ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 1–2–2019 ആദ്യവെള്ളി | – | എൽഡറിംങ്ങ്, ടീം മീറ്റിംഗ് ജാഗരണ പ്രാർത്ഥന |
| 2–2–2019 ആദ്യശനി | – | ഏകദിന കൺവെൻഷൻ |
| 8–2–2019 രണ്ടാം വെള്ളി | – | തൂവാനീസാ സംഗമം |
| 9–2–2019 രണ്ടാം ശനി | – | പൊതു സ്പിരിച്ചൽ ഷെയറിംഗ് |
| 15–18 വെള്ളി – തിങ്കൾ | – | ആന്തരികസൗഖ്യധ്യാനം |
| 15–2–2019 മൂന്നാം വെള്ളി | – | ജാഗരണപ്രാർത്ഥന |
| 23–2–2019 നാലാം ശനി | – | രോഗസൗഖ്യ ശുശ്രൂഷാദിനം |
| 24–27 | – | ഇടവകധ്യാനം – മണ്ണുവയൽ |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**കഴിഞ്ഞ മാസം നടന്ന വിവിധ ശുശ്രൂഷകൾ**

**സാഗോ 2019 (ജ്ഞാനം) – പരീക്ഷ ഒരുക്ക ധ്യാനം**

2019 ജനുവരി മാസം 11–ാം തീയതി വെള്ളിയാഴ്ച്ച മുതൽ 13–ാം തീയതി ഞായറാഴ്ച്ച വരെ ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽവെച്ച് മാനന്തവാടി സോൺ ജീസസ് യൂത്ത് ഡയറക്ടർ റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് അച്ചന്റെ ആത്മീയ ഉപദേശത്താലും അനുഗ്രഹത്താലും, അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ (അസിസ്റ്റന്റ് കോർഡിനേറ്റർ), അൻസു ജേക്കബ് (ഫുൾടൈമർ) എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരീക്ഷ ഒരുക്ക ധ്യാനത്തിൽ വിവിധ ഇടവകകളിൽ നിന്നായി 75 കുട്ടികൾ പങ്കെടുത്തു. ജീസസ് യൂത്തിലെ എല്ലാ സഹോദരങ്ങളുടേയും പങ്കാളിത്തത്തോടെ യേശുക്രിസ്തുവിന്റെ കൃപയാൽ ഈ ധ്യാനം വിജയകരമായി തീർന്നു.

**നന്ദിയുടെ ഒരു വാക്ക്...**

പരീക്ഷ ഒരുക്ക ധ്യാനത്തിനായി പാസ്റ്ററൽ സെന്ററും മറ്റു സൗകര്യങ്ങളും ഞങ്ങൾക്കായി ക്രമീകരിച്ച പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി അച്ചനേയും അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.അനീഷ് കാട്ടാംകോട്ടിൽ അച്ചനേയും സ്നേഹപൂർവ്വം ഓർക്കുന്നു. ധ്യാനത്തിലെ വിവിധ ശുശ്രൂഷകൾക്കായി ധ്യാനകേന്ദ്രവും മറ്റു സഹായങ്ങളും തരുകയും ഒപ്പം ധ്യാനദിനങ്ങളിൽ വിശുദ്ധ ബലിയർപ്പിക്കുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്ത സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട് അച്ചനെ പ്രാർത്ഥനയോടെ ഓർക്കുന്നു. ധ്യാനദിനങ്ങളിൽ ക്ലാസ്സുകളെടുക്കുകയും തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്ത റവ. ഫാ. വിനോദ് പാക്കാനിക്കുഴി (വികാരി കണിയാമ്പറ്റ), റവ. ഫാ. ക്രിസ്റ്റി മടത്തേട്ട് RCJ (റൊഗാത്തേഭവൻ, ചേരിയം കൊല്ലി), ഡോ. ഡിനു ആൻ ഡൊമിനിക്ക് (ഫോർമേഷൻ മിനിസ്ട്രി കോർഡിനേറ്റർ), വിനോദ് മാങ്കൂട്ടത്തിൽ (കൗൺസിൽ മെമ്പർ), ഡോ. അലക്സ് കാവുകാട്ട് (Assistant Professor in Education, St. Thomas College, Pala), ലിയാ കുന്നുംപുറത്ത് (ലീഡർ) എന്നീ സഹോദരങ്ങളെ ഏറെ സ്നേഹ

പൂർവ്വം ഓർക്കുന്നു. കുമ്പസാരത്തിനായി സഹായിച്ച റവ.ഫാ. ജോസഫ് വള്ളോപ്പിള്ളി, റവ. ഫാ. മാത്യു കാട്ടറത്ത്, റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ, റവ. ഫാ. അനീഷ് കണ്ണമ്പുഴ RCJ എന്നീ വൈദീകരെ സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. കൗൺസിലിംങ് ശുശ്രൂഷയിൽ സഹായിച്ച സീയോൻ ധ്യാനകേന്ദ്രത്തിലെ എല്ലാ ശുശ്രൂഷകരെയും, ജാഗരണ പ്രാർത്ഥനകളിൽ ഒപ്പമുണ്ടായിരുന്ന ദ്വാരക നിത്യാരാധന മഠത്തിലെ ബഹുമാനപ്പെട്ട ആൻസി സിസ്റ്ററിനേയും വിനീജ സിസ്റ്ററിനേയും നന്ദിയോടെ ഓർക്കുന്നു. ഈയൊരു പരീക്ഷ ഒരുക്ക ധ്യാനത്തിലേക്ക് കുട്ടികളെ പറഞ്ഞുവിടാൻ മനസ്സു കാണിച്ച ബഹുമാനപ്പെട്ട എല്ലാ ഇടവക വികാരിയച്ചന്മാരേയും കുട്ടികളുടെ മാതാപിതാക്കളേയും, പ്രാർത്ഥനകളിലൂടെ ഞങ്ങളെ സഹായിച്ച ദ്വാരക പാസ്റ്ററൽ സെന്ററിനോട് ചേർന്ന് വിവിധ ഓഫീസുകളിൽ സേവനം ചെയ്യുന്ന എല്ലാ ബഹുമാനപ്പെട്ട വൈദീകരേയും സിസ്റ്റേഴ്സിനേയും, ദ്വാരക വിയാനി ഭവനിലുള്ള എല്ലാ ബഹുമാനപ്പെട്ട വൈദീകരേയും സ്നേഹപൂർവ്വം ഓർക്കുന്നു. ഈ ധ്യാനത്തിനായി ക്ഷീണമെല്ലാം മറന്ന് ഓടിനടന്നു ശുശ്രൂഷ ചെയ്യുകയും കായികപരമായും പ്രാർത്ഥനാപൂർവ്വവും പങ്കുചേർന്ന എല്ലാ ജീസസ് യൂത്ത് സഹോദരങ്ങളേയും വളരെ പ്രത്യേകമായി ജോബി കെ. ജോസ് കൈതമനയുടെ നേതൃത്വത്തിൽ ഭക്ഷണം പാകം ചെയ്ത ആൽബിൻ ജോസ് കോഴിക്കര, സന്തോഷ് കുര്യൻ തേക്കുമല, വിനീഷ് വർഗ്ഗീസ് കോട്ടായിൽ, അബിൻ ജോർജ്ജ് പൂവനാട്ട്, ബിബിൻ വർഗ്ഗീസ് നിരപ്പേൽ, സുനിൽ, അമൽ വിൻസെന്റ് വാവശ്ശേരിയിൽ, അംബിക മാത്യു, ലിയ മാത്യു വെട്ടത്ത്, സ്റ്റേജ് മനോഹരമായി അലങ്കരിച്ച ഷോബിൻ എബ്രഹാം കൊടിയംകുന്നേൽ, ഷിനു ജോൺ വടകര, രജിസ്ട്രേഷനും ധ്യാനത്തിന്റെ മൊബിലൈസേഷനും നേതൃത്വം നൽകിയ റിബിൻ ബേബി കുന്നുമ്മേൽ, സഹായിച്ച ലയന തവിഞ്ഞാൽ, അഖില കെ.ജി. കുന്നുംപുറത്ത്, ആശ ജോസഫ് കടവനാൻ, ഹൃദയസ്പർശിയായ സ്കിറ്റിലൂടെ കുട്ടികളെ ആത്മീയ ചിന്തയിലേക്ക് നയിച്ച അനില ഷാജി കുമ്പളപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള ടീമിൽ അംഗങ്ങളായ സജി വാനിയംകിഴക്കേൽ, ലിബിൻ പോൾ എടശ്ശേരിതോട്ടത്തിൽ, ജിന്റോ ഒറോപ്ലാക്കൽ, സോന ജോസഫ് അരമാണിയിൽ, ആനന്ദത്തിലേക്ക് നയിക്കുന്ന അക്ഷരസോംഗിനു നേതൃത്വം നൽകിയ ജിനോ കെ. വി. കുമരകത്ത്, സഹായിച്ച ജുബിൻ ജോസ് മൂഴിയാങ്കൽ, എഡ്വിന തെരെസ് ജോർജ്ജ് കോലത്താപ്പിള്ളിൽ, അബിന ഇമ്മാനുവേൽ കണ്ടത്തിങ്കര, അൾത്താരശുശ്രൂഷയിൽ സഹായിച്ച

ഷാരോൺ എബ്രഹാം കൊടിയംകുന്നേൽ, നിതുൽ രാജു, സാഹിൽ ജോൺ പുല്ലാപ്പള്ളിൽ, കൗൺസിലിംഗിനും കുമ്പസാരത്തിനും ധ്യാനത്തിന്റെ മറ്റു ശുശ്രൂഷകളിലും സഹായിച്ച ജീന മാത്യു പരിയാരത്ത്, ഹർഷ ഡൊമിനിക്ക് മാളിയേക്കൽ, റെനീഷ്, അഖില ബിനു വാഴത്തോട്ടത്തിൽ, മനോഹരമായ ഗാനത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്താൻ സഹായിച്ച അജിത്ത് ബേബി വട്ടുകുളത്തിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ആശ സേവ്യർ അറക്കപ്പറമ്പിൽ, അഭിയ ഒണ്ടയങ്ങാടി, അനീന, നിമിഷ സെബാസ്റ്റ്യൻ ചൂടിയാങ്കൽ, ധ്യാനത്തിന്റെ തുടക്കം മുതൽ അവസാനം വരെ സ്റ്റേജ് സംബന്ധമായ കാര്യങ്ങൾക്ക് നേതൃത്വം നൽകിയ അൻസു ജേക്കബ് (ഫുൾടൈമർ), ബിനില ബേബി പള്ളിക്കമാലിൽ, ധ്യാനം തുടങ്ങിയ സമയം മുതൽ ധ്യാനത്തിന്റെ അവസാനനിമിഷം വരെ ലിജോ കെ.ജെ.കുഴിയാനിമറ്റത്തിലിന്റെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥ നയിൽ തങ്ങളുടെ സമയം ക്രമപ്പെടുത്തി പങ്കെടുത്ത ബിജു ജോസഫ് അരീപ്ലാക്കൽ, പി. ടി. മനോജ് കുമാർ പാക്കാനിക്കുഴി, ഷിനോജ് ആക്കാംതിരിയിൽ, ബിനോയ് കല്ലോടി, വിനു മാത്യു ചാത്തംകണ്ടത്തിൽ, ജയിസ് ജെയിംസ് ഒണ്ടയങ്ങാടി, ജോൺ ബ്രിട്ടോ ഇടക്കുളത്തൂർ, ജിതിൻ വി.ജെ.വെള്ളമറ്റത്തിൽ, സിയ ബിനോയ് ഏനാനിക്കൽ, എന്നിവരെയും സ്നേഹപൂർവ്വം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാറ്റിലുമുപരിയായി ഈ ധ്യാനത്തിനു മുഴുവൻ സമയവും ഞങ്ങളുടെയൊപ്പമായിരുന്നുകൊണ്ട് നിർദ്ദേശങ്ങൾ നൽകുകയും ആത്മീയ കരുത്ത് നൽകി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്ത ബഹുമാനപ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചനേയും സ്നേഹപൂർവ്വം ഓർക്കുന്നു.

### ഫിലിപ്പ് കോഴ്സ് (ഫോർമേഷൻ പ്രോഗ്രാം) - കമില്ലസ് സെമിനാരി, അമ്പുകുത്തി

2019 ജനുവരി മാസം 25, 26, 27 തീയതികളിൽ എരുമത്തെരുവ് അമ്പുകുത്തി കമില്ലസ് സെമിനാരിയിൽ വെച്ച് ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പ്രാഥമിക പരിശീലന കോഴ്സായ ഫിലിപ്പ് കോഴ്സ് നടത്തപ്പെട്ടു. കോയമ്പത്തൂർ, ഇടുക്കി, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ നിന്നായി 51 ജീസസ് യൂത്ത് സഹോദരങ്ങൾ പങ്കെടുത്തു. ജീവിതത്തിന് ദിശാബോധം നൽകുക, പിതാവായ ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കുക, പാപം, യേശുവിന്റെ രക്ഷ, വിശ്വാസവും മാനസാന്തരവും, പരിശുദ്ധാത്മാവ്, സ്നേഹ ഐക്യസമൂഹം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് രണ്ട് ദിവസം പൂർണ്ണമായി 48 മണിക്കൂർ സമയ

മെടുത്ത് താമസിച്ചുള്ള ധ്യാനാത്മക പഠനശിബിരമാണിത്. ഈയൊരു ഫിലിപ്പ് കോഴ്സ് നടത്താനായി എല്ലാ സഹായങ്ങളും ചെയ്തു തന്ന കമില്ലസ് സെമിനാരിയിലെ എല്ലാ വൈദീകരേയും വളരെ പ്രത്യേക മായി റവ. ഫാ. ലിജോ പട്ടത്തിൽ (Vicar Provincial & The Secretariat of Formation) അച്ചനേയും പ്രാർത്ഥനാപൂർവ്വം ഓർക്കുന്നു. ജീസസ് യൂത്ത് സെൻട്രൽ ടീമിൽ നിന്നുമുള്ള സഹോദരങ്ങളാണ് ഈ ഫിലിപ്പ് കോഴ്സിന്റെ വിവിധ സെഷനുകൾ ചെയ്തത്.

**നടക്കാനിരിക്കുന്ന വിവിധ ശുശ്രൂഷകൾ**

**ലീഡേഴ്സ് ഗാതറിങ് – ഫെബ്രുവരി 8**

മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിലവിൽ ശുശ്രൂഷ ചെയ്തുവരുന്ന എല്ലാ ലീഡേഴ്സിന്റേയും ഒരു കൂട്ടായ്മ ഫെബ്രുവരി മാസം 8–ാം തീയതി വൈകുന്നേരം 6.30 മുതൽ രാത്രി 11.30 വരെ ദ്വാരക സീയോൻ വട്ടചാപ്പലിൽ വെച്ച് നടത്തപ്പെടുന്നു. പിറ്റേ ദിവസം നടത്തപ്പെടുന്ന ഏകദിന ശുശ്രൂഷയ്ക്ക് മുന്നോടിയായി മുട ങ്ങാതെ പ്രാർത്ഥിച്ചൊരുങ്ങുന്ന ഈ നൈറ്റ് വിജിലിൽ വിശുദ്ധ കുർബാന, ക്ലാസ്സ്, ദിവ്യകാരുണ്യആരാധന എന്നിവ ഉണ്ടായിരി ക്കുന്നതാണ്.

**ഏകദിന ശുശ്രൂഷ – ഫെബ്രുവരി 9**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ദ്വാരക സീയോൻ വട്ടചാപ്പ ലിൽ വെച്ച് ഫെബ്രുവരി മാസം 9–ാം തീയതി രണ്ടാം ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ യുവജനങ്ങൾക്കായി ഏകദിന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. രാവിലെ ജപമാലയോടു കൂടി ആരംഭിച്ച് ദിവ്യകാരുണ്യ ആശീർവ്വാദത്തോടുകൂടി അവസാനി ക്കുന്നതാണ്. കുമ്പസാരം, ക്ലാസ്സ്, വിശുദ്ധ കുർബാന, ഗാനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന എന്നിവ ഉണ്ടായിരിക്കുന്നതാണ്. എല്ലാ യുവ ജനങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഷൈജു ജോസ്**

കോ–ഓർഡിനേറ്റർ ഇൻചാർജ്ജ്

ജീസസ് യൂത്ത്, മാനന്തവാടി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ജനുവരി പൊതുവെ തിരുനാളുകളുടെയും ആഘോഷങ്ങളുടെയും മാസമായിരുന്നല്ലോ. ആഘോഷങ്ങൾ സന്തോഷദായകമാണ്. ഓരോ വർഷം കഴിയുന്തോറും ആഘോഷങ്ങളിലെ ആർഭാടങ്ങൾ വർദ്ധിക്കുകയാണ്. ഇതു സംബന്ധിച്ച് വിൻസെൻഷ്യൻ സഹോദരരായ നാം ഒരു വിചിന്തനം നടത്തുന്നത് നന്നായിരിക്കും. പ്രളയക്കെടുതിയും, കാർഷിക മേഖലയുടെ തകർച്ചയുംമൂലം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ–പ്രത്യേകിച്ച് സാധാരണക്കാരുടെ ദുരിതങ്ങൾ നാം കാണാതെ പോകരുത്. നാം ഒറ്റപ്പെട്ട ജീവിതങ്ങളല്ല. ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ജന്മം കൊള്ളുമ്പോൾ മുതലേ മറ്റുള്ളവരുമായി ബന്ധപ്പെട്ടാണ് വളരുന്നത്. നാം നന്മയുടെ സുഗന്ധവാഹകരും അതു പടർത്തുന്നവരുമാകണം. നാമോരോരുത്തരും ഇന്നത്തെ അവസ്ഥയിലേക്ക് വളർന്നതിന് പിന്നിൽ ഒട്ടേറെയാളുകളുടെ ത്യാഗമുണ്ട്. നന്ദിക്കു പകരം നിന്ദ പകർന്നു നല്കുന്ന പ്രവണത ഇന്ന് വർദ്ധിക്കുന്നു. നാം നന്മയെ അന്വേഷിക്കുന്നവരാകണം. പുതുതാകാത്തതിന് നിലനില്ക്കാനാവില്ല.ചേതനയറ്റു പോകുന്നതിനു മുമ്പായി നാം നന്മയുടെ പാതയിൽ പരമാവധി സഞ്ചരിക്കണം. പ്രഭാതത്തിന്റെ പ്രസരിപ്പും, പകലിന്റെ അധ്വാനവും, രാത്രിയുടെ വിശ്രമവും നമുക്കാവശ്യമാണ്. ആരും തന്നെ സ്നേഹിക്കുന്നില്ലെന്ന് പരാതി പറയുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരികയാണ്. ഇത്തരുണത്തിൽ ഒരു കാര്യം നാം മനസ്സിൽ സൂക്ഷിക്കണം. ഈ ലോകത്ത് ആർക്കും വേണ്ടാത്തവരായി ആരുമില്ല, ആരും വേണ്ടാത്തവരായും ആരും ഇല്ല. ഓരോ വിൻസെൻഷ്യനെയും അവന്റെ നന്മ പ്രവർത്തികൾകൊണ്ടാവട്ടെ സമൂഹം തിരിച്ചറിയുന്നത്.

**സി.സി.യോഗം**

2018 ഡിസംബർ 8–ന് ഓസാനാംഭവനിൽ സി.സി.യോഗം നടന്നു. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷനായിരുന്നു.

സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ആത്മീയസന്ദേശം നല്കി. സി. സി. ജനറൽസെക്രട്ടറി ബ്ര. ബാബു നമ്പുടാകം സ്വാഗതവും പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. സി.സി. ട്രഷറർ ബ്ര. ജോൺ നെടുങ്കൊമ്പിൽ സി. സിയുടെ കണക്ക്, ഓസാനാം ഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് വടക്കുംചേരി ഓസാനാംഭവന്റെ വരവ് -ചിലവ് കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. മൈസൂർ സി.സി.ആത്മീയ ഉപദേഷ്ടാവായിരുന്ന റവ. ഫാ. ജോസഫ് മററം, നിലമ്പൂർ കോൺഫ്രൻസ് പ്രസിഡന്റായിരുന്ന ബ്ര. തോമസ് പുളിക്കത്തടത്തിൽ, ഇടിവണ്ണ കോൺഫ്രൻസ് അംഗമായിരുന്ന ബ്ര. ബേബി പൂവത്തിങ്കൽ, തരിയോട് കോൺഫ്രൻസ് അംഗമായിരുന്ന സി. മറിയക്കുട്ടി അയ്യങ്കുഴയ്ക്കൽ എന്നിവരുടെ വേർപാടിൽ യോഗം അനുശോചിച്ചു. എ.സി. തലത്തിൽ കോൺഫ്രൻസ് അംഗങ്ങളുടെ വാട്സ് ആപ് ഗ്രൂപ്പുകൾ ഉണ്ടാക്കുവാൻ തീരുമാനിച്ചു. ഓസാനാം ഭവന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഓസാനാംഭവനിൽ സി.സി.ടി.വി സ്ഥാപിക്കുവാൻ തീരുമാനിച്ചു. കോൺഫ്രസുകളുടെ രൂപീകരണം, തെരഞ്ഞെടുപ്പ് എന്നിവയുടെ വിവരങ്ങൾ അതാത് എ.സി. പ്രസിഡന്റുമാർ സി.സി.ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കണമെന്ന് തീരുമാനിച്ചു.സി. റോസമ്മ അയ്യങ്കുഴയ്ക്കൽ നന്ദി പറഞ്ഞു.

**ഓസാനാംഭവനിൽ പുതുവർഷാഘോഷം**

ഓസാനാംഭവനിൽ ക്രിസ്തുമസ്, പുതുവർഷാഘോഷങ്ങൾ നടത്തി. റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ദിവ്യബലി അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം ഐ. സി. ബാലകൃഷ്ണൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ഓസാനാംഭവൻ ചെയർമാൻ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. വൈസ്ചെയർമാൻ ബാബു നമ്പുടാകം സ്വാഗതം ആശംസിച്ചു. റവ. ഫാ. ബിബിൻ (ലാസലറ്റ് ആശ്രമം) പുതുവർഷ സന്ദേശം നല്കി. ബത്തേരി അസംപ്ഷൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ. സി. ആനീസ് മുഖ്യസന്ദേശം നല്കി. സി.എം. സി. പ്രൊവിൻഷ്യാൾ റവ. സി. ജാസ്മിൻ അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര, ഓസാനാംഭവൻ ലീഗൽ അഡ്വൈസർ അഡ്വ. ഷെബിൻ ജോർജ്ജ്, ജില്ലാ ഹോമിയൊ മെഡിക്കൽ ഓഫീസർ ഡോ. ബിജി, ഡോ. ഷാജൻപണിക്കർ, ഓസാനാം ഭവൻ ഡയറക്ടർമാരായ അഗസ്റ്റിൻ കൊടിയംകുന്നേൽ, എൻ.യു.

ജോൺ എന്നിവർ ആശംകളർപ്പിച്ചു. ഓസാനാംഭവനിലെ അന്തേവാസികൾക്ക് വിശിഷ്ഠാതിഥികൾ പുതുവസ്ത്രം വിതരണം ചെയ്തു. ഓസാനാംഭവൻ സെക്രട്ടറി വിൻസെൻറ് ജോൺ വടക്കുംചേരി നന്ദി അർപ്പിച്ചു. സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.

**ഓസാനാംഭവൻ സന്ദർശനം**

ഫെബ്രുവരി-ബത്തേരി, ഗൂഡല്ലൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ. മാർച്ച്-മണിമൂളി, നിലമ്പൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡൻ്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ലോക മലയാളി കൗൺസിൽ ഏർപ്പെടുത്തിയ പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രത്യേക പുരസ്കാരം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക്**

ലോക മലയാളി കൗൺസിൽ ഏർപ്പെടുത്തിയ പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രത്യേക പുരസ്കാരം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ലഭിച്ചു. പരിസ്ഥിതി സംരക്ഷണ മേഖലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതികൾ, ജൈവകൃഷി വ്യാപന പദ്ധതി, ഔഷധ സസ്യങ്ങളുടെ സംരക്ഷണവും വ്യാപനവും, പരമ്പരാഗത ഊർജ്ജ സ്രോതസുകളുടെ വ്യാപനം, നീരുറവകളുടെ സംരക്ഷണം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് സന്നദ്ധ സംഘടന വിഭാഗത്തിൽ പ്രത്യേക പുരസ്കാരത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തെരഞ്ഞെടുക്കപ്പെട്ടത്. കൊച്ചി താജ് ഗെറ്റവേ ഹോട്ടലിൽ നടന്ന ചടങ്ങിൽ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രതിനിധി പ്രദീപ് കുമാർ പുരസ്കാരം ഏറ്റുവാങ്ങി.

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയ നീരുറവ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതി ശ്രദ്ധേയമാകുന്നു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതി ശ്രദ്ധേയമാകുന്നു. അന്താരാഷ്ട്ര ഏജൻസിയായ യൂണിസെഫുമായി സഹകരിച്ച് തൊണ്ടർനാട്, തവിഞ്ഞാൽ പഞ്ചായത്തുകളിൽ ഇരുപത്തിയഞ്ച് കുടിവെള്ള പദ്ധതികളാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്നത്. ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ, വളരെ വേഗത്തിൽ, വർഷം മുഴുവൻ കുടിവെള്ളം

സുലഭമായി ലഭിക്കുവാൻ സാധിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ആവർത്തന ചെലവ് ഒട്ടും ഇല്ല എന്നതും, ഏറ്റവും ശുദ്ധ മായ വെള്ളം ലഭ്യമാകുന്നു എന്നതും ഈ പദ്ധതിയുടെ സവിശേഷത കളാണ്. ഈ പദ്ധതിക്ക് പ്രധാനമായും മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. ആദ്യമായി നിലവിലുള്ള പ്രകൃതി ദത്ത ഉറവിടങ്ങളുടെ സംരക്ഷണ മാണ്. ഇതിനായി നീരുറവകൾ കണ്ടെത്തി അവയ്ക്കു ചുറ്റും പ്രാദേശിക മായി ലഭിക്കുന്ന കല്ലുകൾ ഉപയോഗിച്ച് 'സ്പ്രിംങ് ബോക്സുകൾ' തയ്യാ റാക്കുന്നു. അവിടെനിന്നു പൈപ്പ് വഴി കുടിവെള്ളം പ്രത്യേകം തയ്യാറാ ക്കിയ ഫിൽറ്ററിംങ് യൂണിറ്റിൽ എത്തിക്കുന്നു. ഫിൽറ്ററിംങ് മീഡിയയി ലൂടെ കടന്ന് പൂർണമായും ശുദ്ധമായ കുടിവെള്ളം പൈപ്പിലൂടെ ജന വാസ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സംഭരണ-വിതരണ ടാങ്കുകളിൽ എത്തുന്നു. ഇവിടെനിന്നും ആവശ്യക്കാർ വെള്ളം ശേഖരിക്കുന്നു. ഒരു പദ്ധതിയിൽ നിന്നും ശരാശരി 07 കുടുംബങ്ങൾ ഇന്ന് കുടിവെള്ളം ഉപയോഗിക്കുന്നു.

**DDU-GKY**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തി വരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ മായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/ SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാ ണ്. DDU-GKY, NULM എന്നീ പ്രോജക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

ഷാഫൻ ഡിസൈനിങ്, ഫുഡ് പ്രോസ്സസിംഗ് തയ്യൽ പരിശീ ലനം തുടങ്ങിയ കോഴ്സുകളുടെ ക്ലാസ്സുകൾ ആരംഭിച്ചുകഴിഞ്ഞു.

തികച്ചും സൗജ്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫന്റ്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്ന താണ്. 3 ബാച്ചിലെ വിദ്യാർത്ഥികൾ കോഴ്സ് വിജയകരമായി പൂർത്തീ കരിച്ചു. കോഴ്സ് പൂർത്തീകരിച്ച 3 ബാച്ചിലെ വിദ്യാർത്ഥികൾക്കും കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും യാത്രയയപ്പ്

സമ്മേളനം നടത്തുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി ഊട്ടിയിലേക്ക് പഠനയാത്ര നടത്തി. കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലേയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റും കോഴ്സുകൾക്ക് പത്താം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

## Save a Family Plan

സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിൽ ഈ വർഷം 46 കുടുംബങ്ങൾക്ക്കൂടി അംഗത്വം ലഭിച്ചു. സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി ഹൗസിംഗ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ അയച്ചു. തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. 22 ഇടവകകളിൽ നിന്നുമായി 25 കുടുംബങ്ങളെയാണ് ഈ ഭവനനിർമ്മാണ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 1851 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

നാളിതുവരെ 282 ക്ലയിമുകൾ കമ്പനിക്ക് നൽകി. 236 ക്ലയിമുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു. ഇതുവരെ 2103005 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. ജീവസിൽ ചേർന്നിരിക്കുന്നവരുടെ സംശയ നിവാരണത്തിന് WSSS ഓഫീസുമായി ബന്ധപ്പെടുക.

## കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ

മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബ നിൽ ചേർന്നവരുടെ അംഗത്വം പുതുക്കൽ നടപടികൾ 70% പൂർത്തി യായി. ഇനിയും അംഗത്വം പുതുക്കാത്തവർ എത്രയും പെട്ടെന്ന് പ്രീമിയം തുക അടച്ച് പുതുക്കുമല്ലോ.

**ക്ഷേമനിധി**

കർഷക തൊഴിലാളി ക്ഷേമനിധിയിൽ ഉള്ളവരുടെ അംഗത്വം പുതുക്കൽ ഫെബ്രുവരിയിൽ നടക്കും. അംഗങ്ങൾ ഉടൻ തന്നെ 100 രൂപ പ്രീമിയം തുകയും പാസ്സ് ബുക്കുമായും WSSS ഓഫീസിൽ എത്തി ക്കേണ്ടതാണ്.

നിർമ്മാണ തൊഴിലാളിയിൽ ഉള്ളവരുടെ അംഗത്വം പുതുക്കൽ നടപടി ജനുവരി മുതൽ മാർച്ച് മാസം വരെയാണ്. 2019 ലെ അംശാ ദായം, ബാങ്കിലടച്ചതിന്റെ സ്ലിപ്പും പാസ്സ്ബുക്കും, ഐഡി കാർഡും, റേഷൻകാർഡ് നമ്പറും, ആധാർ നമ്പർ എന്നിവ സഹിതം WSSS ഓഫീ സിൽ എത്തിക്കേണ്ടതാണ്.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വേയും ഡാറ്റാ ശേഖരണവും നടന്നു. നിലവിൽ ഇതു വരെ പാരമ്പര്യ ഇനങ്ങളുടെ 81-ൽ പരം വിവിധ ഇനങ്ങളെ കണ്ടെ ത്താൻ കഴിഞ്ഞിട്ടുണ്ട്. നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തി യിട്ടുണ്ട്. ബോയ്സ് ടൗണിലെ നഴ്സറിയിൽ കുരുമുളക് തൈകൾ ഉത്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. നിലവിലെ ഔഷധത്തോട്ടം വൃത്തിയാക്കി, ജലസേചന സൗകര്യവും ഒരുക്കിയി ട്ടുണ്ട്. നിലവിൽ പന്നിയൂർ ഇനങ്ങളുടെ കുരുമുളകിനങ്ങൾ നേഴ്സറി യിൽ ലഭ്യമാക്കിയിട്ടുണ്ട്. നാടൻ ഇനങ്ങളുടെ തൈകളും തയ്യാറായി വരുന്നു. നിലവിലെ കുരുമുളകുതോട്ടത്തിൽ drip-irrigation നും നടത്തി.

**വികാസ്പീഡിയ**

വികാസ്പീഡിയ ഒരു ബഹുഭാഷാ വിജ്ഞാന ശേഖരമാണ്. വിവര സാങ്കേതിക വിദ്യയും മാധ്യമങ്ങളും ഉപയോഗിച്ച് സർക്കാരു മായും സർക്കാർ ഇതര സംഘടനകളും ആയും സ്വകാര്യ മേഖലകളും ആയും അറിവ് പങ്കുവയ്ക്കാനുള്ള ഇടമാണ് വികാസ് പീഡിയ

പോർട്ടൽ. കേന്ദ്ര സർക്കാരിന്റെ ആസ്പിരേഷണൽ ജില്ലാ പദ്ധതി നടപ്പിലാക്കുന്ന വയനാട്ടിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന് വികാസ്പീഡിയ ജില്ലാ ഭരണകൂടവും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുമായി ചേർന്നു വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങി. തൃശൂർ ജില്ലയിൽ വെച്ചു നടന്ന വൈഗ ഉന്നതി കാർഷിക മേളയിൽ പങ്കെടുക്കുകയും മിസോറാമിലെ ഗവർണർ ശ്രീ. കുമ്മനം രാജശേഖരൻ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് വികാസ്പീഡിയ പരിചയപ്പെടുത്തുകയും ചെയ്തു. ഇതുകൂടാതെ നെഹ്റു യുവ കേന്ദ്ര കാർഷിക വകുപ്പ്, കാർഷിക സർവ്വകലാശാല, നബാർഡ് എന്നിവരുമായി ചേർന്ന് സെമിനാറുകളും ബോധവൽക്കരണ പരിപാടികളും നടത്തി.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

BIOWIN

## ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

കാർഷിക മേഖലയുടെ പുത്തൻ ഉണർവ്വുകൾക്ക് കൂടുതൽ കരുത്തേകുന്ന ഉജ്ജ്വല പ്രവർത്തനങ്ങളുമായി ബയോവിൻ അഗ്രോ റിസർച്ച് പ്രയാണം തുടരുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെ പ്രകൃതിയോടിണങ്ങി നടത്തപ്പെടുന്ന ജീവിതരീതിയാണ് ജൈവകാർഷികവൃത്തി എന്ന ഉത്തമബോധ്യവുമായി ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയിൽ കർഷകരുടെ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാലാവസ്ഥയിലും, മണ്ണിന്റെ ജൈവികതയിലും കണ്ടുവരുന്ന ഗണ്യമായ മാറ്റങ്ങളെ മുൻനിർത്തിക്കൊണ്ട് കർഷകഗ്രൂപ്പുകളിൽ നൂതന മാർഗ്ഗങ്ങളും പ്രവർത്തനരീതികളും വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്യുകയുണ്ടായി.

## ജൈവസാക്ഷ്യപത്രം പുതുക്കൽ

ജൈവകർഷകരുടെ ഉത്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സാക്ഷ്യപത്രം പുതുക്കൽ നടത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസിയായ Lacon - മായി സഹകരിച്ച് WSSS ബത്തേരി, WSSS നെല്ലാകോട്ടാ, WSSS കോട്ടത്തറ, WSSS പടിഞ്ഞാറത്തറ, WSSS പൊഴുതന, WSSS തൊണ്ടർനാട്, WSSS അമ്പലവയൽ എന്നീ 7 ICS കളുടെ ഓഡിറ്റ് വിജയകരമായി പൂർത്തിയാക്കുകയും തുടർപ്രവർത്തനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തി

2015 ന് ശേഷം ജൈവസാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഉത്പന്നം സംഭരിക്കുന്നതിനു മുന്നോടിയായി ആവശ്യകമായ രേഖകൾ ക്രോഡീകരിക്കുവാനും ഫീൽഡ് വിസിറ്റ്

നടത്തുന്നതിനുമായി 28 പഞ്ചായത്തുകളിലായി ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവസാക്ഷ്യപത്ര പദ്ധതിയിലുള്ള കർഷകരുടെ സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വോഫ) കാർഷിക മേഖലയിൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാകും വിധം പ്രവർത്തനങ്ങൾക്ക് രൂപം നൽകി മുന്നേറുന്നതിന് നാന്ദി കുറിച്ചിട്ട് 10 വർഷങ്ങൾ പൂർത്തീകരിക്കുകയാണ്.

**വോഫ എക്സിക്യൂട്ടീവ് യോഗം**

2018 ഡിസംബർ മാസം 5 ന് ബയോവിൻ കോൺഫറൻസ് ഹാളിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് യോഗത്തിൽ 8/8 എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. യോഗത്തിന് വോഫ ചെയർമാൻ അഡ്വ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു.

യോഗത്തിൽ സംഘടനകളുടെ 2018-19 വർഷത്തെ പ്രവർത്തനങ്ങൾ, വരവുചെലവു കണക്കുകൾ എന്നിവ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ അവതരിപ്പിച്ചു.

**തീരുമാനങ്ങൾ**

1. 2019 ജനുവരിമാസം മുതൽ വോഫയിലെ കർഷകരിൽ നിന്നും ഉത്പന്നങ്ങൾ സംഭരിക്കുമ്പോൾ ജൈവ-ഫെയർട്രേഡ് ഉത്പന്നങ്ങൾക്ക് തറവിലയായി കാപ്പി 80 രൂപ, കുരുമുളക് 350 രൂപ, മഞ്ഞൾ 80 രൂപ, ഇഞ്ചി 50 രൂപ, ജാതിക്ക 300 രൂപ, കറുകപ്പെട്ട 325 രൂപ എന്നീ ക്രമത്തിൽ തീരുമാനിച്ചു.

2. യോഗത്തിൽ വെച്ച് നിലവിലെ സെക്രട്ടറി ശ്രീ. സണ്ണി മൂലക്കര ചില പ്രത്യേക കാരണങ്ങളാൽ സെക്രട്ടറി സ്ഥാനത്ത് തുടരുന്നത് ബുദ്ധിമുട്ട് അറിയിക്കുകയും രാജി സമർപ്പിക്കുകയും ചെയ്തു. യോഗത്തിൽ കഴിഞ്ഞ കാലയളവിൽ ശ്രീ. സണ്ണി മൂലക്കര ചെയ്ത സേവനങ്ങൾക്ക് നന്ദി അറിയിക്കുകയും രാജി സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് വരുന്ന വാർഷിക പൊതുയോഗത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് കോഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തതിനുശേഷം യോഗം പിരിഞ്ഞു.

**വോഫ പ്രത്യേക പൊതുയോഗം**

14-12-2018 ന് WSSS ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വോഫ പ്രത്യേക പൊതുയോഗത്തിൽ 64/84 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിന് വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുക്കാനെത്തിയ കർഷകരെ വോഫ വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ സ്വാഗതം ചെയ്തു.

യോഗത്തിൽ സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് വരവ് ചെലവു കണക്ക് എന്നിവ ചെയർമാൻ ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അവതരിപ്പിച്ചു. യോഗം ചർച്ച ചെയ്തശേഷം റിപ്പോർട്ട് അംഗീകരിച്ചു.

നിലവിലെ സെക്രട്ടറി രാജിവെച്ച സാഹചര്യത്തിൽ നിലവിലെ ജോ.സെക്രട്ടറിയായ ശ്രീ. ജോയി പരിയാരത്തിനെ സെക്രട്ടറിയായും ശ്രീ. ജോണി പൊട്ടക്കലിനെ ജോ.സെക്രട്ടറിയായും യോഗം തിരഞ്ഞെടുത്തു.

**യോഗതീരുമാനങ്ങൾ**

1. കീടനാശിനി പരിശോധനകൾക്കായി വോഫയുടെ ഉടമസ്ഥതയിൽ ലാബ് സ്ഥാപിക്കുന്നതിനും ആയതിന്റെ നിർമ്മാണം ബയോവിൻ ഉടമസ്ഥതയിലെ ബിൽഡിംഗിൽ നടത്തുന്നതിനും തീരുമാനിച്ചു.

2. പ്രളയത്തിൽ കാപ്പി നഷ്ടപ്പെട്ട കർഷകർക്ക് കാപ്പിതൈകൾ നൽകുന്നതിനായി വോഫയുടെ നേഴ്സറിയിൽ 2 ലക്ഷം കാപ്പി തൈകൾ ഉത്പാദിപ്പിക്കുന്നതിന് തീരുമാനിച്ചു.

3. വോഫയിലെ എല്ലാ കർഷകഗ്രൂപ്പുകൾക്കും കാപ്പി Moisture പരിശോധിക്കുന്നതിനുള്ള Moisture മീറ്റർ നൽകുന്നതിന് തീരുമാനിക്കുകയും ആയതിനായി 20 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

4. കർഷകർക്ക് കാപ്പിത്തൊണ്ട് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.

5. വോഫയിൽ നിന്നും നൽകുന്ന ചികിത്സാസഹായം, ഭവന-പുനരുദ്ധാരണ സഹായം എന്നിവ നൽകുമ്പോൾ വോഫയിൽ അംഗങ്ങളായ കർഷകർക്ക് മുൻഗണന നൽകുന്നതിനും, ഭവന പുനരുദ്ധാരണത്തിന് പരമാവധി സഹായം ഒരുലക്ഷം രൂപയാക്കി നിജപ്പെടുത്തുന്നതിനും 750 Sqff കൂടുതൽ ഭവനങ്ങൾക്ക് സാമ്പത്തിക സഹായം

നൽകേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു. വോഫയിൽ നിന്നും നൽകുന്ന ചികിത്സാ സഹായം 10000 രൂപയാക്കുന്നതിനും ആയതിനാവശ്യമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ തയ്യാറാക്കുന്നതിനും യോഗം തീരുമാനിച്ചു.

6. വോഫയിലെ കർഷകർക്ക് കാപ്പിതൈകൾ സൗജന്യമായി നൽകുന്നതിന് തീരുമാനിച്ചു.

7. വോഫയിലെ അംഗങ്ങളായ കർഷകർക്ക് 12 x 12 സൈസ് ടാർപോളിൻ ഷീറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.

8. ഉത്പന്നങ്ങൾ സംഘടനയ്ക്ക് തരാത്ത കർഷകരെ വോഫയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

9. വോഫയിലെ സ്റ്റാഫിന് പെർഫോമൻസ് അടിസ്ഥാനമാക്കി 15% വരെ സാലറി വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചു.

യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങൾക്ക് സെക്രട്ടറി ശ്രീ. ജോയി പരിയാരത്ത് നന്ദി അറിയിച്ചു. ശേഷം യോഗം പിരിഞ്ഞു.

**കഫേ**

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

2018 ഡിസംബർ മാസം 5-ാം തീയതി ബയോവിൻ കോൺഫറൻസ് ഹാളിൽ ചേർന്ന കഫേ എക്സിക്യൂട്ടീവ് മീറ്റിംഗിൽ 7/9 ൽ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. യോഗത്തിന് കഫേ ചെയർമാൻ ഫാ. ബിജു കോയ്ക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

പ്രസ്തുതയോഗത്തിൽ സംഘടനയുടെ വരവ് ചിലവു കണക്കുകൾ വൈസ് ചെയർമാൻ ശ്രീ. ചന്തു എം.എം അവതരിപ്പിക്കുകയുണ്ടായി.

**തീരുമാനങ്ങൾ**

1. 2019 ജനുവരി മാസം മുതൽ കഫേയിലെ കർഷകരിൽ നിന്നും ഉത്പന്നം സംഭരിക്കുന്നതിന് മുന്നോടിയായി തറവില നിശ്ചയിക്കുവാൻ തീരുമാനിക്കുകയും ആയതുപ്രകാരം കാപ്പിക്ക് 65 രൂപ തറവിലയായി നിശ്ചയിക്കുകയും ചെയ്തു.

2. സംഘടനയിൽ അംഗങ്ങളായ കർഷകർക്ക് ജൈവവളം ലഭ്യമാക്കുന്നതിനായി വളനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി യോഗം ചർച്ച ചെയ്യുകയുണ്ടായി.

3. കഫേയുടെ പ്രത്യേക വാർഷിക പൊതുയോഗം 2018 ഡിസംബർ മാസം 13-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

**കഫേ പ്രത്യേക വാർഷിക പൊതുയോഗം**

2018 ഡിസംബർ മാസം 13-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്ന കഫേ പ്രത്യേക വാർഷിക പൊതുയോഗത്തിൽ 24/28 ൽ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. യോഗത്തിന് കഫേ ചെയർമാൻ ഫാ. ബിജു കോയിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ സെക്രട്ടറി ശ്രീ. പി.എ. ജോസഫ് സ്വാഗതം ചെയ്തു.

യോഗത്തിൽ സംഘടനയുടെ പ്രവർത്തന റിപ്പോർട്ട്, വരവ് - ചെലവു കണക്കുകൾ എന്നിവ സെക്രട്ടറി ശ്രീ. പി.എ. ജോസഫ് അവതരിപ്പിച്ചു.

**തീരുമാനങ്ങൾ**

1. സംഘടനയിൽ അംഗങ്ങളായ കർഷകരുടെ ഉത്പന്നത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി എല്ലാ ഗ്രൂപ്പുകൾക്കും Moisture Machine വാങ്ങി വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

2. സംഘടനയിൽ അംഗങ്ങളായവരും എന്നാൽ ഉത്പന്നം നൽകാത്തവരുമായ കർഷകരെ സംഘടനയിൽ നിന്നും ഒഴിവാക്കുവാൻ യോഗം തീരുമാനിച്ചു.

3. പ്രളയത്തിൽ കാപ്പി നഷ്ടപ്പെട്ട കർഷകർക്ക് കാപ്പിതൈകൾ NAPP ന്റെ സഹായത്തോടെ വിതരണം ചെയ്യുവാൻ യോഗം തീരുമാനിക്കുകയും തുടർക്രമീകരണങ്ങൾ കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് മെമ്പർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങൾക്ക് വൈസ് ചെയർമാൻ ശ്രീ. ചന്തു എം.എം. നന്ദി പറഞ്ഞു. ശേഷം യോഗം പിരിഞ്ഞു.

**സംഭരണം**

2018 ഡിസംബർ മാസത്തിൽ സംഘടനയിൽ (വോഫ, കഫേ) അംഗങ്ങളായ കർഷകരിൽ നിന്നും 20 mt കാപ്പി 80 രൂപ നിരക്കിലും 1738 kg കുരുമുളക് 415 രൂപ തോതിലും 7 mt പൈനാപ്പിൾ 23 രൂപ നിരക്കിലും സംഭരിക്കുകയുണ്ടായി.

**മാർക്കറ്റിംഗ് വിഭാഗം**

ബയോവിൻ അഗ്രോ റിസർച്ചിന്റെ മാർക്കറ്റിംഗ് വിഭാഗം 2018 ഡിസംബർ മാസത്തിൽ ശ്രദ്ധേയമായവിധം ജർമ്മനി, ഇറ്റലി, നെതർലാന്റ്, യു.എസ്.എ, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ നിന്നും കാപ്പി, മഞ്ഞൾ, ഇഞ്ചി എന്നീ ഉത്പന്നങ്ങൾക്ക് ഓഡറുകൾ സ്വീകരിച്ചു.

ഡിസംബർ മാസത്തിൽ ന്യൂസിലാന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്നതും ജൈവ-ഫെയർട്രേഡ് കാപ്പി ഇറക്കുമതി ചെയ്യുന്നതുമായ കമ്പിനിയിൽ നിന്നും ആദ്യമായി ഓർഡർ സ്വീകരിക്കുവാനും സാധിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്നവില ലഭ്യമാക്കുന്നതിനായി ബയോലാന്റ് അഗ്രോ പ്രോസ്സസ്സിംഗ് സെന്റർ ഡിസംബർ മാസത്തിൽ കാപ്പി, കുരുമുളക്, പൈനാപ്പിൾ, ഏലം, കറുവപ്പട്ട, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ദേശീയ അന്തർദേശീയ വിപണികളിലേക്ക് വിപണനം നടത്തുകയുണ്ടായി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

ദൈവാനുഗ്രഹത്തിന്റെ പുതിയ വർഷത്തിൽ നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്നുവരുന്നു.

യൂണിറ്റുകളുടെ സുതാര്യമായ പ്രവർത്തനങ്ങൾക്കായി ഓരോ യൂണിറ്റുകൾക്കും സി.ഒ (കമ്മ്യൂണിറ്റി ഓർഗനൈസർ) മാരുടെ സേവനം ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നു. അതോടൊപ്പം പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്താൻ ഓരോ യൂണിറ്റും വിവിധ സംരംഭങ്ങൾ കണ്ടെത്തുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

**ജൈവ തേയില കൃഷി**

ജൈവ തേയില സംഭരണത്തിനായി ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിൽ നിന്ന് തേയില കർഷകരുടെയും തേയില കൃഷിയുടെയും കണക്കുകൾ എടുക്കുന്നതിനായി NDS ഓഫീസിൽവച്ച് മീറ്റിംഗ് സംഘടിപ്പിക്കുകയും കണക്ക് എടുക്കുന്നതിന്റെ ഉത്തരവാദിത്വം NDS കോഡിനേറ്ററെ ഏൽപ്പിക്കുകയും ചെയ്തു.

**ജൈവ കൃഷിയും കാപ്പിക്കുരു സംഭരണവും**

ഗൂഡല്ലൂർ, ദേവർഷോല, ശ്രീമധുര തുടങ്ങിയ പഞ്ചായത്തുകളിലെ കർഷകരിൽ നിന്ന് കാപ്പിക്കുരു സംഭരിച്ച് വരുന്നു. കർഷകരിൽ നിന്നായി 24000 കിലോ കാപ്പിക്കുരു രണ്ട് തവണകളായി സംഭരിച്ചു. മാർക്കറ്റ് വില കിലോ 63 രൂപ മാത്രം ഉള്ളപ്പോൾ ഒരു കിലോക്ക് 73 രൂപ നിരക്കിൽ കർഷകർക്ക് കൊടുക്കുകയും ചെയ്തു. ഈ മാസം പുതുതായി 50 ജൈവകർഷകർ കൂടി ബയോവിനിന്റെ ജൈവകൃഷി വ്യാപന പദ്ധതിയിൽ ചേർന്നു.

NDS അംഗങ്ങളിൽ നിന്നും ജൈവകർഷക ഗ്രൂപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹനവും ആശയങ്ങളും, ആശങ്കകളും ഈ മേഖലയിൽ NDS ന് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട് എന്ന ബോധ്യത്തോടെ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോകുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ഡോ. എൻ.വി.കെ. വാര്യർ മെമ്മോറിയൽ ആയുർവേദ പ്രചാര അവാർഡ്**

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 2018 ലെ ഡോ.എൻ.വി.കെ. വാര്യർ മെമ്മോറിയൽ ആയുർവേദ പ്രചാര അവാർഡ് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന ആയുർകെയർ പരിപാടിയ്ക്ക് ലഭിച്ചു. ആയുർവേദ വിദഗ്ധരെ പങ്കെടുപ്പിച്ച് കൊണ്ട് ആരോഗ്യശീലങ്ങളെ കുറിച്ചും ചികിത്സാരീതികളെ കുറിച്ചുമുള്ള അഭിമുഖങ്ങളും തത്സമയ ഫോൺ ഇൻ പരിപാടികളുമാണ് റേഡിയോ യിലൂടെ പ്രക്ഷേപണം ചെയ്തത്. പ്രക്ഷേപണത്തിന്റെ പത്താം വാർഷികത്തിൽ റേഡിയോ മാറ്റൊലിയ്ക്ക് ലഭിക്കുന്ന അഞ്ചാമത്തെ അംഗീകാരമാണിത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സംഘടിപ്പിച്ച ഹ്രസ്വചിത്രമത്സരത്തിലും ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രോജക്ട് വിഷൻ സംഘടിപ്പിച്ച ഹ്രസ്വചിത്ര മത്സരത്തിലും മാറ്റൊലി തയ്യാറാക്കിയ ചിത്രങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ഡോ.അംബേദ്കർ മാധ്യമ പുരസ്കാരത്തിൽ രണ്ട് അവാർഡുകളും മാറ്റൊലിയ്ക്ക് ലഭിച്ചിരുന്നു.

**പങ്കാളിത്തം**

ഹൈദരബാദിൽ വെച്ച് നടന്ന കമ്മ്യൂണിറ്റി റേഡിയോ അവയർനെസ്സ് വർക്ക്ഷോപ്പിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**സന്ദർശനം**

മുക്കം എം. എ. എം. ഓ. കോളേജ് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികളും മലപ്പുറം പി.എം.എസ്.റ്റി ആർട്സ് & സയൻസ് കോളേജ് വിദ്യാർത്ഥികളും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**സമഗ്രം**

കേന്ദ്രസർക്കാരിന്റെ വിവിധ ക്ഷേമപരിപാടികളെ പരിചയപ്പെടുത്തുന്നതിന് റേഡിയോ മാറ്റൊലി ആരംഭിച്ചിരിക്കുന്ന പുതിയ പരിപാടി

യാണ് സമഗ്രം. സി–ഡാകുമായി സഹകരിച്ച് വികാസ്പീഡിയയുമായി ചേർന്നാണ് പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. ചൊവ്വ, ബുധൻ ദിവസങ്ങളിൽ രാത്രി 8.45 നും തൊട്ടടുത്ത ദിവസം രാവിലെ 7.00 മണിക്കുമാണ് പ്രക്ഷേപണം.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:**

കോസ്മെറ്റിക് ഡെന്റിസ്ട്രി എന്ന വിഷയത്തിൽ ഡിസംബർ 28–ന് തത്സമയ ഫോൺ ഇൻ പരിപാടി നടത്തി. ഡോ.രഞ്ജിത് സി.കെ പങ്കെടുത്തു.

കേശസംരക്ഷണം ആയുർവേദത്തിൽ എന്ന വിഷയത്തിൽ ജനുവരി 1 ന് തത്സമയ ഫോൺ ഇൻ പരിപാടി നടത്തി. കേണിച്ചിറ അഥർവ്വ ആയുർവ്വേദിക് ക്ളിനിക്കിലെ ഫിസിഷ്യൻ ഡോ. ആർ.സംഗീത ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

വാഹനപകട ഇൻഷുറൻസ് എന്ന വിഷയത്തിൽ ജനുവരി 10 ന് തത്സമയ ഫോൺ ഇൻ പരിപാടി നടത്തി. ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജുമായ ശ്രീമതി സുനിത കെ.പി, അഡ്വ. തോമസ് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

പ്രസവരക്ഷയും ആയുർവ്വേദവും എന്ന വിഷയത്തിൽ ജനുവരി 15 ന് തത്സമയ ഫോൺ ഇൻ പരിപാടി നടത്തി. ഡോ. ഇന്ദു കിഷോർ പരിപാടിയിൽ പങ്കെടുത്തു.

**ജനങ്ങൾക്കൊപ്പം:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പിനെക്കുറിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എം.ആർ.രവികുമാർ, പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഐ.ടി.ഡി.പി. പ്രൊജക്ട് ഓഫീസർ വാണിദാസ് എന്നിവർ ജനങ്ങൾക്കൊപ്പം പരിപാടിയിൽ പങ്കുവെച്ചു.

**നേരും പൊരുളും:** മാതാപിതാക്കളെ തള്ളാനുള്ള ഇടമല്ല വൃദ്ധ സദനങ്ങൾ, ശാസനയും ശിക്ഷയും കുട്ടികളുടെ വളർച്ചയ്ക്ക്, കളിയല്ല കല്യാണം, മരുന്നുകളുടെ ഓൺലൈൻ വിപണി എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**മനസൗഖ്യ:** മാനസികാസ്വാസ്ഥ്യം ഉള്ളവരെ പരിചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് കുതിരവട്ടം ഗവൺ. മാനസികാരോഗ്യ

കേന്ദ്രത്തിലെ സൈക്യാട്രിക് സോഷ്യൽ വർക്കറായ ഡോ.സി.കെ. ശ്രീപ്രിയയും, മനസ്സിന്റെ ശക്തി തിരിച്ചറിയാനുള്ള വഴികൾ, മസ്തിഷ്കവും മനസ്സും എന്നീ വിഷയങ്ങളെക്കുറിച്ച് പായോട് ജന സൗഖ്യ ഒലീവ് വെൽനെസ്സ് കേന്ദ്രത്തിലെ സൈക്കോ തെറാപ്പിസ്റ്റായ സി. റജിൻ മാത്യു എം.എസ്.എം.ഐ. യും മനസൗഖ്യ എന്ന പ്രോഗ്രാമിന് നേതൃത്വം നൽകി.

**അരങ്ങ്:** ക്രിസ്തുമസിനോട് അനുബന്ധിച്ചുള്ള ഗാനങ്ങൾ ഉൾപ്പെടുത്തിയ പ്രത്യേക അരങ്ങ് അഞ്ചുകുന്ന് സ്വദേശികളായ ചന്ദ്രനും മകൾ അനിതയും ആലപിച്ച ഗാനങ്ങളും പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** ഒഴുക്കന്മൂല സ്വദേശികളായ പുതുപ്പള്ളിയിൽ തോമസ്, അക്കുട്ടി, അരീക്കാട് ജോസഫ്, എന്നിവരും കോട്ടത്തറ സ്വദേശി അമ്മ ടീച്ചറും ജീവിതാനുഭവങ്ങൾ ശ്രോതാക്കൾക്കായി പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ**

**ഹൃദയസ്പർശം 2018-** വയനാട് ജില്ലയിലെ പാലിയേറ്റീവ് വളണ്ടിയർമാരുടെ സ്നേഹസംഗമത്തിന്റെ പ്രത്യേക പരിപാടി.

**അവകാശങ്ങൾ ഓർമ്മപ്പെടുത്തി ഒരു ദിനം** -ന്യൂനപക്ഷ അവകാശദിനാചരണത്തോട് അനുബന്ധിച്ച് പ്രക്ഷേപണം ചെയ്ത പ്രത്യേക പരിപാടിയാണ് അവകാശങ്ങൾ ഓർമ്മപ്പെടുത്തി ഒരു ദിനം. കല്പറ്റ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിലെ പ്രിൻസിപ്പൽ പി.യൂസഫ് ആണ് പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചത്.

**കൂട്ടായ്മയുടെ കരുത്ത്** - ഈ പരിപാടി കൊളവയൽ യംഗ് മെൻ ക്ലബ് ആന്റ് പ്രതിഭാ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനങ്ങളാണ് പങ്കുവെച്ചത്.

**സിംഗിൾ ബെൽ** - കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധികൾ വിഷയമാക്കിയ പ്രത്യേക പരിപാടിയാണ് സിംഗിൾ ബെൽ. പിരിച്ചു വിടപ്പെട്ട ജീവനക്കാരുടെ വേദനകളും യാത്രക്കാരുടെ ദുരിതങ്ങളും പരിപാടി ചർച്ച ചെയ്തു .

**താഴിടില്ല** - അടിക്കടി ഉണ്ടാകുന്ന ഹർത്താലിനെ കുറിച്ച് വ്യാപാരി സമൂഹത്തിനുള്ള പ്രതികരണമാണ് താഴിടില്ല എന്ന പ്രത്യേക പരിപാടിയിൽ ഉൾക്കൊള്ളിച്ചത്.

**പാർട്ണേഴ്സ് ഫോറം 2018** - കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ

മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 12,13 തീയതികളിൽ ഡൽഹിയിൽ നടന്ന പാർട്ണേഴ്സ് ഫോറം 2018 ന്റെ റേഡിയോ റിപ്പോർട്ട് പ്രക്ഷേപണം ചെയ്തു.

**കാപ്പി കർഷകർ അറിയാൻ** - പ്രളയത്തിന് ശേഷം കടന്നുവന്ന ഈ വിളവെടുപ്പ് കാലത്ത് കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചാണ് കാപ്പി കർഷകർ അറിയാൻ എന്ന പ്രത്യേക പരിപാടി കൈകാര്യം ചെയ്തത്. വിവരങ്ങൾ പങ്കുവെച്ചത് കോഫി ബോർഡ് എക്സ്റ്റൻഷൻസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.എം. കറുത്തമണിയാണ്.

**ഭക്ഷ്യസംസ്കരണം ലൈസൻസിംഗ് നടപടിക്രമങ്ങൾ** - ഭക്ഷ്യ സുരക്ഷ എന്നാൽ എന്താണെന്നും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ട കാര്യ ങ്ങളേയും കുറിച്ച് ഈ പരിപാടിയിലൂടെ ഭക്ഷ്യസുരക്ഷ അസിസ്റ്റന്റ് കമ്മീഷണർ വർഗ്ഗീസ് പി.ജെ. വിശദമാക്കി.

**സേവനങ്ങൾ ജനകീയമാക്കാം** - ഡൽഹി സെൻട്രൽ സെക്രട്ടറി യേറ്റിൽ നിന്ന് ജോയിന്റ് സെക്രട്ടറിയായി വിരമിച്ച കെ.എം.ദാമോദരൻ നമ്പീശനുമായുള്ള അഭിമുഖമാണ് സേവനങ്ങൾ ജനകീയമാക്കാം എന്ന പ്രത്യേക അഭിമുഖത്തിൽ പ്രക്ഷേപണം ചെയ്തത്.

**ബ്രാന്റിംഗ് ആന്റ് പ്രൈസിംഗ്** - ഒരു സംരംഭം ആരംഭിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും വിൽപന സമയത്ത് എന്തി നാണ് ഊന്നൽ നൽകേണ്ടതെന്നുമാണ് മിറോസ് ഡയറക്ടർ ശരത് ബാബു ബ്രാന്റിംഗ് ആന്റ് പ്രൈസിംഗ് എന്ന പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**കൊഴിയും മുമ്പേ ചേർത്തുപിടിക്കാം** - റിട്ട. എ.ഇ.ഒ. കെ.മുരളീധരനുമാ യുള്ള അഭിമുഖമാണ് കൊഴിയും മുമ്പേ ചേർത്തുപിടിക്കാം എന്ന പ്രത്യേക അഭിമുഖത്തിൽ പ്രക്ഷേപണം ചെയ്തത്.

**കാപ്പി കർഷകർ ശ്രദ്ധിക്കാൻ** - കാലാവസ്ഥാ വ്യതിയാനവും കായ് തുരപ്പൻ, വണ്ടുതുരപ്പൻ പോലുള്ള കീടങ്ങളുമാണ് കാപ്പി കർഷകർക്ക് പ്രധാന വെല്ലുവിളി. ഇക്കാര്യങ്ങൾ എങ്ങനെ പരിഹരിക്കാമെന്ന് കാപ്പി കർഷകർ ശ്രദ്ധിക്കാൻ എന്ന പ്രത്യേക പരിപാടി പങ്കുവെച്ചത്. കാപ്പി കർഷകർക്കുള്ള അറിവുകൾ പകർന്ന് നൽകിയത് കൽപ്പറ്റ ചുണ്ടേൽ പ്രവർത്തിക്കുന്ന റീജിയണൽ കോഫി സ്റ്റേഷനിലെ ഗവേഷകയായ ടിന്റുവാണ്.

**ഓവർഡ്രൈവ്:** ഇലക്ട്രിക് സ്കൂട്ടറുകളെക്കുറിച്ചും ഏറ്റവും മികച്ച കാറിനുള്ള 2019 ഇന്ത്യൻ കാർ ഓഫ് ദ ഇയർ പുരസ്കാരം മാരുതി

സുസുക്കി സ്വിഫ്റ്റ്, പിയാജിയൊ 'വെസ്പ 150', 'ഏപ്രിലിയ എസ് ആർ 150' എന്നീ വാഹനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണ് ഓവർഡ്രൈവിൽ പങ്കുവെച്ചത്.

**പൊൻപുലരി:** വെള്ളമുണ്ടയിലെ തനിമ എന്ന കേറ്ററിംഗ് യൂണിറ്റിനെയാണ് പൊൻപുലരി പരിചയപ്പെടുത്തിയത്.

**ടെക്നോമാറ്റൊലി:** വൺ പ്ലസ് 6 ടി സ്മാർട് ഫോണിന്റെ മക്ലാരൻ എഡിഷൻ, സ്നാപ്ഡ്രാഗ 855, ഗൂഗിൾ ഡ്യുവോ അവതരിപ്പിച്ച ഗ്രൂപ്പ് കോൾ ഫീച്ചർ എന്നിവയെക്കുറിച്ച് ടെക്നോമാറ്റൊലി പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** പുല്പ്പള്ളി ക്ഷീരോത്പാദക സംഘത്തെക്കുറിച്ചും, പാലിന്റെ ഗുണമേന്മ എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെക്കുറിച്ച് പൂക്കോട് വെറ്റിനറി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. റാഹില വിശദമാക്കി.

**വയൽനാട്:** തെങ്ങ് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ എന്ന വിഷയത്തിൽ സി.എസ്. അമ്പലവയൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ കെ. മമ്മൂട്ടി നല്കിയ ക്ലാസ്സിന്റെ ഭാഗങ്ങളും ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം സംഘടിപ്പിച്ച കാർഷിക സെമിനാറിൽ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ മാർക്കറ്റിംഗ് അസിസ്റ്റന്റ് ഡയറക്ടർ റെജി നല്കിയ ക്ലാസ്സിന്റെ പ്രസക്ത ഭാഗങ്ങളുമാണ് വയൽനാട് പങ്കുവെച്ചത്.

**സ്മരണാഞ്ജലി:** ഗീഥാ സലാം, കെ.എൽ.ആന്റണി എന്നിവരെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** സുഡാനി ഫ്രം നൈജീനിരിയ, ഈ.മ.യൗ, ഉദാഹരണം സുജാത, അച്ഛനുറങ്ങാത്ത വീട് എന്നീ സിനിമകൾ പ്രക്ഷേപണം ചെയ്തു.

**എഴുത്തരങ്ങ്:** ദൈവത്തിന്റെ ചുമ, സ്വപ്നം, കുറ്റബോധം നാഗദോഷം, വീണ്ടും പ്രണയം തളിർക്കട്ടെ, പിറന്നാൾ ഒരു നുളള് സാന്ത്വനത്തിനായി, തൂക്കുകട്ടിൽ, ഒരു ചെമ്പനീർ പൂവിന്റെ ഓർമ്മയ്ക്ക്, കണ്ണ്, അമ്മ, എന്നീ കഥകളും പച്ച എന്ന കവിതയുമാണ് എഴുത്തരങ്ങിൽ ഉൾപ്പെടുത്തിയത്.

**വായനാലോകം:** ബാല്യകാലസഖി, പ്രകാശം പരത്തുന്ന പെൺകുട്ടി, നീലക്കുറിഞ്ഞികൾ ചുവക്കും നേരം, ഭൂമിയുടെ അവകാശികൾ, ആടുജീവിതം എന്നീ കൃതികൾ പരിചയപ്പെടുത്തി.

**കിലുക്കാംപെട്ടി :** കൊളവയൽ സെന്റ് ജോർജ് എ.എൽ.പി സ്കൂളിലെ വിദ്യാർത്ഥികളായ ദേവനാരായണൻ, നാസിഹ എന്നിവരുടെ കൊച്ചു വിശേഷങ്ങളാണ് കിലുക്കാംപെട്ടിയിൽ ഉൾപ്പെടുത്തിയത്.

**പ്രതിഭയും അതിഥിയും:** അതുൽ പൂതാടി എന്ന യുവ സാഹിത്യ കാരനെയാണ് പ്രതിഭയും അതിഥിയും പരിപാടിയിലൂടെ ശ്രോതാക്കൾ പരിചയപ്പെട്ടത്.

**മയിൽപ്പീലി:** കാര്യമ്പാടി ഗവ.എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളാണ് മയിൽപ്പീലിയിലൂടെ ശ്രോതാക്കൾ ആസ്വദിച്ചത്.

**സമഗ്രം:** സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതിയെക്കുറിച്ച് തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷണൽ ഡെവല്പമെന്റ് കമ്മീഷണർ സി.വി. ജോയിയും പ്രധാനമന്ത്രി ജൻ ധൻ യോജന പദ്ധതിയെ കുറിച്ചാണ് കാനറാ ബാങ്ക് മാനന്തവാടി ശാഖയിലെ സീനിയർ മാനേജർ സി.ജെ. ജോയിയും വിവരങ്ങൾ പങ്കുവെച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**(December 2018-January 2019)**

Christmas 2018 was celebrated prior to closing of the college for Christmas vacation in which the College Manager, Rev Fr George Myladoor gave a Christmas Message. The seven-day NSS annual camp was conducted at TTI Kaniyaram in which 87 NSS volunteers participated in community service and other camp related activities. Similarly, selected NCC cadets were also off to their training camps during the vacation. After reopening, the Science Departments of the college organized a three day Residential Science Workshop namely Sasthrajalakam for the second batch of High School students with the financial assistance of State Institute of Education Technology (SIET) for the promotion of scientific temper and aptitude in school students.

The Department of Commerce conducted their recurring annual event, the Master-mind Quiz named Quizzardo 2K19 this time, in which teams from Kannur University Teacher Education Centre, WMO College, Muttil and Don Bosco College, Sulthan Bathery secured the I, II and III prizes respectively. The Department of Mathematics conducted a Maths-Fest named MATTRIXS in which various competitions like Treasure Hunt, Sudoku, Problem Solving and Quiz in addition to a Mathematical Exhibition. Elections to the Kannur University Senate were held on 10&11 January, 2019.

**Dr Savio James V**
Principal

## CEADOM *വിദ്യാഭ്യാസ മേഖല*

2019 വർഷത്തിൽ മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ ധാരാളം മികവുറ്റ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാർച്ച് മാസം ആദ്യത്തോടെ ആരംഭിക്കുന്ന എസ്.എസ്.എൽ.സി., പ്ലസ് റ്റു പരീക്ഷകൾക്ക് വിദ്യാർത്ഥികളെ ഒരുക്കുന്ന തിരക്കിലാണ് നമ്മുടെ വിദ്യാലയങ്ങൾ എല്ലാം. രാത്രി വരെ നീളുന്ന ക്ലാസുകളും മറ്റും സംഘടിപ്പിച്ച് അധ്യാപകരും, അനധ്യാപകരും, രക്ഷിതാക്കളും മികവ് കൈവരിക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ്. എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. ഈ അധ്യായന വർഷം പ്രകൃതി ദുരന്തങ്ങൾ മൂലം ധാരാളം പഠന ദിവസങ്ങൾ നഷ്ടപ്പെട്ടു എങ്കിലും അവമൂലം ഉണ്ടായ പഠന സമയ നഷ്ടം പരിഹരിക്കാനുള്ള തീവ്രശ്രമങ്ങൾ പല വിദ്യാലയങ്ങളിലും നടന്നു വരുന്നത് അഭിനന്ദനീയമായ കാര്യമാണ്.

**അനധ്യാപക സമ്മേളനം**

മാനന്തവാടി രൂപത കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ അനധ്യാപകരുടെ സമ്മേളനം ഡിസംബർ 22-ാം തിയതി ശനിയാഴ്ച 10 മണിക്ക് ദ്വാരക എ. യു. പി. സ്ക്കൂളിൽ വെച്ച് നടന്നു. സമ്മേളനം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. ഏത് ജോലിക്കും അതിന്റേതായ മഹത്വം ഉണ്ടെന്നും, നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്വം വളരെ സന്തോഷത്തോടെ നിർവഹിക്കുമ്പോഴാണ് ജീവിത വിജയം ഉണ്ടാകുന്നതെന്നും, ഉദ്ഘാടന പ്രസംഗത്തിൽ ജനറാളച്ചൻ പറഞ്ഞു. കോർപ്പറേറ്റ് മാനേജർ ഫാ. ജോൺ പൊൻപാറയ്ക്കൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റിന് കീഴിലുള്ള അനധ്യാപകരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റിയും, പ്രവർത്തന രീതികളെപ്പറ്റിയും അധ്യക്ഷ പ്രസംഗത്തിൽ മാനേജറച്ചൻ സൂചിപ്പിച്ചു. വയനാട് ഡയറ്റ് സീനിയർ അധ്യാപക ശ്രീമതി. മോളി അനധ്യാപകരുടെ കർത്തവ്യങ്ങളും, ചുമതലകളും, സ്ക്കൂൾ പ്രവർത്തനത്തിൽ വഹിക്കുന്ന പങ്കിനെപ്പറ്റിയും ക്ലാസ് എടുത്തു. നോൺ ടീച്ചിംഗ് സ്റ്റാഫിനെ ഉൾകൊള്ളിച്ചുകൊണ്ട് കോർപ്പറേറ്റ് വക ഒഫീഷ്യൽ വാട്സ് ആപ് ഗ്രൂപ്പ്

രൂപികരിച്ചു. കോർപ്പറേറ്റ് വക അറിയിപ്പുകൾ ഇനി മുതൽ എല്ലാ അന ധ്യാപകർക്കും വാട്സാപ്പിലൂടെ ലഭ്യമാകുവാൻ ഇത് സഹായിക്കും. പിന്നീട് നടന്ന ചർച്ചയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പരാതികൾക്കും, നിർദ്ദേശങ്ങൾക്കും മാനേജർ അച്ചൻ മറുപടി നൽകി. ഉച്ചക്ക് 1 മണിക്ക് ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

**ടീച്ചേഴ്സ് ഗിൽഡ്**

കേരളത്തിലെ രൂപതകളിലെ കോർപ്പറേറ്റ് തലത്തിലുള്ള അധ്യാ പകരുടെ സംഘടന ആണ് ടീച്ചേഴ്സ് ഗിൽഡ്. തൃശൂർ കേന്ദ്രീകരിച്ച് ആരംഭിച്ച ഈ സംഘടന കെ. സി. ബി. സി. യുടെ പിന്തുണയോടെ നിരവധി സമര പരിപാടികൾ അധ്യാപകർക്കായി നടത്തിയിട്ടുണ്ട്. നമ്മുടെ രൂപതയിലും ടീച്ചേഴ്സ് ഗിൽഡിന്റെ പ്രവർത്തനം അഭിനന്ദ നീയമാണ്. ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ അധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് 2019 ജനുവരി 21 ന് സെക്രട്ടറി യേറ്റിന് മുൻപിൽ മാർച്ചും ധർണയും നടത്തി. നമ്മുടെ കോർപ്പറേറ്റിൽ നിന്നും നിരവധി അധ്യാപകർ അതിൽ പങ്കെടുത്തു. ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം ഫെബ്രുവരി 8, 9 തിയതികളിൽ തലശ്ശേരിയിൽ വെച്ച് നടക്കും.

**ട്രാൻസ്ഫർ, പ്രമോഷൻ**

അടുത്ത അധ്യയന വർഷത്തിൽ ഒഴിവ് വരുന്ന പ്രധാനാധ്യപക തസ്തികയിലേക്കുള്ള പ്രമോഷൻ അപേക്ഷകളും അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷകളും, കോർപ്പറേറ്റ് ഓഫീസിൽ നിന്നും വിതരണം ആരംഭിച്ചിട്ടുണ്ട്. 2019 ഫെബ്രുവരി 15 നകം ഹാർഡ് കോപ്പി കോർപ്പ റേറ്റിൽ എത്തിക്കുകയും, അപേക്ഷ കോർപ്പറേറ്റ് സൈറ്റിൽ ഓൺലൈ നായി ചെയ്യേണ്ടതുമാണ്. താമസിച്ചു വരുന്നതും, പൂർണ്ണമായും പൂരിപ്പി ക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**മോറൽ സയൻസ്**

കെ. സി. ബി. സി. വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ സ്ക്കൂൾതല മോറൽ സയൻസ് പരീക്ഷ ജനുവരി 11 ന് മാനന്തവാടി കോർപ്പറേറ്റിലെ എല്ലാ വിദ്യാലയങ്ങളിലും വെച്ച് നടന്നു. 4, 7, 10, 12 ക്ലാസുകളിൽ ആദ്യത്തെ മൂന്ന് സ്ഥാനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ സ്കോളർഷിപ്പ് പരീക്ഷ ഫെബ്രുവരി 9 ന് ശനി യാഴ്ച രാവിലെ 10 മുതൽ 12 വരെ നമ്മുടെ കോർപ്പറേറ്റിന് കീഴിലുള്ള താഴെ പറയുന്ന ആറ് വിദ്യാലയങ്ങളിൽ വെച്ച് നടക്കുന്നു.

1. മണിമൂളി സി.കെ.എച്ച്.എസ്.
2. കൊട്ടിയൂർ ഐ.ജെ.എം.എച്ച്.എസ്.

3. സുൽത്താൻ ബത്തേരി അസംപ്ഷൻ യു.പി.എസ്.
4. മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി.എസ്.
5. മാനന്തവാടി സെന്റ് ജോസഫ് ടി.ടി.ഐ.
6. ദ്വാരക എ.യു.പി.എസ്.

സന്മാർഗ്ഗ പാഠം പരീക്ഷക്ക് ഒരുക്കിയ അധ്യാപകർക്കും പ്രധാനാധ്യാപകർക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ മികവുകൾ**

**അരിഞ്ചേർമല:** സെന്റ് തോമസ് എൽ.പി. സ്കൂളിൽ പ്രധാനാധ്യാപിക ശ്രീമതി ലിസി തോമസിന്റെ നേതൃത്വത്തിൽ ധാരാളം മികവുറ്റ പ്രവർത്തനങ്ങൾ ഈ വർഷം നടന്നു. സ്കൂളിനെ ഹൈടെക്ക് ആക്കി മാറ്റുന്നതിന് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റിയതിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നസീമ നിർവഹിച്ചു. മാനേജർ ഫാ. വിൻസെന്റ് താമരശ്ശേരി അധ്യക്ഷത വഹിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെയും, നാട്ടുകാരുടെയും, അധ്യാപകരുടെയും സഹകരണത്തോടെയാണ് പദ്ധതി പൂർത്തീകരിച്ചത്. നല്ലപാഠത്തിന്റെ ആഭിമുഖ്യത്തിൽ സ്നേഹസാന്ത്വനം പദ്ധതിയുടെ ഭാഗമായി സ്കൂളിലെ വിദ്യാർത്ഥികൾ സമാഹരിച്ച സഹായധനം ദുരിതമനുഭവിക്കുന്ന സഹപാഠിക്ക് സ്കൂൾ മാനേജർ ഫാ. വിൻസെന്റ് താമരശ്ശേരി കൈമാറി. സ്കൂൾ അങ്കണത്തിൽ ഒരുക്കിയ ജൈവ പച്ചക്കറി തോട്ടം നൂറ് മേനി വിളവാണ് നൽകിയത്. ജൈവ പച്ചക്കറി വിളവെടുപ്പ് പനമരം പഞ്ചായത്ത് പ്രസിഡന്റ് ഷൈനി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ ലിസി ജൈവ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് എടുത്തു. പ്രധാനാധ്യാപിക ലിസി തോമസ് നേതൃത്വം നൽകി.

**പോരൂർ:** സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂളിൽ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മുടക്കി നിർമിച്ച ടോയ്ലെറ്റ് ബ്ലോക്കിന്റെ ഉദ്ഘാടനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈമ മുരളീധരൻ നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ഷജിത്ത്, പ്രധാനാധ്യാപകൻ ശ്രീ.പൈലി എൻ.യു. എന്നിവർ പ്രസംഗിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**February 2019**

| | | |
|---|---|---|
| 5 | - | Department of Catechism-2, Zion |
| 8 | - | DYM |
| 9 | - | DYM, Mathruvedi |
| | | Department of Catechism, |
| 10 | - | Department of Catechism |
| 10-13 | - | Marriage Preparation course |
| 15 -18 | - | Zion Retreat |
| 16-17 | - | Department of Catechism |
| 23 | - | Kudumba Koottayma |
| 23-24 | - | Department of Catechism |
| 25-28 | - | Junior Priest Meet |

**Fr. Paul Vazhappilly**
Director, Pastoral Centre

# *Bishop's Programme*



***February 2019***

| | |
|---|---|
| *01 Fri 02 Sat............* | *Out of Station* |
| *03 Sun ..................* | *Kayyunni: Pastoral Visit* |
| *04 Mon .................* | *Minor Seminary: Pensioner's Guild Meeting* |
| *05 Tue ..................* | *Engaged* |
| *06 Wed ..................* | *Visitor's Day* |
| *Evening........* | *Vianney Bhavan: Meeting* |
| *07 Thu ...................* | *Cheeral: Claritian House Blessing* |
| *08 Fri ....................* | *Out of Station* |
| *09 Sat ..................* | *Engaged* |
| *10 Sun ..................* | *Elapeedika: Jubilee Celebration of the Parish* |
| *11 Mon 13 Wed .......* | *Chennai* |
| *14 Thu .................* | *Bathery: MSMI Jubilee* |
| *15 Fri ..................* | *Out of Station* |
| *16 Sat ..................* | *Engaged* |
| *17 Sun ..................* | *Pulpally: CML Anniversary & Rally* |
| *19 Tue 20 Wed ........* | *Pastoral Centre: Priest's Gathering* |
| *21 Thu 22 Fri ........* | *Pastoral Centre: Priest's Gathering* |
| *24 Sun .................* | *Irulam: Pastoral Visit* |
| *25 Mon 28 Thu ........* | *Junior Priest's Meet* |
| *28 Thu Afternoon.....* | *Kuzhinilam* |

## *March 2019*

*01 Fri ..................... Out of station*

*05 Tue ..................... Finance Council and Consulter's Meet*

*06 Wed ................... Presbyteral Council*

*08 Fri ...................... Out of station*

*09 Sat ..................... Pastoral Council*

*10 Sun ..................... Neikuppa: Pastoral Visit*

*11 Mon .................... Out of Station*

*13 Wed .................... Visitor's Day*

*14 Thu ..................... Priests' Conference*

*Afternoon..... Pastoral Centre: Priest's Gathering*

*15 Fri .................... Pastoral Centre: Priest's Gathering*

*16 Sat .................... Pastoral Centre: Meeting of Office Bearers of Associations*

*17 Sun .................... Paralikunnu: Pastoral Visit*

*18 Mon 19 Tue ....... Pastoral Centre: Priest's Gathering*

*20 Wed 22 Fri ......... Out of Station*

*24 Sun ..................... Cherukattoor: Pastoral Visit*

*25 Mon .................... Visitor's Day*

*27 Wed ................... Engaged*

*28 Thu .................... Pastoral Centre: Youth Ministry Governing Body Meeting*

*29 Fri ..................... Out of Station*

*31 Sun ..................... Valavayal: Pastoral Visit*